www.malankaralibrary.com


# REEHO D'EVANGELION

സുവിശേഷത്തിന്റെ പരിമളം

ܪܝܚܐ ܕܐܘܢܓܠܝܘܢ

മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘ പ്രസിദ്ധീകരണം വാല്യം : 2 ലക്കം : 2 ഏപ്രിൽ 2016 പേജ് 16 ത്രൈമാസിക


## സുവിശേഷസംഘവും മിഷൻ ദൗത്യവും


**ഡോ. വിൻസന്റ് മാർ പൗലോസ്**

**മാർത്താണ്ഡം രൂപതാദ്ധ്യക്ഷൻ, വൈസ് ചെയർമാൻ, സുവിശേഷസംഘം**




നിങ്ങൾ ലോകമെങ്ങും പോയി സകലസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (മർക്കോ. 16:15) എന്ന ഉത്ഥിതനായ യേശുനാഥന്റെ കല്പന പാലിക്കുവാൻ ഉത്ഥിതന്റെ നെഞ്ചിൽ തൊട്ട് പ്രതിജ്ഞ എടുത്ത് സുവിശേഷവുമായി കടൽകടന്ന് വന്ന വി. തോമശ്ലീഹായുടെ അപ്പസ്തോലിക വിശ്വാസപാരമ്പര്യം പേറുന്ന മലങ്കര കത്തോലിക്കസഭയുടെ ചരിത്രത്തിലെ നാഴികകല്ലായിരുന്നു അതിന്റെ പ്രഥമ അസംബ്ലിയും അതിന്റെ പ്രധാന കാല്വയ്പ്പുകളിൽ ഒന്നായ മലങ്കരസഭയ്ക്ക് ഒരു 'സുവിശേഷ സംഘം' എന്ന തീരുമാനവും. അസംബ്ലി കഴിഞ്ഞ് 5 വർഷങ്ങൾ പിന്നിടുമ്പോൾ ആ തീരുമാനം പരിശുദ്ധാത്മാവ് കരുണയോടെ നമുക്ക് നൽകിയ ദാനമായിരുന്നു എന്ന ബോധ്യത്തിൽ സഭയോട് ചേർന്ന് സന്തോഷിക്കുന്നു, നല്ലവനായ ദൈവത്തിന് നന്ദിപറയുന്നു. 'സുവിശേഷകയായ മലങ്കര സുറിയാനി കത്തോലിക്കാസഭ' എന്ന ലക്ഷ്യപ്രാപ്തി മുന്നിൽ കണ്ടുകൊണ്ട് സഭ ക്രിയാത്മകമായി അതിനെ പ്രവൃത്തിപഥത്തിലെത്തിക്കാനുള്ള പരിശ്രമത്തിന്റെ ഭാഗമായി സുവിശേഷസംഘത്തിന്റെ രൂപീകരണവും പ്രേഷിതയാത്രയും മുന്നേറുമ്പോൾ അതിനെ അപ്പസ്തോല പ്രവർത്തനങ്ങളിൽ കാണുന്ന ആദിമസഭാ കൂട്ടായ്മയോട് താരതമ്യപ്പെടുത്താനാണ് ഞാൻ ആഗ്രഹിക്കുന്നത്. "അപ്പസ്തോലന്മാർ കർത്താവായ യേശുവിന്റെ പുനരുത്ഥാനത്തിന് വലിയ ശക്തിയോടെ സാക്ഷ്യം നല്കി. അവരെല്ലാവരുടേയും മേൽ കൃപാവരം സമൃദ്ധമായി ഉണ്ടായിരുന്നു (അപ്പ. പ്ര. 4:33). സുവിശേഷസംഘത്തിന്റെ സാന്നിദ്ധ്യം സഭയിൽ സംജാതമാകുന്നു എന്ന് നാം തിരിച്ചറിയുന്നു. അതായത് മലങ്കര സഭയുടെ പുതിയ തലമുറ ഈ അപ്പസ്തോലികസഭയുടെ ആഴമായ ആത്മീകതയുടെ ചരിത്രത്തെ പുനർവായന നടത്തി അവയുടെ നിറഞ്ഞു തുളുമ്പുന്ന വ്യക്തി ജീവിതത്തോട്, കുടുംബജീവിതത്തോട്, സന്യാസവൈദിക ജീവിതാന്തസ്സിനോട്, സഭയിലെ കൂട്ടായ്മാജീവിതത്തോട് ചേർത്തുപിടിക്കുവാൻ, പരിശ്രമിക്കുന്നു എന്നത് ഒരു പക്ഷേ സുവിശേഷസംഘം വഴി രൂപപ്പെട്ട ഒന്നാമത്തെ നേട്ടമായി കരുതാം.

രണ്ടാമതായി, 'ദൈവസേവനത്തേക്കാൾ ദൈവസമ്പാദനം' ശ്രേഷ്ഠം എന്ന ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ആപ്തവാക്യം സഭാമക്കളുടെ ഹൃദയത്തിൽ പൂർവ്വാധികം ജ്വലിക്കുന്നു, ഇതുവഴി സഭാത്മക ജീവിതത്തിന് കുറേകൂടി ദർശനശുദ്ധി കൈവരുന്നു എന്നത് ഏറെ സന്തോഷം തരുന്ന വസ്തുതയാണ്.

*(തുടർച്ച 2-ാം പേജിൽ)*



2016 ജനുവരി 29, 30 തീയതികളിൽ പട്ടം കാതോലിക്കേറ്റിൽ നടന്ന സുവിശേഷസംഘ സംഗമത്തിൽ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ സംസാരിക്കുന്നു

## നവസുവിശേഷവൽക്കരണം മലങ്കര കത്തോലിക്കാസഭയിൽ


**ഫാ. ഡോ. മാത്യു ചാർത്താക്കുഴിയിൽ**




ക്രിസ്തുവിന്റെ സുവിശേഷ വെളിച്ചം ലോകത്തിന്റെ എല്ലാ കോണുകളിലും എത്തിക്കുകയെന്ന ദൈവിക ദൗത്യത്തിൽ സഭ ഏർപ്പെട്ടിരിക്കുന്നു. അങ്ങനെ ലോകത്തിനുതന്നെ സഭ ''രക്ഷയുടെ കൂദാശ" യായിത്തീരുന്നു. ദൈവദത്തമായ ഈ ദൗത്യനിർവ്വഹണത്തിൽ, 'സ്വഭാവത്താൽ തന്നെ പ്രേഷിതയായ സഭ' കർത്താവിന്റെ രണ്ടാമത്തെ വരവുവരെ കരുതലോടെ നടത്തുന്ന കർമ്മമാണ് സുവിശേഷവൽക്കരണം. വാഴ്ത്തപ്പെട്ട പോൾ 6-ാമൻ മാർപാപ്പാ പറയുന്നു "എല്ലാവരെയും സുവിശേഷം അറിയിക്കുകയെന്നത് സഭയുടെ ആത്യന്തികദൗത്യമാണ്''. ലോകത്തിന്റെ സുവിശേഷവൽക്കരണം സഭയ്ക്ക് ലഭിച്ചിരിക്കുന്ന കൃപയും, വിളിയും, വ്യക്തിത്വവുമാണ്.

കഴിഞ്ഞ ദശകങ്ങളിൽ കത്തോലിക്കാസഭയിൽ ഏറ്റവും കൂടുതൽ വിശകലനവിധേയമായ വിഷയമാണ് "സുവിശേഷവൽക്കരണവും", "നവസുവിശേഷവൽക്കരണവും". വി. ജോൺപോൾ 2-ാമൻ മാർപാപ്പ പരിശുദ്ധാത്മ പ്രചോദനത്താൽ സഭയെ മുഴുവനായി നവീകരിക്കുന്നതിനും പുതുജീവൻ നൽകുന്നതിനും വിവിധ കർമ്മ പരിപാടികൾ ആവിഷ്കരിച്ചു. കാലത്തിന്റെ വെല്ലുവിളികളോട് ക്രിയാത്മകമായി പ്രതികരിക്കാനും സഭാമക്കളെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനും "നവസുവിശേഷവൽക്കരണ" പ്രവർത്തനങ്ങളിലൂടെ സഭയ്ക്ക് സാധിച്ചിട്ടുണ്ട്.

ആഗോളസഭയുടെ നവസുവിശേഷവൽക്കരണത്തിനുള്ള ആഹ്വാനത്തോട് വളരെ ക്രിയാത്മകമായി മലങ്കര സുറിയാനി കത്തോലിക്കാസഭ പ്രതികരിച്ചു. കത്തോലിക്കാസഭാ കൂട്ടായ്മയിലുള്ള വ്യക്തിഗത സഭകൾക്കിടയിൽ, ആധുനിക ലോകത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വിശ്വാസവെല്ലുവിളികൾക്കു നടുവിലും "ദ്രുതഗതിയിൽ വളർന്നുകൊണ്ടിരിക്കുന്ന സഭ" (വി. ജോൺ പോൾ 2-ാമൻ) എന്ന നിലയിൽ ഭാരതത്തിന്റെ മാത്രമല്ല ആഗോളസുവിശേഷവത്ക്കരണത്തിന്റെ തന്നെ വലിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാൻ കരുത്താർജ്ജിക്കേണ്ട സഭയായി ഈ സഭ മാറേണ്ടിയിരിക്കുന്നു. "എത്ര മുറിവുകളേറ്റാലും അവയൊന്നും കൂട്ടാക്കാതെ ദൈവത്തിനു വേണ്ടി യുദ്ധം ചെയ്യാൻ ഞങ്ങളെ പഠിപ്പിക്കേണമേ" എന്ന് ഹൃദയമുരുകി പ്രാർത്ഥിച്ച ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സുവിശേഷ പ്രവർത്തന ചൈതന്യത്തിന്റെ ആത്മാവ് സന്നിവേശിപ്പിച്ചിരിക്കുന്ന സഭയിലെ സന്താനങ്ങളെന്ന നിലയിൽ സവിശേഷമായ നവസുവിശേഷവൽക്കരണ വിളിയാണ് മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് ലഭിച്ചിരിക്കുന്നത്. സുവിശേഷപ്രവർത്തനത്തിന്റെ വിവിധ മാനങ്ങളെ വിശകലനം ചെയ്യുകയും, ഈ മേഖലയിലുള്ള സഭാ പ്രബോധനങ്ങളെ വായനക്കാർക്കു പരിചയപ്പെടുത്തുകയുമാണ് ഈ ചെറുലേഖനത്തിന്റെ ഉദ്ദേശം. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ "നവസുവിശേഷവൽക്കരണ" പ്രവർത്തനങ്ങളെ

*(തുടർച്ച 2-ാം പേജിൽ)*

### ഉൾപേജുകളിൽ


| | |
|---|---|
| സുവിശേഷസംഘവും മിഷൻ ദൗത്യവും | 1 |
| നവസുവിശേഷവൽക്കരണം മലങ്കര കത്തോലിക്കാസഭയിൽ | 1 |
| സുവിശേഷമാകുകയാണ് നമ്മുടെ നിയോഗം | 3 |
| സുവിശേഷസംഘാംഗവും വീണ്ടും ജനനവും | 5 |
| മുഖമൊഴി, ധ്യാനചിന്ത | 7 |
| അനുഭവ സാക്ഷ്യം | 10,11,12,13,14 |
| മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ | 8,9,14 |
| ഒരുമയ്ക്ക് ഒരു തപസ്യ | 15 |
| ഫ്രാൻസിസ് മാർപാപ്പ സംസാരിക്കുന്നു | 15 |
| സുവിശേഷസംഘ സംഗമം | 16 |

www.malankaralibrary.com



(സുവിശേഷ... *1-ാം പേജിൽ നിന്നും തുടർച്ച*)

മൂന്നാമതായി, വ്യക്തമായ കർമ്മപദ്ധതികളോടെ, പ്രവർത്തനശൈലികളോടെ മുന്നേറുമ്പോൾ സുവിശേഷസംഘത്തിന്റെ ഇന്നത്തെ പല പ്രവർത്തനശൈലികൾക്കും രൂപംകൊടുക്കുവാൻ ആദ്യകാലങ്ങളിൽ തെക്കൻ നാട്ടിലും മാർത്താണ്ഡം പ്രദേശങ്ങളിലും സുവിശേഷവേലയ്ക്കായി ആദ്യകാല മിഷനറിമാർ അവലംബിച്ച ഭവനസന്ദർശന മിഷൻമാതൃക, സുവിശേഷ സംഘത്തിന് മാതൃകയായി എന്നതിന് സംശയമില്ല. മാത്രമല്ല, സുവിശേഷവൽകരണത്തിന് ഒരു കാലത്തും ഒഴിച്ച് കൂട്ടാനാവാത്ത ഒരു രീതിയാണ് ഭവനസന്ദർശനം എന്ന് ഒരിക്കൽ കൂടി ബോധ്യപ്പെട്ടു. സുവിശേഷസംഘം ആയിരകണക്കിന് ഭവനങ്ങൾ സന്ദർശിച്ചു എന്നത് ഏറ്റവും ശ്ലാഘനീയമായ കാര്യമാണ്. ഇത് തുടരുകതന്നെ വേണം. സുവിശേഷവത്കരണം ഗാർഹിക സഭയിൽ നിന്നുവേണം ആരംഭിക്കുവാൻ.

നാലാമതായി, മലങ്കരസഭയെ സംബന്ധിച്ചിടത്തോളം ഏതാനും മിഷൻ രൂപതകളിൽ മാത്രം ഒതുങ്ങി നിന്ന ഒരു പ്രേഷിത അവബോധം പാരമ്പര്യ രൂപതാകൂട്ടായ്മകളിലേയ്ക്കും, സഭാമക്കളുടെ ഇടയിൽ പൊതുവേയും വളരുവാൻ ഇടയായി. "സുവിശേഷം പ്രസംഗിക്കുന്നില്ല എങ്കിൽ എനിക്ക് ഹാ! കഷ്ടം എന്ന ചിന്ത സഭാതനയരുടെ ഹൃദയങ്ങളിൽ, ശക്തമായി പ്രതിധ്വനിക്കുന്നു. സ്വന്തം ഇടവക, സ്വന്തം രൂപത ഇവയുടെ പുറത്തേക്കുള്ള ഒരു പ്രേഷിതദർശനം രൂപപ്പെട്ടുവരുന്നത് ആശാവഹമാണ്. ഇത് സഭയുടെ ഭാവിവളർച്ചയെ ത്വരിതപ്പെടുത്തും എന്നതിൽ സംശയമില്ല.

അഞ്ചാമതായി യേശുവിനെ ഇതുവരെയും അറിയാത്ത അനേക ജനസമൂഹങ്ങളിലേക്ക് സുവിശേഷത്തിന്റെ പരിമളം എത്തിക്കുവാൻ പുതിയ തുറവികൾ ദൈവം പ്രദാനം ചെയ്യുമ്പോൾ അവ ഏറ്റെടുക്കുവാനുള്ള ഒരു പുതിയ ഊർജ്ജസ്വലത, ആവേശം സഭയിൽ രൂപപ്പെട്ടുവരുന്നു. ജനതകൾക്കു സുവിശേഷം (Ad Gentes) എന്ന 2-ാം വത്തിക്കാൻ കൗൺസിലിന്റെ ആഹ്വാനത്തോട് ക്രിയാത്മകമായി പ്രതികരിക്കുവാൻ 21-ാം നൂറ്റാണ്ടിൽ മലങ്കര കത്തോലിക്കാസഭയ്ക്ക് സാധിക്കുന്നു എന്നത് എത്ര പ്രതീക്ഷാനിർഭരമാണ്.

**സുവിശേഷ പരിമളം എല്ലായിടത്തേക്കും ഒഴുകണം**

മേൽപ്രസ്താവിച്ചവയൊക്കെ നമുക്ക് ഇന്ന് എണ്ണിപ്പറയാവുന്ന നേട്ടങ്ങളുടെയും, വളർച്ചയുടെയും അടയാളങ്ങളാണ് എങ്കിലും നാം ഒരു സ്വതന്ത്ര ഭരണസംവിധാനമുള്ള ഒരു വ്യക്തിഗതസഭ എന്ന നിലയിൽ വി. പൗലോസ് ശ്ലീഹായുടെ വാക്കിൽ പറഞ്ഞാൽ നാം ക്രിസ്തുവിലേക്ക് ഇനിയും ഏറെ വളരേണ്ടിയിരിക്കുന്നു. ഒരു സഭയെന്ന നിലയിൽ അനേകം ദൂരം ഇനിയും നാം പിന്നിടേണ്ടിയിരിക്കുന്നു. സുവിശേഷത്തിന്റെ ദൂത്, പരിമളം സഭകൾക്കുള്ളിലും സഭയ്ക്ക്പുറത്തും വ്യാപരിക്കേണ്ട ചില മേഖലകൾ നാം ഏറ്റെടുക്കേണ്ട വെല്ലുവിളികൾ ഇവ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. അതിൽ ഒന്നാമതായി, സുവിശേഷത്തോടുള്ള ഈ ജ്വലനം നമ്മുടെ സഭയിലെ യുവജനങ്ങൾക്കും, കുട്ടികൾക്കും കൂടി ലഭിച്ചാൽ മാത്രമേ സഭാകൂട്ടായ്മയിലെ നിലവിലുള്ള കുടുംബങ്ങളിലെ സുവിശേഷവത്കരണം അതിന്റെ നിറവിലെത്തുകയുള്ളൂ. ഇപ്രകാരം മാത്രമേ പുതിയ ഈ കാലഘട്ടത്തിലെ വെല്ലുവിളികളിൽ നിന്ന് കുടുംബങ്ങളെയും പ്രത്യേകിച്ചു യുവതലമുറയെയും രക്ഷിക്കാനാവൂ. സുവിശേഷ ആത്മീയത ജീവിക്കുന്ന കുടുംബങ്ങളിൽ നിന്ന്, ഇളം തലമുറയിൽ നിന്ന് ആവേശഭരിതരായ ദൈവവിളികൾ ഉണ്ടാവണം.

രണ്ടാമതായി 'സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം' അത് മറ്റ് ഏതു ജോലിയെക്കാളും ശ്രേഷ്ഠം എന്ന് ചിന്തിച്ച വി. പൗലോസ് അപ്പസ്തോലനെ പോലെ നമുക്ക് ലഭ്യമാകുന്ന പുതിയ പുതിയ മേഖലകളിൽ ഏതു പ്രതിസന്ധികൾക്കിടയിലും സുവിശേഷം ജീവിക്കുന്ന, പ്രസംഗിക്കുന്ന ആളുകൾ കൂടുതൽ ഉണ്ടാവണം. അതായത്, ഏറെ നാളത്തെ പരിശീലനംകൊണ്ട് ആത്മീയതയുടെ ആഴം വർധിക്കുന്നതനുസരിച്ചുള്ള സമർപ്പണം ചെയ്യാൻ തയ്യാറാകുന്നവരുടെ തോതനുസരിച്ചായിരിക്കും സുവിശേസംഘത്തിന്റെ വിജയം എന്നു പറയാം. ഇവ നാം തിട്ടപ്പെടുത്തി പദ്ധതികൾ ക്രമപ്പെടുത്തി നടപ്പിലാക്കുന്ന ഒരു സ്ഥിര ക്രമീകരണം സഭയെന്ന നിലയിൽ നാം രൂപപ്പെടുത്തണം. പുതുതായി മിഷൻ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിഗണിച്ച് അതിനാവശ്യമായ മാനുഷികവും ഭൗതികവുമായ വിഭവങ്ങൾ സമാഹരിച്ച് പ്രയോജനപ്പെടുത്തുവാൻ നാം പുതിയ ശ്രദ്ധ നൽകേണ്ടിയിരിക്കുന്നു.

നമ്മുടെ കൂടുതൽ വൈദികരും, സന്യസ്തരും സമർപ്പിതരായ അൽമായ പ്രേഷിതരും ഈ പ്രേഷിത മേഖലയിൽ നേതൃത്വവും, മാതൃകയും നല്കുന്ന ഉപകരണങ്ങളായി പ്രവർത്തിക്കുന്നതുവഴി പ്രേഷിത പ്രവർത്തനത്തിന്റെയും പുനരൈക്യത്തിന്റെയും പുതിയ സാധ്യതകളുടെ വാതിലുകൾ തുറക്കപ്പെടും.

അവസാനമായി, ആദിമസഭയിലും, മലങ്കരസഭയുടെ ആരംഭകാലഘട്ടത്തിലും ഉണ്ടായിരുന്ന ആത്മീയശൈലിയും, പ്രേഷിതശൈലിയും ഒരിക്കലും ഒരു കാരണവശാലും കൈമോശം വരാതിരിക്കുവാൻ നാം ഏറെ ശ്രദ്ധിക്കണം. സുവിശേഷ സംഘവും അതിന്റെ പ്രേഷിത പ്രവർത്തനവും ക്രമേണ ഒരു സ്ഥാപനവത്കരണത്തിന്റെ രൂപത്തിലേക്ക് മാറാനുള്ള പ്രവണതയും സാധ്യതയും അപകടവും തിരിച്ചറിഞ്ഞ് അതിന്റെ യഥാർത്ഥ ലക്ഷ്യം ഒരു സഭാ കൂട്ടായ്മയായി എന്നും നാം ശ്രദ്ധിക്കേണ്ടതുണ്ട്. എന്റെ വാക്കുകളെ ചുരുക്കട്ടെ. സുവിശേഷസംഘം മലമേൽ ഉയർത്തിയ ദീപമായി മലങ്കരസഭയെ മുഴുവൻ പ്രകാശിപ്പിക്കുന്ന വിശുദ്ധ പ്രഭയായും, ജീർണ്ണതയിൽ നിന്നും സംരക്ഷിക്കുന്ന ഉപ്പായും സകലതിനെയും വിശുദ്ധീകരിക്കുന്ന അഗ്നിനാളമായും വർത്തിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. മറ്റൊരുവാക്കിൽ വിവരിച്ചാൽ, യേശുവിന്റെ മൗതിക ശരീരമാകുന്ന തിരുസഭയുടെ നാഡീവ്യൂഹത്തിലൂടെ ഒഴുകുന്ന ജീവാത്മാവായിരിക്കണം സുവിശേഷസംഘം. അപ്രകാരം യേശുവിന്റെ മണവാട്ടിയായ തിരുസഭയെ നിത്യവും ഓജസ്സോടെ, തേജസ്സോടെ കാത്തുസൂക്ഷിക്കുവാനുള്ള പ്രത്യേക നിയോഗം ഏറ്റുവാങ്ങി പൂർത്തീകരിച്ച് മലങ്കരസഭയ്ക്കും ആഗോള സഭയ്ക്കും അനുഗ്രഹവും, മാതൃകയുമായി സുവിശേഷസംഘം നിലനിൽക്കട്ടെ എന്നു ഹൃദയപൂർവം പ്രാർത്ഥിക്കുന്നു.

*റീഹോ ദ് ഏവൻഗേലിയോൻ എന്ന ഈ പ്രസിദ്ധീകരണത്തിന് വാർഷികവരിസംഖ്യയോ നിർബന്ധപിരിവോ ഇല്ല. സുമനസ്സുകളുടെ പ്രാർത്ഥനയും സഹായസഹകരണവും പ്രതീക്ഷിക്കുന്നു.*

**Contact : Fr. Antony Kakkanatt**
**9447562877**

*സഹായം അയയ്ക്കേണ്ട വിലാസം*
**Malankara Suriani Katholika**
**Suvisesha Sangam**
**Catholic Syrian Bank (CSB),**
**Pattom Branch, Trivandrum**
**A/C No. 0298-03529792-190001**
**IFSC: CSBK0000298**

(നവസുവിശേഷ... *1-ാം പേജിൽ നിന്നും തുടർച്ച*)

ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യവും ഇതോടൊപ്പം ചേർത്തുവയ്ക്കുന്നു.

**മിഷനും മിഷൻപ്രവർത്തനവും: കാഴ്ചപ്പാടുമാറുന്നു**

രണ്ടാം വത്തിക്കാൻ സുന്നഹദോസ് സഭാജീവിതത്തിന്റെ എല്ലാ മേഖലകളിലും വലിയ മാറ്റത്തിനു കാരണമായിത്തീർന്നു. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെയെല്ലാം സൂചിപ്പിക്കുന്നതിനു ഉപയോഗിച്ചിരുന്ന പദം ''മിഷൻ'' എന്നായിരുന്നു. എന്നാൽ "മിഷൻ" എന്ന വാക്കിന് വളരെ വിശാലമായ അർത്ഥം കൈവന്നതോടെ "സുവിശേഷവൽക്കരണം" (evangelization) എന്ന വാക്ക് വ്യാപകമായി ദൈവശാസ്ത്രജ്ഞന്മാർ ഉപയോഗിക്കാൻ തുടങ്ങി. പ്രസ്ഥാനങ്ങളും, വ്യക്തികളുമെല്ലാം വിവിധങ്ങളായ "മിഷൻ" നടത്തുന്നതുകൊണ്ട് സഭയുടെ "മിഷനെ" "സുവിശേഷവൽക്കരണ"മായി കാണുന്നതാണ് ഉചിതം.

**എന്താണ് സുവിശേഷവൽക്കരണം?**

"സുവിശേഷവൽക്കരണം" (evangelization) എന്ന വാക്കിന്റെ മൂലപദം ഗ്രീക്കിലെ ''ഏവൻഗേലീസോ'' (evangelizo) എന്ന വാക്കാണ് "സദ്വാർത്തയുടെ പ്രഖ്യാപനം", ''രക്ഷയുടെ നല്ല സന്ദേശമറിയിക്കുക'' എന്നൊക്കെയാണ് അതിന്റെ വ്യാഖ്യാനം. ബനഡിക്ട് 16-ാമൻ മാർപാപ്പ തന്റെ "നസറത്തിലെ യേശു" (Jesus of Nazareth) എന്ന പുസ്തകത്തിൽ "ഏവൻഗേലിയോൻ" എന്ന വാക്കിനു "സദ്വാർത്ത" എന്നതിലുപരി ആഴമായ അർത്ഥമുണ്ടെന്നു വിവരിക്കുന്നു. റോമൻചക്രവർത്തിമാരുടെ പദാവലിയിലുണ്ടായിരുന്ന, അവർക്കു മാത്രം അവകാശപ്പെട്ടിരുന്ന ഒരു വാക്കായിരുന്നു ഇത്. ചക്രവർത്തിമാർ തങ്ങളെത്തന്നെ ജനങ്ങളുടെ മുൻപിൽ അവർക്കു രക്ഷയും ജീവനും നൽകുന്നവരായി അവതരിപ്പിച്ചു. അവരുടെ സന്ദേശങ്ങൾ എല്ലാം തന്നെ, അതിന്റെ ഉള്ളടക്കം എന്തുതന്നെ ആയിരുന്നാലും സാധാരണക്കാർക്ക് "ഏവൻഗേലിയോൻ" ആയിരുന്നു. ചക്രവർത്തിയുടെ നാവിൽനിന്നു വരുന്നതെന്തും ഒരു സാധാരണ വർത്തമാനമല്ല, മറിച്ച് അതു കേൾക്കുന്നവർക്കു രക്ഷയും, സൗഖ്യവും പ്രദാനം ചെയ്യുന്ന ജീവദായക സന്ദേശമായിരുന്നു. അത് കേൾക്കുന്നതു വഴിയായി ലോകം കൂടുതൽ മെച്ചവും പൂർണ്ണവുമാകുന്നു. എന്നാൽ ബനഡിക്ട് പാപ്പാ എഴുതുന്നു ''ചക്രവർത്തിമാർ അനധികൃതമായി അവകാശപ്പെട്ടിരുന്ന കാര്യങ്ങൾ യേശുവിൽ നിയമാനുസൃതം അന്വർത്ഥമായിരിക്കുന്നു. യേശുവിൻ ഈ, 'ഏവൻഗേലിയോൻ' മനുഷ്യരൂപം പ്രാപിച്ച് ലോകത്തിൽ പ്രവേശിച്ച്, എല്ലാവരുടെയും രക്ഷയ്ക്ക് കാരണമായിത്തീർന്നു". അതിനാൽ സുവിശേഷവൽക്കകരണമെന്നത് യേശുവിനെക്കുറിച്ച് പറയുന്നതു മാത്രമല്ല, യേശുവുമായുള്ള വ്യക്തിബന്ധവും ആ ബന്ധം എല്ലാവരിലും സംഭവിക്കുന്നതിനുള്ള പരിശ്രമവുമാണ്.

പ്രശസ്ത അമേരിക്കൻ ദൈവശാസ്ത്രജ്ഞനായ കർദ്ദിനാൾ ഏവ്റി ഡള്ളസ് (Avery Dulles) സുവിശേഷവൽക്കരണത്തെ രണ്ടുതലത്തിൽ വിശദീകരിക്കുന്നു. ഒന്നാമതായി, ലോകം മുഴുവനിലുമുള്ള, വിശ്വാസം സ്വീകരിക്കാത്തവരോട് യേശുവിനെ അറിയിക്കുന്നതാണ് സുവിശേഷവൽക്കരണം. രണ്ടാമതായി അതിന്റെ വിശാല അർത്ഥത്തിൽ, മനുഷ്യ ജീവിതവുമായി ബന്ധപ്പെട്ടതിനെയെല്ലാം ദൈവവചന ബന്ധത്തിലാക്കിത്തീർക്കുന്നതും സുവിശേഷവൽക്കരണമാണ്. പോൾ 6-ാമൻ മാർപാപ്പ തന്റെ "ആധുനിക ലോകത്തിലെ സുവിശേഷവൽക്കരണം" (Evangelii Nuntiandi) എന്ന ശ്ലൈഹിക പ്രബോധനത്തിൽ (Apostolic Exhortation) പറയുന്നു. "സുവിശേഷവൽക്കരണമെന്നത്, ദൈവീകസദ്വാർത്ത മനുഷ്യന്റെ പ്രവർത്തനമേഖലകളിലെല്ലാം എത്തിക്കുകയും അതിന്റെ സ്വാധീനത്തിൽ മാനവകുലത്തെ നവീകരിച്ച്, പവിത്രീകരിക്കുകയെന്നതാണ്". ചുരുക്കത്തിൽ സർവ്വരേയും യേശുബന്ധത്തിലേയ്ക്ക് നയിക്കുകയും, ആ ബന്ധം വഴിയായി രക്ഷ സംജാതമാക്കുകയും ചെയ്യുന്നതിനുള്ള നമ്മുടെ പരിശ്രമങ്ങളെയെല്ലാം ഒന്നിപ്പിക്കുന്ന പ്രവൃത്തിയാണ് സുവിശേഷവൽക്കരണം.

**സുവിശേഷവൽക്കരണത്തിന്റെ ആവശ്യകത**

യേശുവിന്റെ സുവിശേഷത്തിന്റെ സ്വാധീനം എത്തിപ്പെടാത്ത അനേകം മേഖലകൾ നമുക്കു ചുറ്റും ഇന്നും നിലനില്ക്കുന്നു. എല്ലാവരെയും സുവിശേഷം അറിയിക്കുകയെന്നത് നമ്മുടെ കർത്താവിന്റെ കല്പനയാണ് (മർക്കോസ് 16:15-18). വി. ജോൺപോൾ 2-ാമൻ മാർപാപ്പ പറയുന്നു "കർത്താവിന്റെ രക്ഷ എല്ലാവർക്കും വാഗ്ദാനം ചെയ്യപ്പെട്ടതാകയാൽ അത് എല്ലാവർക്കും സംലഭ്യമാക്കുകയെന്നത് നമ്മുടെ കടമയാണ്". മനുഷ്യരക്ഷയെന്ന സുപ്രധാന കാര്യത്തിൽ നമുക്ക് നമ്മുടെ ഇഷ്ടത്തിനനുസരിച്ച് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യമില്ല. സഭ ദൈവതിരുമുമ്പാകെ കണക്കു ബോധിപ്പിക്കേണ്ട കാര്യമെന്ന നിലയിൽ സുവിശേഷവൽക്കരണം പ്രഥമ ദൗത്യമായി എല്ലാവരും ഏറ്റെടുത്ത് നടത്തേണ്ടതാണ്. ഒരിക്കൽ യേശുസ്നേഹം പൂർണ്ണമായി അനുഭവിച്ചറിഞ്ഞ വ്യക്തികൾക്ക് അതു മറ്റുള്ളവരുമായി പങ്കുവയ്ക്കാതിരിക്കുവാൻ സാധിക്കുകയില്ല. വിശ്വാസവെളിച്ചം സൗജന്യമായി ലഭിച്ചവർ ആ വെളിച്ചത്തിന്റെ പ്രഭ ഇതുവരെ കാണാൻ കഴിയാത്തവർക്ക് സന്തോഷത്തോടെ എത്തിച്ചു കൊടുക്കേണ്ടിയിരിക്കുന്നു.

**സുവിശേഷവൽക്കരണ മാർഗ്ഗങ്ങൾ**

ഒരിക്കലും മാറ്റമില്ലാത്ത സുവിശേഷത്തെ എന്നും മാറികൊണ്ടിരിക്കുന്ന ലോകത്തിൽ അവതരിപ്പിക്കുന്നതിന് കാലാനുസൃതമായ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടിയിരിക്കുന്നു. കാലവും, സ്ഥലവും, സംസ്കാരവും അറിയാതെ സുവിശേഷപ്രഘോഷണം സാധ്യമല്ല. പോൾ 6-ാമൻ മാർപാപ്പ എഴുതുന്നു. "ആധുനിക മനുഷ്യൻ പ്രസംഗകരേക്കാൾ കൂടുതലായി സാക്ഷികളെയാണ് കേൾക്കുന്നത്. ഇനിയും അവർ പ്രസംഗകരെ കേൾക്കുന്നെങ്കിൽ അവർ സാക്ഷികളായതിനാലാണ്". അതിന്റെ അർത്ഥം ജീവിത വിശുദ്ധികൊണ്ട് സുവിശേഷപ്രഘോഷണം നടത്തുന്നത് മറ്റെന്തുമാർഗ്ഗത്തെക്കാളും ഫലപ്രദമാണെന്നാണ്. വാഴ്ത്തപ്പെട്ട മദർ തെരേസയും, ആർച്ച് ബിഷപ്പ് ഒസ്ക്കാർ റൊമേറോയും, വി. മാക്സിമില്ല്യൻ കോൾബെയും, ദൈവദാസി സി. റാണി മരിയയും, ഐ എസ് തീവ്രവാദികൾ കഴുത്തറുത്തുകൊന്ന കോപ്റ്റിക് ഓർത്തഡോക്സ് രക്തസാക്ഷികളും, യമനിലെ ഏദൻ നഗരത്തിൽ രക്തസാക്ഷികളായി മരിച്ച ഉപവിയുടെ സന്യാസിനികളും നമ്മുടെ കാലത്ത് സാക്ഷ്യജീവിതം കൊണ്ട് സുവിശേഷപ്രഘോഷണം നടത്തിയ അനേകരിൽ ചിലർ മാത്രമാണ്. സാക്ഷ്യജീവിതത്തിന്റെ ആവശ്യകതയെക്കുറിച്ച് പറയുന്ന പ്രശസ്തമായ ഒരു വചനമുണ്ട്: "എല്ലായ്പ്പോഴും സുവിശേഷം പ്രസംഗിക്കുക, ആവശ്യമെങ്കിൽ മാത്രം വാക്കുകൾ ഉപയോഗിക്കുക".

വിശ്വാസം വാക്കിലൂടെയും, പ്രവൃത്തിയിലൂടെയും ഉരുവാകുമെന്നതിനാൽ വചന പ്രഘോഷണവും വളരെ പ്രധാനപ്പെട്ടതാണ്. അപ്പസ്തോലന്മാരുടെ പ്രബോധനമായിരുന്നു ആദ്യകാല സുവിശേഷപ്രവർത്തനത്തിന്റെ അടിസ്ഥാനം. യേശുവുമായുള്ള ആഴമായ വ്യക്തിബന്ധത്തിൽ നിന്ന് ഉരുവായ ദൈവവചന പ്രഘോഷണമാണ് സുവിശേഷ പ്രവർത്തകർ നടത്തേണ്ടത്. പ്രസംഗകന്റെ മാനുഷിക കഴിവിന്റെ പ്രകടനത്തേ

*(തുടർച്ച 4-ാം പേജിൽ)*

www.malankaralibrary.com





# സുവിശേഷമാകുകയാണ് നമ്മുടെ നിയോഗം

**മോൺ. ജോൺ കൊച്ചുതുണ്ടിൽ**
വികാർ ജനറൽ, ഗുഡ്ഗാവ് രൂപത

ദൈവമഹത്വം പ്രഘോഷിക്കപ്പെടുകയെന്നത് സാർവ്വജനീനമായ ഒരു കാഴ്ചപ്പാടും അതിലുപരി അനിവാര്യതയുമാണ്. സൃഷ്ടവസ്തുക്കൾ, ജീവജാലങ്ങൾ എന്ന നിലയിൽ സർവ്വ പ്രപഞ്ചവും സ്രഷ്ടാവിനെ സ്തുതിക്കുവാനും, മഹത്വപ്പെടുത്തുവാനും കടപ്പെട്ടിരിക്കുന്നു. കടപ്പാട് എന്നതിലുപരി അസ്തിത്വപരമായ ഒരു ബാദ്ധ്യതയായി ഇതിനെ ദർശിക്കാം. അതിനാൽ, ഈ ദൗത്യത്തിൽ നിന്നും ആർക്കും, ഒരിക്കലും ഒഴിഞ്ഞുമാറാൻ കഴിയില്ല. അപ്രകാരമുള്ള ഒഴിഞ്ഞുമാറൽ ഒരു പക്ഷേ തിരസ്കാരത്തിലേയ്ക്കും, ഈശ്വര നിഷേധത്തിലേക്കും നയിച്ചേക്കാം. ചുരുക്കത്തിൽ, തന്റെ സ്രഷ്ടാവിനെ അറിയുക, മഹത്വപ്പെടുത്തുക, പരിചയപ്പെടുത്തുകയെന്നത് കേവലം സൃഷ്ടികളുടെ അസ്തിത്വപരമായ അവകാശവും കടമയുമാകുന്നു. വ്യക്തിപരത അതിന്റെ കൂടപ്പിറപ്പാണ്. അതുകൊണ്ടാണ് സങ്കീർത്തകൻ ഇപ്രകാരം ആലപിക്കുക. ''ആകാശങ്ങൾ ദൈവത്തിന്റെ മഹത്വത്തെ അറിയിക്കുന്നു. ആകാശത്തട്ട് അവന്റെ കൈവേലയെ കാണിക്കുന്നു.'' (സങ്കീ. 19:1) സുവിശേഷീകരണത്തിന്റെ പ്രാപഞ്ചിക മാനമായി ഇതിനെ വ്യാഖ്യാനിക്കാവുന്നതാണ്.

**ക്രിസ്തുവിൽ രൂപപ്പെടുക**

ഒരു വ്യക്തി ദിവ്യജ്ഞാനസ്നാനത്തിലൂടെ തിരുസഭയുടെ അംഗമായിത്തീരുക വഴി, മുകളിൽ പ്രസ്താവിക്കപ്പെട്ട പ്രാപഞ്ചികമാനം കൂടുതൽ ഔന്നിത്യമുള്ള ഒരു ഉത്തരവാദിത്വമായി മാറ്റപ്പെടുന്നു. ദൈവത്തിലുള്ള വിശ്വാസവും, അവിടുത്തോടുള്ള അതിരറ്റ സ്നേഹവുമൊക്കെ ഇവിടെ വിഷയങ്ങളാകുന്നു. തിരുസഭയുടെ പ്രേഷിത സ്വഭാവം അതിന് രൂപവും ഭാവവും നൽകുന്നു. സുവിശേഷവത്കരണ ദർശനത്തിന്റെ തേജോഭാവമായി ഇതിനെ ദർശിക്കുന്നതിൽ തെല്ലും അപാകതയില്ല. ഇവിടെ സുവിശേഷം തന്നെയായ സൃഷ്ടാവിനെ അറിയുക, മഹത്വപ്പെടുത്തുക, അറിയിക്കുക എന്നതിനപ്പുറം ''സുവിശേഷമാകുക'' അഥവാ സ്രഷ്ടാവിൽ ലയിക്കുക എന്ന അവസ്ഥാവിശേഷത്തിലേക്ക് സൃഷ്ടി എത്തിച്ചേരുകയാണ്. കേവലം അറിയിപ്പുകാരന്റെ അവസ്ഥയിൽനിന്ന് സാക്ഷിയാകാനുള്ള വിളിയും നിയോഗവുമായി ഇതിനെ മനസ്സിലാക്കാം. ഇതാണ് ഓരോ ക്രൈസ്തവ വിശ്വാസിയുടേയും വിളി. ഇതാണ് വിളിക്കുള്ളിലെ ഉൾവിളി. ഈ ഉൾവിളി തിരിച്ചറിയുകയാണ് പരമപ്രധാനം. അത് തിരിച്ചറിയുന്നവരിൽ രൂപീകരണവും, രൂപാന്തരീകരണവും നടക്കും. വേദപുസ്തക ഭാഷയിൽ ഇതിനെ ''ക്രിസ്തുവിൽ രൂപപ്പെടുക'' എന്ന് വ്യാഖ്യാനിക്കുന്നു. മറ്റൊരു ക്രിസ്തു ആകുക എന്നതിന്റെ പൊരുളും ഇതുതന്നെ. അതുകൊണ്ടാണ് പൗലോസ് അപ്പസ്തോലൻ ഇപ്രകാരം പറയുന്നത്. ''ഞാനല്ല ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്.'' (ഗലാ 2:30) വാഴ്ത്തപ്പെട്ട മദർ തെരേസ പറഞ്ഞുവച്ചു. ''ക്രിസ്തു എന്നിൽ ജീവിക്കുന്നില്ലെങ്കിൽ ഞാൻ യാതൊന്നുമല്ല.''

**സുവിശേഷത്തിന്റെ ആനന്ദം**

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ ഈ സുവിശേഷീകരണ അനുഭവത്തെ ''സുവിശേഷത്തിന്റെ ആനന്ദം'' എന്നു പേരിട്ടു വിളിച്ചു. (The Joy of Gospel) പാപ്പ ഒരു പ്രബോധരേഖയാക്കി അതിനെ സഭാമക്കൾക്കു നൽകുകയും ചെയ്തു. സുവിശേഷം ഒരു വ്യക്തി വായിക്കുമ്പോൾ, ധ്യാനിക്കുമ്പോൾ, ജീവിക്കുമ്പോൾ ആ വ്യക്തിയിലുളവാകുന്ന, അയാളുടെ മുഖത്തു പ്രസരിക്കുന്ന അലൗകീക ആനന്ദത്തെയാണ് ഇത് സൂചിതമാക്കുക. മറിയാം-ഏലിശുബാ സന്ദർശന മുഹൂർത്തത്തിൽ ഈ ആനന്ദം പ്രകടമായിരുന്നു. താബോർ മലയിലെ രൂപാന്തരീകരണത്തിൽ ഈ ശോഭ പ്രത്യക്ഷമായിരുന്നു. ഓശാനപ്പെരുന്നാളിൽ ജറുസലേം ജനങ്ങളിൽ ഈ ആനന്ദം പൂത്തുലഞ്ഞു. ഉത്ഥാനപ്പെരുന്നാൾ ഈ ആനന്ദത്തിന്റെ പൂർണ്ണതയുമായി. ഒരു വിശ്വാസിക്ക് സുവിശേഷത്തിലെ ഈ അനുഭവങ്ങൾ മുഖദർപ്പണമാകുമെങ്കിൽ അയാളിൽ സുവിശേഷത്തിന്റെ ആന്ദോളനങ്ങൾ രൂപപ്പെടും. സുവിശേഷകൻ ''സുവിശേഷമായി'' മാറ്റപ്പെടും. അങ്ങനെ യഥാർത്ഥ സുവിശേഷ സാക്ഷ്യമായി ജീവിതം ധന്യമാവുകയും ചെയ്യും.

**കരുണയുടെ മുഖം**

''സുവിശേഷമാവുക'' എന്ന ആശയത്തെ പരിശുദ്ധ ഫ്രാൻസിസ് പാപ്പ ''കരുണയുടെ മുഖം'' എന്നാണ് വിളിക്കുക. പിതാവായ ദൈവത്തിന്റെ കരുണയുടെ മുഖമാണ് യേശുതമ്പുരാൻ. ''എന്റെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ (ലൂക്ക. 6:36). അളവില്ലാത്ത സ്നേഹവും കരുണയും നിറഞ്ഞ അദൃശ്യനായ സ്വർഗ്ഗീയ പിതാവിന്റെ തിരുമുഖം തന്റെ പുത്രനായ യേശുനാഥന്റെ മുഖത്തിലൂടെ മനുഷ്യരുടെ മുമ്പിൽ അനാവരണം ചെയ്യപ്പെട്ടു. ''കരുണയുടെ മുഖം'' എന്ന അപ്പസ്തോലിക പ്രബോധനത്തിന്റെ അന്ത:സത്തയും അതുതന്നെ. അങ്ങനെ പിതാവിന്റെ അനുകമ്പാർദ്രമായ മുഖം കുരുടനും, മുടന്തനും, തളർവാതിക്കും, കൂനിക്കും, പാപിനിക്കും, പിശാചുബാധിതനും യേശുവിലൂടെ അനുഭവവേദ്യമായി. അതെ, യേശുക്രിസ്തു പിതാവിന്റെ കരുണയുടെ സുവിശേഷമായി. യേശുവിലൂടെ ദൃശ്യമാക്കപ്പെട്ട ഈ കരുണയുടെ സുവിശേഷമാകാനുള്ള നിയോഗമാണ് പരിശുദ്ധ മാമോദീസായിലൂടെ നമുക്ക് ലഭിച്ചിരിക്കുന്നത്. അതായത് നാം യേശുവിന്റെ മുഖമായിത്തീരണമെന്ന് അർത്ഥം.


**മിഷൻ സാധ്യതകൾ**

ചരിത്രഗതിയിൽ, ദൈവദാസൻ മാർ ഈവാനിയോസ് പിതാവിലൂടെ കൂട്ടായ്മയുടെ ദൈവീക അനുഭവത്തിലേക്കു കടന്നുവന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭ, ഭാരതം മുഴുവനിലും, ലോകം മുഴുവനിലും ഈ ''സുവിശേഷത്തിന്റെ ആനന്ദം'' യേശുവിന്റെ "കരുണയുടെ മുഖം" അനുഭവവേദ്യമാക്കാൻ തിരഞ്ഞെടുക്കപ്പെട്ട ഒരു അപ്പസ്തോലിക സഭയാണ്. ദൈവനിയോഗത്താൽ ഭാരതം മുഴുവനും സുവിശേഷത്തിന്റെ പരിമളം എത്തിക്കുവാൻ നൈയാമികമായി എല്ലാ വാതായനങ്ങളും ഇന്ന് തുറന്നുകിടക്കുകയാണ്. മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ പുതുതായി രൂപം കൊണ്ട ഗുഡ്ഗാവ് രൂപതയെ സംബന്ധിച്ചിടത്തോളം ഇത് തീർത്തും അന്വർത്ഥമാണ്. മലങ്കര സഭയിലെ വലിയ മിഷൻ രൂപതയാണിത്. ഭാരതത്തിന്റെ വടക്കൻ മേഖലയിൽ 22 സ്റ്റേറ്റുകളിലായി വ്യാപിച്ചുകിടക്കുന്ന ഈ ഭദ്രാസനത്തിൽ ഏതാണ്ട് 80 കോടിയിലധികം ജനങ്ങൾ അധിവസിക്കുന്നു. ഇതിൽ കൈവിരൽ തുമ്പിൽ എണ്ണാവുന്ന മേഖലകളിൽ മാത്രമെ ഇതുവരെ നമ്മുടെ സാന്നിദ്ധ്യം ഉറപ്പിക്കുവാൻ കഴിഞ്ഞിട്ടുള്ളു. മലങ്കര സുറിയാനി സഭ ഒന്നാകെ ഉണർന്ന്, ജാഗ്രതയോടെ, ഒരു മനസ്സോടെ പ്രവർത്തിക്കേണ്ട സമയം ആയിരിക്കുന്നു. വയലുകൾ വചന വിത്തുവിതയ്ക്കാൻ പാകമായിക്കിടക്കുകയാണ്. സുവിശേഷമാകാൻ, സുവിശേഷമേകാൻ മനസ്സുള്ളവരെ നമുക്ക് ആവശ്യമാണ്.

സുവിശേഷമാവുകയാണ് നമ്മുടെ ജീവിത നിയോഗമെന്ന്, വ്യക്തിപരമായി നാം ഓരോരുത്തരും ആത്മാർത്ഥമായി വിശ്വസിക്കണം. സുവിശേഷം പകരുന്നതിൽ നമ്മൾ അതിയായി ആനന്ദം അനുഭവിക്കണം. ഈ അവസ്ഥാവിശേഷം നമ്മുടെ ജീവിതത്തെയും മാറ്റിമറിക്കും എന്നുള്ളതാണ് യാഥാർത്ഥ്യം. ഭാരതത്തിനകത്തും, പുറത്തും എപ്പോൾ എവിടെയൊക്കെ അവസരം ലഭിക്കുന്നുവൊ, അവിടെയെല്ലാം ഈ വിഷയത്തിന്റെ അടിയന്തിര പ്രാധ്യാന്യം അറിയിക്കുവാൻ നമ്മൾ ശ്രമിച്ചുകൊണ്ടിരിക്കണം. ദൈവാനുഗ്രഹത്താൽ എല്ലായിടങ്ങളിലും നിന്ന് വളരെ സന്തോഷകരമായ പ്രതികരണങ്ങളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. നല്ലവനായ ദൈവത്തെ നമ്മൾക്ക് ഹൃദയപൂർവ്വം മഹത്വപ്പെടുത്താം.

**സമർപ്പിതരായ പ്രേഷിതരെയാണ് ആവശ്യം**

ഈ കഴിഞ്ഞ കുറച്ചുകാലത്തിനുള്ളിൽ ഒഡീഷ, പഞ്ചാബ്, അരുണാചൽ പ്രദേശ്, ആസാം തുടങ്ങിയ മേഖലകളിൽ സുവിശേഷ സാക്ഷ്യത്തിനു വാതിൽ തുറക്കാൻ നമുക്ക് കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. ഇവിടങ്ങളിലൊക്കെ ആരംഭിച്ച പ്രവർത്തനങ്ങൾ നമ്മുടെ സഭാ കൂട്ടായ്മയിൽ തന്നെ വലിയ മാറ്റങ്ങൾ സൃഷ്ടിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. എന്നാൽ ഇവിടെയൊക്കെ പ്രവർത്തിക്കാൻ ആവശ്യമായ പ്രേഷിതർ നമുക്ക് ഇല്ലായെന്നുള്ളതാണ് ദു:ഖസത്യം. സുവിശേഷമാകാൻ മനസ്സുള്ള, സുവിശേഷത്തിന്റെ ആനന്ദം പകരാൻ തുറവിയുള്ള, അർപ്പണ ബോധമുള്ള വൈദികരെ, സന്യസ്തരെ ആത്മായപ്രേഷിതരെ നമുക്ക് ആവശ്യമുണ്ട്. ഭാരതം മുഴുവനിലും സുവിശേഷം അറിയിക്കുവാനുള്ള ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സ്വപ്നം സാക്ഷാത്കരിക്കുവാൻ നല്ല മിഷണറിമാരെ നമുക്ക് ആവശ്യമുണ്ട്. പാരമ്പര്യങ്ങളുടെ വേലിക്കെട്ടുകൾ പൊളിച്ചുമാറ്റി, അതിർത്തികൾക്കപ്പുറം തമ്പുരാന്റെ സ്നേഹമാകുവാനുള്ള ക്ഷണമായി ഇതിനെ തിരിച്ചറിയണം. നമ്മുടെ ഭദ്രാസനങ്ങളിൽ നിന്നും, ഇടവകകളിൽ നിന്നും ഭവനങ്ങളിൽ നിന്നും പ്രേഷിതർ മുകളിൽ സൂചിപ്പിക്കപ്പെട്ട മിഷൻ മേഖലകളിൽ കടന്നുവന്ന് പ്രവർത്തിക്കുവാൻ സന്നദ്ധരാകുമെങ്കിൽ നമ്മുടെ സഭാപിതാക്കൻമാരുടെ "മിഷണറി സ്വപ്നം" സഫലമാകുമെന്നതിൽ യാതൊരു സംശയവുമില്ല. വിവിധ കാരണങ്ങളാൽ തങ്ങളുടെ ചുറ്റുപാടുകളിൽനിന്ന് മാറിനിൽക്കാൻ സാധിക്കാത്തവർക്ക് തങ്ങളുടെ ആത്മാർത്ഥമായ പ്രാർത്ഥനയിലൂടെ, സാമ്പത്തിക സഹായത്തിലൂടെ നമ്മുടെ മിഷൻ പ്രവർത്തനങ്ങളെ ശാക്തീകരിക്കുവാൻ സാധിക്കും. ഉദാഹരണത്തിന്, ഒരു പാവപ്പെട്ട കുടുംബത്തെ ദത്തെടുത്തു സഹായിക്കുക, ഒരു കുട്ടിയെ സ്കൂളിലേക്കയക്കാൻ സഹായിക്കുക, ഒരു കൊച്ചു ദേവാലയം പണിയാൻ വേണ്ട ഒത്താശകൾ ചെയ്യുക. ഒരു ഗ്രാമത്തെ ദത്തെടുക്കുക ഇവയൊക്കെ ഇതിന്റെ ഭാഗമാണ്.



ഗുഡ്ഗാവ് - ഡൽഹി രൂപതയുടെ നേതൃത്വത്തിൽ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് മെത്രാപ്പോലിത്താ ചേരിപ്രദേശത്ത് ഭക്ഷണപ്പൊതി വിതരണം ചെയ്യുന്നു

ചുരുക്കത്തിൽ, ഇവയെല്ലാം ആത്യന്തികമായി സുവിശേഷമായിത്തീരാനുള്ള നമ്മുടെ ക്രിസ്തീയ വിളിയുടെ മാറ്റൊലികളാണ്. ജ്ഞാനസ്നാനത്തിലൂടെ നാം ഉൾക്കൊണ്ട ദൈവീകജീവനെ തട്ടിയുണർത്തി പരിപോഷിപ്പിക്കുകയാണ് ഇതിന് ഏറ്റവും അഭികാമ്യം. ചാമ്പൽ മൂടിക്കിടക്കുന്ന നമ്മിലെ ആത്മീയ അഗ്നിയെ നാം വീണ്ടും ഊതിക്കത്തിക്കണം. സൂര്യനിൽ തന്നെ നോക്കി യാത്ര തുടർന്നാൽ ഒരിക്കലും നിഴലിനെ ഭയപ്പെടേണ്ടിവരില്ല. പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പയുടെ വാക്കുകളിൽ "സുവിശേഷത്തിനായി ദാഹിക്കുന്ന, അതിനായി സഹിക്കുന്ന ഒരു സഭയെയാണ് ഇന്നത്തെ ലോകത്തിനാവശ്യം." അതിനായി, സുവിശേഷത്തിലെ സക്കേവൂസിനെപ്പോലെ, ശരിയായ വഴിയിൽ, ശരിയായ സിക്കമൂർ വൃക്ഷത്തിൽ അവന്റെ വരവിനായി നമുക്ക് കാത്തിരിക്കാം. "നീയും നിന്റെ കുടുംബവും രക്ഷപെടും'' എന്ന നാഥന്റെ വചനത്തിനായി നമുക്ക് കാതോർക്കാം.

www.malankaralibrary.com



## സഭാതല റ്റീമിന്റെ 2016 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ പ്രോഗ്രാമുകൾ

| തീയതി | ഗ്രൂപ്പ് | സ്ഥലം |
|---|---|---|
| മാർച്ച് 30,31, ഏപ്രിൽ 1 | ബഥനി സിസ്റ്റേഴ്സ് | ജനറലേറ്റ്, കോട്ടയം |
| ഏപ്രിൽ 7, 8, 9 | സഭാതലം 4ാം ബാച്ച് | കാതോലിക്കേറ്റ് സെന്റർ |
| ഏപ്രിൽ 10, 11 | രൂപതാസംഘം | മാർത്താണ്ഡം |
| ഏപ്രിൽ 16, 17 | രൂപതാസംഘം 2ാം ബാച്ച് | മൂവാറ്റുപുഴ |
| ഏപ്രിൽ 19, 20 | കുട്ടികളുടെ സുവിശേഷസംഘം | തിരുവനന്തപുരം |
| ഏപ്രിൽ 22, 23 | രൂപതാസംഘം 2ാം ബാച്ച് | തിരുവല്ലാ, കട്ടപ്പന |
| ഏപ്രിൽ 26, 27, 28 | സഭാതലം ഒന്നും രണ്ടും ബാച്ച് | കാതോലിക്കേറ്റ് സെന്റർ |
| ഏപ്രിൽ 30, മെയ് 1 | റീജനൽസംഘം | ബാംഗ്ളൂർ |
| മെയ് 3, 4, 5, 6 | ബഥനി സിസ്റ്റേഴ്സ് 2ാം ബാച്ച് | ജനറലേറ്റ്, കോട്ടയം |
| മെയ് 7, 8 | രൂപതാസംഘം 2ാം ബാച്ച് | മാവേലിക്കര |
| മെയ് 10, 11, 12, 13 | ബഥനി സിസ്റ്റേഴ്സ് 1ാം ബാച്ച് | ജനറലേറ്റ്, കോട്ടയം |
| മെയ് 14, 15 | രൂപതാസംഘം 2ാം ബാച്ച് | തിരുവനന്തപുരം |
| മെയ് 19, 20, 21 | സഭാതലം 3ാം ബാച്ച് | കാതോലിക്കേറ്റ് സെന്റർ |
| മെയ് 26, 27, 28 | രൂപതാസംഘം 2ാം ബാച്ച് | പുത്തൂർ രൂപത |
| ജൂൺ 3, 4 | രൂപതാസംഘം 2ാം ബാച്ച് | പത്തനംതിട്ട |
| ജൂൺ 6, 7, 8 | ഡി. എം സിസ്റ്റേഴ്സ് | ജനറലേറ്റ്,തിരുവനന്തപുരം |
| ജൂൺ 10,11 | റീജനൽസംഘം | മദ്രാസ് |
| ജൂൺ 12,13,14 | റീജനൽസംഘം | ബോംബെ, പൂന |
| ജൂൺ 15, 16, 17, 18, 19 | ഇടവകസംഘം | വാപ്പി, സൂററ്റ് |
| ജൂൺ 23, 24 ,25 | സഭാതലം 4ാം ബാച്ച് | കാതോലിക്കേറ്റ് സെന്റർ |
| ജൂലൈ 1. 2 | രൂപതാസംഘം 2ാം ബാച്ച് | തിരുവല്ലാ, കട്ടപ്പന |

## ഓരോ രൂപതയിലും ഇതുവരെ സുവിശേഷസംഘം ധ്യാനം നടത്തിയ ഇടവകകളുടെയും സന്ദർശനം നടത്തിയ ഭവനങ്ങളുടെയും എണ്ണം ചുവടെ ചേർക്കുന്നു

| രൂപത | ഇടവകകൾ | ഭവനങ്ങൾ |
|---|---|---|
| 1. തിരുവനന്തപുരം | 135 | 10800 |
| 2. ബത്തേരി | 40 | 2497 |
| 3. തിരുവല്ലാ | 32 | 1525 |
| 4. പത്തനംതിട്ട | 23 | 1500 |
| 5. ഖഡ്കി - പൂന | 19 | 1097 |
| 6. മാർത്താണ്ഢം | 15 | 2090 |
| 7. മൂവാറ്റുപുഴ | 12 | 828 |
| 8. മാവേലിക്കര | 10 | 550 |
| 9. പുത്തൂർ | 7 | 255 |
| 10. ഗുഡ്ഗാവ് - ഡൽഹി | 4 | 285 |
| ആകെ | 297 | 21427 |

(നവസുവിശേഷ... *2-ാം പേജിൽ നിന്നും തുടർച്ച)*

ക്കാൾ ദൈവാത്മാവിന്റെ പ്രവർത്തനത്തിന്റെ അനുഭവം കേൾവിക്കാരനു ലഭിക്കത്തക്കവിധത്തിലുള്ള സുവിശേഷ പ്രഘോഷണങ്ങളായിരിക്കണം നാം നടത്തേണ്ടത്.

ക്രിസ്തീയ ആരാധന സുവിശേഷവൽക്കരണത്തിനുള്ള പ്രധാന മാർഗ്ഗങ്ങളിലൊന്നാണ്. ആദിമ നൂറ്റാണ്ടുകളിൽ ക്രൈസ്തവ ആരാധനയിലെ ദൈവസാന്നിധ്യ അനുഭവത്തിലൂടെയാണ് അനേകർ ക്രിസ്തുമാർഗത്തെ ആശ്ലേഷിച്ചത്. റഷ്യൻ ചക്രവർത്തിയായിരുന്ന കീവിലെ വ്ളാഡിമിർ എ. ഡി. 988-ൽ കോൺസ്റ്റാന്റിനോപ്പിളിൽ പ്രതിനിധികളെ അയച്ച് അവരുടെ ആരാധനയിലെ സ്വർഗ്ഗീയ അനുഭവസാക്ഷ്യം വഴിയായി റഷ്യമുഴുവൻ ക്രിസ്തു മതം സ്വീകരിച്ചു എന്നൊരു ഐതീഹ്യം ഉണ്ട്. അവരുടെ ആരാധന അനുഭവസാക്ഷ്യം - "ഞങ്ങൾ സ്വർഗ്ഗത്തിലായിരുന്നോ, ഭൂമിയിലായിരുന്നോ എന്ന് അറിയില്ലായിരുന്നു"- എന്നതു നമ്മുടെ ആരാധനയിൽ സംബന്ധിക്കുന്ന ഓരോരുത്തർക്കും ഉണ്ടാകേണ്ടതാണ്.

മുകളിൽപ്പറഞ്ഞവ കൂടാതെ സുവിശേഷവൽക്കരണത്തിന് ഉപയുക്തമായ പരോക്ഷമായ അനേകമാർഗ്ഗങ്ങൾ ഉണ്ട്. ക്രിസ്തീയ സ്ഥാപനങ്ങൾ, ആതുര, വിദ്യാഭ്യാസ സാമൂഹിക പ്രവർത്തനങ്ങളും ആത്യന്തികമായി ക്രിസ്തുവിനെ പകർന്നു നല്കുന്നതിനുള്ള മാർഗ്ഗങ്ങളാണ്.

**എന്താണ് നവസുവിശേഷവൽക്കരണം ?**

വി. ജോൺപോൾ 2-ാമൻ മാർപാപ്പതന്റെ "രക്ഷാകര ദൗത്യം" (Redemptoris Missio) എന്ന ചാക്രികലേഖനത്തിൽ നവസുവിശേഷവൽക്കരണംകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത് എന്നു വിവരിക്കുന്നു. ദീർഘകാലത്തെ ക്രിസ്തീയ സംസ്കാരം നിലനിൽക്കുന്ന രാജ്യങ്ങളിലും, അടുത്ത കാലത്തു സുവിശേഷം സ്വീകരിച്ച സഭകളിലും പല കാരണങ്ങളാൽ വിശ്വാസശോഷണം സംഭവിച്ച അനേകരുണ്ട്. അവരിൽ പലരും ക്രിസ്ത്യാനികളാണെന്നുപോലും അംഗീകരിക്കുന്നില്ലെന്നു മാത്രമല്ല, ക്രിസ്തുവിനും, സുവിശേഷമൂല്യങ്ങൾക്കും നിരക്കാത്ത തരത്തിലുള്ള ജീവിതം നയിക്കാൻ താല്പര്യപ്പെടുകയും ചെയ്യുന്നു. ഇവരുടെ ജീവിതത്തിൽ സുവിശേഷാഗ്നി പുനർജീവിപ്പിക്കുന്നതിനുള്ള പരിശ്രമത്തെയാണ് നവസുവിശേഷവൽക്കരണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് ഒരു പുതിയ സുവിശേഷം അറിയിക്കുന്നതോ, ഇന്നത്തെ കാലഘട്ടത്തിനു അസ്വീകാര്യമായ കാര്യങ്ങൾ സുവിശേഷത്തിൽ നിന്നും ഒഴിവാക്കാനുള്ള ഒരു പരിശ്രമമോ അല്ല. ജോൺപോൾ 2-ാമന്റെ വാക്കുകളിൽ നവസുവിശേഷവൽക്കരണം നവമായിരിക്കുന്നതു അതിന്റെ ഔത്സുകൃത്തിലും, പദ്ധതികളിലും, ആവിഷ്കരണത്തിലുമാണ്. പലരും ചിന്തിക്കുന്നതുപോലെ പാശ്ചാത്യസഭയെ മാത്രം നവീകരിക്കുന്നതിന് ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു പദ്ധതിയുമല്ലിത്. നവസുവിശേഷവൽക്കരണത്തിനുള്ള ആഹ്വാനം എല്ലാവർക്കും ഉള്ളതാണ്. യേശുവുമായുള്ള ഒരു പുതിയ ബന്ധം വഴി ഒരു പുതിയ പെന്തക്കുസ്താ അനുഭവത്തിനുള്ള ആഹ്വാനമായിട്ടും നമുക്കു ഇതിനെ കണക്കാക്കാം.

**നവസുവിശേഷവൽക്കരണം മലങ്കര കത്തോലിക്കാസഭയിൽ**

ആഗോളകത്തോലിക്കാ സഭയുടെ നവസുവിശേഷവൽക്കരണത്തിനുള്ള ആഹ്വാനം വലിയ ആവേശത്തോടും, ആത്മാർത്ഥതയോടെയും മലങ്കര സഭ സ്വീകരിച്ചു. "സുവിശേഷകയായ മലങ്കര സുറിയാനി കത്തോലിക്കസഭ" എന്ന വിഷയത്തെ അടിസ്ഥാനമാക്കി ആദ്യത്തെ സഭാ അസംബ്ലി സഭയുടെ തലവനും പിതാവുമായ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവ വിളിച്ചുകൂട്ടുകയും അതിന്റെ ഏറ്റവും വലിയ ഫലമെന്നോണം "സുവിശേഷസംഘം" ജന്മമെടുക്കുകയും ചെയ്തു.

മലങ്കര കത്തോലിക്കാസഭയുടെ സുവിശേഷപ്രവർത്തനത്തിനുള്ള പ്രതീക്ഷയുടെ തിരിനാളമാണ് സുവിശേഷസംഘം. മലങ്കര സഭയുടെ മിഷൻ പ്രവർത്തനത്തിന്റെ ഭാവിയും സുവിശേഷസംഘത്തിന്റെ പ്രവർത്തനവിജയത്തെ ആശ്രയിച്ചാണിരിക്കുന്നത്. ഒരു വ്യക്തിയുടെ യഥാർത്ഥ മുഖം വെളിവാക്കപ്പെടുന്നത് ജന്മസമയത്താണ്. അതുപോലെതന്നെ സഭയുടെ യഥാർത്ഥ മുഖം നാം കാണുന്നത് പെന്തക്കുസ്തായിലാണ്. പിന്നീടുണ്ടായതെല്ലാം വളർച്ചയുടെ ഭാഗമായി സംഭവിച്ചതാണ്. അതിനാൽത്തന്നെ ആദിമചൈതന്യത്തെ അടിസ്ഥാനപ്പെടുത്തിയുള്ള വളർച്ചയാണ് ഇന്നും നമുക്കാവശ്യം. സുവിശേഷസംഘം മലങ്കരയുടെ പുനരൈക്യ ചൈതന്യത്തെ അടിസ്ഥാനമാക്കി വളരാനുള്ള പരിശ്രമവുമാണ്.

മലങ്കരയിൽ നവസുവിശേഷവൽക്കരണത്തിന്റെ തിരികൊളുത്തിയ മഹാനായ പിതാവാണ് ദൈവദാസൻ മാർ ഈവാനിയോസ്. "വിജാതീയ മിഷനും" "മലങ്കരയുടെ വിഘടിച്ചു നില്ക്കുന്ന സഭകളുടെ ആഗോളസഭയുമായുള്ള ഐക്യവും" മാർ ഈവാനിയോസ് പിതാവിന് മലങ്കരയുടെ മൊത്തത്തിലുള്ള നവസുവിശേഷവൽക്കരണ പ്രവർത്തനത്തിന്റെ ഭാഗമായിരുന്നു. ഇക്കാര്യങ്ങൾ പരിഗണിച്ചുകൊണ്ടുമാത്രമേ മലങ്കര കത്തോലിക്കാസഭയ്ക്കു നല്ല രീതിയിൽ നവസുവിശേഷവൽക്കരണം സാധ്യമാവൂ. ഇനിയും കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കാവുന്ന ചില മേഖലകൾ ചുവടെ ചേർക്കുന്നു.

**1. സാക്ഷ്യമാകാനുള്ള വിളി:** മലങ്കരയുടെ ജീവിതശൈലി സാക്ഷ്യജീവിതത്തിന്റേതായിരിക്കണം. വിശുദ്ധരുടെ ഗണമായി മലങ്കരകത്തോലിക്കാസഭ മാറുമ്പോൾ ഭാരതത്തിന്റെ സുവിശേഷവൽക്കരണത്തിനു നാം ഉപകരണമായിത്തീരും. സുവിശേഷ സന്ദേശവാഹകരുടെ ജീവിതം സുവിശേഷത്തിനനുസൃതമായിത്തീരണം. സുവിശേഷത്തെ സാക്ഷിക്കുന്ന അനേകം വിശുദ്ധർ നമ്മുടെ ഇടയിൽ ജനിക്കണം.

**2. സ്ഥാപനങ്ങളുടെ രൂപാന്തരീകരണം:** സമൂഹത്തിൽ ശക്തമായ സ്വാധീനം ചെലുത്താൻ ഉപകരിക്കുന്ന അഭിമാനാർഹമായ നിരവധി സ്ഥാപനങ്ങൾ നമുക്കുണ്ട്. ഇവയെല്ലാം സുവിശേഷസാക്ഷ്യത്തിനുതകുന്ന വഴികളായി നിലനിർത്താനുള്ള നിരന്തര പരിശ്രമം നമ്മിൽ നിന്നുണ്ടാകണം. അനേകർക്ക് യേശുവിനെ ജീവിതത്തിൽ കണ്ടെത്തുവാനുള്ള മാർഗ്ഗങ്ങളായി നമ്മുടെ സ്ഥാപനങ്ങൾ മാറണം.

**3. സാംസ്കാരിക അനുരൂപണം:** മലങ്കര സഭ സംസ്കാരത്തിൽ ഭാരതീയവും, ആരാധനാക്രമത്തിൽ അന്ത്യോക്യനും, വിശ്വാസത്തിൽ കാതോലികവുമാണ്. ഇവ മൂന്നും ആഴത്തിൽ അറിഞ്ഞു ജീവിക്കാൻ ശ്രമിച്ചാൽ മാത്രമേ സഭയുടെ നവസുവിശേഷവൽക്കരണശ്രമങ്ങൾ വിജയിക്കൂ.

**4. മാനസാന്തര - നവീകരണ മനോഭാവം:** ചെറുതെങ്കിലും വളരെയധികം സുവിശേഷവൽക്കരണ സാധ്യതകളുള്ള സഭയാണ് നമ്മുടേത്. നിരന്തരമായി മാനസാന്തരത്തിന്റെയും, വിചിന്തനത്തിന്റെയും അനുഭവത്തിലൂടെ നാം കടന്നുപോകണം. ആഗോളസഭയുടെ നവസുവിശേഷവൽക്കരണത്തിനുള്ള ആഹ്വാനം വെല്ലുവിളിയായി സ്വീകരിച്ച് ഭാരതത്തിനകത്തും പുറത്തുമുള്ള സുവിശേഷസാധ്യതകൾ എന്നും കണ്ടെത്തിക്കൊണ്ടേയിരിക്കണം.

**5. കുടുംബപ്രാർത്ഥനയും വിശുദ്ധ ഗ്രന്ഥ പാരായണവും:** മാർത്തോമ്മാ ക്രിസ്ത്യാനികളുടെ വലിയ പ്രത്യേകതയാണ് രാവിലെയും വൈകുന്നേരവും മുടങ്ങാതെ നടത്തുന്ന കുടുംബപ്രാർത്ഥന. കരിസ്മാറ്റിക് പ്രസ്ഥാനങ്ങളുടെ വളർച്ചയോടുകൂടി വി. ഗ്രന്ഥപാരായണവും വിശ്വാസ ജീവിതത്തിന്റെ ഭാഗമായിട്ടുണ്ട്. ഇതിനെ തളർത്തുന്ന പ്രവർത്തനങ്ങളെ ശക്തമായി പ്രതിരോധിക്കാനുള്ള മാർഗ്ഗങ്ങളും ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

**6. സഭയുടെ ആരാധനയിലുള്ള സജീവ പങ്കാളിത്തം:** സ്വർഗ്ഗത്തേയും ഭൂമിയേയും ബന്ധിപ്പിക്കുന്ന ദൈവാലയത്തിലെ ആരാധന ക്രൈസ്തവ സുവിശേഷ പ്രവർത്തനത്തിന്റെ ശക്തി സ്രോതസ്സാണ്. പലവിധ കാരണങ്ങളാൽ ആരാധന ജീവിതം സജീവമല്ലാത്ത ധാരാളം കുടുംബങ്ങൾ നമ്മുടെ ഇടവകകളിലുണ്ട്. നഷ്ടപ്പെട്ടുപോയ ആടുകളെ അന്വേഷിച്ചിറങ്ങാൻ നാം ഒരിക്കലും മടിക്കരുത്.

**7. അൽമായ സുവിശേഷപ്രവർത്തനം:** സുവിശേഷപ്രവർത്തനത്തിന് ഇന്നും ഒരു പരിധിവരെ ഉറങ്ങിക്കിടക്കുന്ന ശക്തിയാണ് വിശ്വാസ സമൂഹം. "ലോകത്തിൽ ജീവിക്കുന്ന അപ്പസ്തോലൻ"മാരെന്ന നിലയിൽ എല്ലാ മേഖലയിലും സുവിശേഷ പ്രഘോഷകരാകാനുള്ള പരിശീലനം വിശ്വാസികൾക്ക് നൽകുകയും അവർ അത് ഏറ്റെടുക്കുകയും വേണം.

മലങ്കരസഭയ്ക്ക് ഭാരതത്തിൽ വലിയൊരു സുവിശേഷദൗത്യം നിർവ്വഹിക്കാനുണ്ട്. യേശുവിനെ നല്കുന്നതിനൊപ്പം ഭാരത സംസ്കാരത്തിലുള്ള യേശു സാന്നിധ്യത്തെ തിരിച്ചറിയാനുള്ള കഴിവും നാം ആർജിച്ചെടുക്കേണ്ടിയിരിക്കുന്നു. വെല്ലുവിളികൾ ഏറെയുള്ളിടത്താണ് നമ്മുടെ പ്രവർത്തനങ്ങൾ കൂടുതൽ പ്രസക്തമാവുന്നതും സജീവമാകേണ്ടതും. അങ്ങനെ "ലോകത്തിന്റെ വെളിച്ചവും ഭൂമിയുടെ ഉപ്പുമാകുവാനുള്ള വിളി" മലങ്കര കത്തോലിക്കാസഭയ്ക്ക് അതിന്റെ പൂർണ്ണതയിൽ നിറവേറ്റുവാൻ സാധിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

www.malankaralibrary.com





# സുവിശേഷസംഘാംഗവും വീണ്ടും ജനനവും

ഫാ. ഡോ. ആന്റണി കാക്കനാട്ട്

മലങ്കര സുറിയാനി കത്തോലിക്ക സുവിശേഷ സംഘാംഗം എന്നത് ഒരു ദൈവവിളിയാണെന്നും വിളിക്കുള്ളിലെ വിളിയാണെന്നും വിശുദ്ധ ജീവിതം നയിക്കാനാഗ്രഹിക്കുന്നവരുടെ ഒരു കൂട്ടായ്മയാണെന്നും സ്വയം വിശുദ്ധീകരിച്ച് സഭയെ നവീകരിക്കുവാനുള്ള നവീകരണപ്രസ്ഥാനമാണെന്നും സുവിശേഷത്തിന്റെ പരിമളം എന്ന ത്രൈമാസികയിലെ ആദ്യ ലക്കത്തിൽ വിവരിച്ചിരുന്നു. രണ്ടാമതായി സുവിശേഷ സംഘാംഗം എന്നത് പരിശുദ്ധാത്മാവിൽ വീണ്ടും ജനിച്ചു എന്ന ബോധ്യത്തിലേക്കുള്ള വിളിയും പരിശുദ്ധാത്മ അഭിഷേകം സ്വീകരിച്ച് പരിശുദ്ധാത്മ ഫലങ്ങൾ പുറപ്പെടുവിക്കാനുള്ള വിളിയുമാണ്.

**പരിശുദ്ധാമാവിൽ വീണ്ടും ജനിച്ചു എന്ന ബോധ്യം**

ഇന്ന് വീണ്ടും ജനനത്തെക്കുറിച്ച് കത്തോലിക്കാസഭയിലും അപ്പസ്തോലിക സഭകളിലും അധികമാരും സംസാരിക്കാറില്ല. കാരണം ചെറുപ്രായത്തിൽ തന്നെ മാമോദീസാ എന്ന കൂദാശയിലൂടെ ആ സംഭവം നടന്നു കഴിഞ്ഞു. ഒരിക്കൽ മാത്രം നടക്കുന്ന ഒരു കൂദാശയായി പിന്നീടൊരിക്കലും ചർച്ചാവിഷയമാകാത്ത ഒരു ചടങ്ങായി ഇന്ന് മാമോദീസായും വീണ്ടും ജനനവും തീർന്നിരിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് വീണ്ടും ജനനത്തെ സുവിശേഷസംഘം ചർച്ചാവിഷയമാക്കുന്നത്.

**വീണ്ടും ജനനം**

യേശു പരസ്യ ശുശ്രൂഷ ആരംഭിക്കുന്നത് ദൈവരാജ്യപ്രഘോഷണത്തോടുകൂടിയാണ് (മർക്കോ 1:15). ഈ ദൈവരാജ്യത്തിൽ അംഗമാകുവാൻ സുവിശേഷം വിശ്വസിച്ച് സ്നാനപ്പെടണമെന്ന് ആഹ്വാനം ചെയ്തുകൊണ്ടാണ് യേശു പരസ്യശുശ്രൂഷ അവസാനിച്ചിരിക്കുന്നത് (മർക്കോ. 16:15-16). യേശു പ്രഘോഷിച്ച ദൈവരാജ്യത്തിൽ അംഗമാകാനുള്ള ഏകമാർഗം വീണ്ടും ജനനമാണെന്നും അതല്ലാതെ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ലെന്നും യേശു ആദ്യമായി പറഞ്ഞത് നിക്കോദേമോസിനോടാണ്. "വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യം കാണാൻ കഴിയുകയില്ല (യോഹ. 3:3). "ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവന് ദൈവരാജ്യത്തിൽ പ്രവേശിക്കാൻ സാധ്യമല്ല. മാംസത്തിൽ നിന്നു ജനിക്കുന്നത് മാംസമാണ്, ആത്മാവിൽ നിന്ന് ജനിക്കുന്നത് ആത്മാവും" (യോഹ. 3:5-6). മാതാപിതാക്കളുടെ ശാരീരിക ഇച്ഛയിൽ നിന്നു ജനിക്കുന്ന ഒരു ശിശു ജഡത്തിൽ നിന്നുള്ള ജഡമാണ്. ആ ശിശുവിന് ദൈവാരൂപിയിലുള്ള ഒരു വീണ്ടും ജനനം ആവശ്യമാണ്. അരൂപിയാൽ നിയന്ത്രിക്കപ്പെടുന്ന ഒരു അവസ്ഥയിലേക്ക് വീണ്ടും ജനിക്കണം. അതിനുള്ള മാർഗമാണ് ജ്ഞാനസ്നാനം അഥവാ മാമോദീസാ എന്ന കൂദാശ.

**ആദിമാതാപിതാക്കളുടെ പാപവും അതിന്റെ ഫലവും**

ദൈവം ആദിമാതാപിതാക്കളെ സൃഷ്ടിച്ച് അവർക്ക് ശരീരവും ആത്മാവും നൽകി. കൂടാതെ ദൈവത്തിന്റെ ഛായയും സാദൃശ്യവും നല്കിയതിലൂടെ അവർക്ക് ദൈവാരൂപിയെ നല്കി. ദൈവം അവരെ പറുദീസായിൽ ദൈവത്തോടൊപ്പം വസിപ്പിച്ചു (ഉത്. 1:26-27). ശരീരം ആത്മാവിനോട് ചേരുമ്പോൾ ജീവനുണ്ടാകുന്നു. ആത്മാവ് ശരീരത്തിൽ നിന്നും വേർപെടുമ്പോൾ മരണം സംഭവിക്കുന്നു. അതുകൊണ്ടാണ് മനുഷ്യൻ ശരീരവും ആത്മാവും ഉള്ളവനാണ് എന്നു പറയുക. ശരീരവും ആത്മാവും ഉള്ള മനുഷ്യന് ദൈവം പ്രത്യേകമായി ദൈവത്തിന്റെ അരൂപിയെ അഥവാ പരിശുദ്ധാത്മാവിനെ (പരിശുദ്ധ റൂഹായെ) നല്കി, ദൈവിക നിയന്ത്രണത്തിലും ദൈവിക നിയമത്തിൻ കീഴിലുമാക്കി. അപ്രകാരമാണ് ആദിമാതാപിതാക്കൾ ദൈവത്തോടൊത്ത് പറുദീസായിൽ വസിച്ചത് അഥവാ ദൈവരാജ്യത്തിൽ വസിച്ചത്. എന്നാൽ ആദിമാതാപിതാക്കൾ പാപം ചെയ്ത് ദൈവത്തിന് എതിർ നിന്നപ്പോൾ ദൈവം അവർക്ക് പ്രത്യേകമായി നല്കിയ പരിശുദ്ധാത്മാവിനെ അവർക്കു നഷ്ടമായി. ദൈവരാജ്യവും നഷ്ടമായി. അങ്ങനെ ആദാമിനും ആദാമിന്റെ സന്തതി പരമ്പരയ്ക്കും ദൈവാരൂപിയെ എന്നന്നേക്കുമായി നഷ്ടപ്പെട്ടു. "എന്റെ ചൈതന്യം മനുഷ്യനിൽ എന്നേക്കും നിലനിൽക്കുകയില്ല. അവൻ ജഡമാണ്" (ഉത്പ.6:3) എന്നു പറഞ്ഞ് ആദിമാതാപിതാക്കളെ നോക്കി ദൈവം വിലപിച്ചു. പറുദീസായിൽ നഷ്ടപ്പെട്ട പരിശുദ്ധാത്മാവിനെ മനുഷ്യന് തിരികെ കൊടുക്കാനുള്ള പദ്ധതിയാണ് രക്ഷാകര പദ്ധതി. അത് നിറവേറിയത് യേശുവിന്റെ മരണ ഉത്ഥാന ശേഷം പെന്തക്കോസ്തിയിലാണ്. ഈ പരിശുദ്ധാത്മാവിനെ വീണ്ടും സ്വീകരിക്കുന്നതിനുള്ള മാർഗമായിട്ടാണ് യേശു നിക്കോദേമോസിനോട് വീണ്ടും ജനത്തെക്കുറിച്ച് പറഞ്ഞത്. പക്ഷേ നിക്കോദേമോസിന് ഒന്നും മനസിലായില്ല.

ആദിമാതാപിതാക്കൾ പിശാചിന് ഉടമ്പടി ഒപ്പിട്ട് കൊടുത്തതോടുകൂടി ആദിമാതാപിതാക്കളും അവരുടെ സന്തതി പരമ്പരയും ദൈവരൂപിയുടെ നിയമത്തിൽ നിന്നും നിയന്ത്രണത്തിൽ നിന്നും മാറി പിശാചിന്റെ നിയമത്തിനും നിയന്ത്രണത്തിനും അധീനമായി. ദൈവരാജ്യം അവർക്ക് നഷ്ടമായി അവർ പിശാചിന്റെ രാജ്യത്തിന് അവകാശികളായി. ഇന്ത്യ ഗവൺമെന്റിന്റെ പേരിൽ പ്രധാന മന്ത്രിയൊ പ്രസിഡന്റോ ഒരു ഉടമ്പടിയിൽ ഒപ്പുവച്ചാൽ ഇന്ത്യയിലെ ജനങ്ങൾ മുഴുവനും ആ ഉടമ്പടിക്ക് അധീനരാകും. ഇതുപോലെ ആദിമാതാപിതാക്കൾ മനുഷ്യവംശത്തിന്റെ പ്രതിനിധികളായി പിശാചുമായി ഉടമ്പടി ചെയ്തതോടുകൂടി മനുഷ്യവംശം എന്നന്നേക്കുമായി പിശാചിന്റെ നിയമത്തിന് അധീനരായി. മനുഷ്യവംശത്തെ പിശാചിന്റെ ഉടമ്പടിയിൽ നിന്നും മോചിപ്പിച്ച് പറുദീസായിൽ നഷ്ടപ്പെട്ട പരിശുദ്ധാത്മാവിനെ തിരികെ നല്കി ദൈവരൂപിയുടെ നിയമത്തിന് കീഴിലാക്കാൻ ഒരു മാർഗ്ഗമേയുള്ളൂ. ആദിമാതാപിതാക്കൾ പിശാചിന് എഴുതികൊടുത്ത ഉടമ്പടി അസാധുവാക്കണം, ഇല്ലാതാക്കണം. അതിനായി ദൈവപുത്രനായ യേശു മനുഷ്യാവതാരം ചെയ്ത് ഭൂമിയുടെ നടുവിൽ നാട്ടിയ കുരിശിൽ തന്റെ ശരീരം തകർത്ത് രക്തം ചിന്തി ഈ ഉടമ്പടി അഥവാ പാപത്തിന്റെ കടച്ചീട്ട് വലിച്ചുകീറി അഥവാ ഇല്ലാതാക്കി. യേശു തന്റെ രക്തം കൊണ്ട് ആദിമാതാപിതാക്കൾ പിശാചിന് നൽകിയ ഒപ്പ് തുടച്ചുമാറ്റി. തുടർന്ന് ഉത്ഥാന ശേഷം പെന്തക്കോസ്തിയിൽ പറുദീസായിൽ നഷ്ടപ്പെട്ട പരിശുദ്ധരൂപിയെ മനുഷ്യവംശത്തിന് തിരികെ നല്കി. "എന്റെ ആത്മാവ് ഇനിയും മനുഷ്യനിൽ വസിക്കുകയില്ല അവൻ വെറും ജഡമാണ് എന്നു പറഞ്ഞ ദൈവത്തിന്റെ വിധി തീർപ്പ് ഇന്ന് പെന്തിക്കൊസ്തിയിൽ പരിശുദ്ധരൂപിയെ മനുഷ്യവംശത്തിന് തിരികെ നല്കികൊണ്ട് തിരുത്തി എഴുതി എന്ന് പെന്തക്കോസ്തിയുടെ ലുത്തിനിയാ പ്രാർത്ഥനയിൽ നാം ചൊല്ലുന്നു. ചുരുക്കത്തിൽ ആദാമ്യ പ്രകൃതിയിൽ നിന്നും ആത്മീയ പ്രകൃതിയിലേക്ക് വീണ്ടും ജനിക്കുവാനുള്ള സാധ്യത യേശു പെന്തക്കൊസ്തിയിൽ പരിശുദ്ധാരൂപിയെ നല്കികൊണ്ട് സാധ്യമാക്കി. അങ്ങനെ പരിശുദ്ധാരൂപിയെ സ്വീകരിച്ചുകൊണ്ട് തിരിച്ച് പറുദീസായിൽ പ്രവേശിക്കുവാൻ മനുഷ്യവംശത്തിന് സാധിച്ചു. ആദാമ്യ പ്രകൃതിയിൽ നിന്നും ആത്മീയ പ്രകൃതിയിലേക്കുള്ള മാറ്റമാണ് വീണ്ടും ജനനത്തിലൂടെ അഥവാ മാമോദീസായിലൂടെ സാധിക്കുക. മനുഷ്യവംശത്തിനു നഷ്ടപ്പെട്ട ദൈവാരൂപിയെ മനുഷ്യവംശത്തിനു യേശു തിരിച്ചു നല്കിയെങ്കിലും ഓരോവ്യക്തിയും വ്യക്തിപരമായി മാമോദീസായിലൂടെയാണ് ഈ ദൈവരൂപിയെ സ്വീകരിക്കേണ്ടത്.

**മാമോദീസാ സ്വീകരിച്ചവർ വീണ്ടും ജനിച്ചവരോ?**

കത്തോലിക്കരായ നാം എല്ലാവരും കുഞ്ഞുപ്രായത്തിലെ മാമോദീസാ എന്ന കൂദാശയിലൂടെ വീണ്ടും ജനിച്ചവരും പരിശുദ്ധാരൂപിയെ സ്വീകരിച്ചവരുമാണ് എന്നതിന് സംശയം ഇല്ല. അങ്ങനെ എങ്കിൽ എന്തിനാണ് വീണ്ടും ജനനത്തെക്കുറിച്ച് ചർച്ച ചെയ്യുന്നത്. ഒരു കത്തോലിക്കൻ വീണ്ടും ജനിച്ച് ആത്മാവിനെ സ്വീകരിച്ചു എന്നത് സത്യമാണ് എന്നാൽ വീണ്ടും ജനിച്ചു എന്ന ബോധ്യത്തിൽ ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നുണ്ടോ? എന്നതാണ് ചോദ്യം. ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാതെ ജഡത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നു എങ്കിൽ നിങ്ങൾ വീണ്ടും ജനനത്തിന്റെ അനുഭവത്തിൽ വന്നിട്ടില്ല. അതിനാൽ വീണ്ടും ജനിച്ചു എന്ന ബോധ്യത്തിലൂടെ ഒരു വ്യക്തി ആത്മാവിന്റെ നിയന്ത്രണത്തിൽ കീഴിലായി ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാനുള്ള വിളിയാണ് സുവിശേഷ സംഘത്തിലേക്കുള്ള വിളി.

കോഴിമുട്ട അടവച്ചകൂട്ടത്തിൽ കഴുകന്റെ മുട്ടകൂടി വച്ചു. കോഴികുഞ്ഞ് വിരിഞ്ഞിറങ്ങിയ കൂട്ടത്തിൽ കഴുകന്റെ കുഞ്ഞും വിരിഞ്ഞിറങ്ങി. കോഴികുഞ്ഞും കഴുകന്റെ കുഞ്ഞും ഒന്നിച്ച് വളർന്നു. കോഴികുഞ്ഞിനെ പോലെ കഴുകന്റെ കുഞ്ഞും പുല്ലും നെല്ലും പുഴുക്കളും ഒക്കെ തിന്നു വളർന്നു. ഒരു ദിവസം അന്തരീക്ഷത്തിൽ ഒരു വലിയ കഴുകൻ പറന്നു നടന്നപ്പോൾ കോഴികുഞ്ഞുങ്ങളുടെ കൂട്ടത്തിൽ ഒരു കഴുകൻ കുഞ്ഞും പുല്ലും നെല്ലും തിന്നു നടക്കുന്നതു കണ്ടു. വലിയ കഴുകൻ താഴേക്ക് പറന്നിറങ്ങി. അപ്പോഴേക്കും കോഴികുഞ്ഞുങ്ങൾ എല്ലാം ഓടിമാറി. ഈ കഴുകന്റെ കുഞ്ഞു മാത്രം അവിടെ നിന്നു. വലിയ കഴുകൻ പറഞ്ഞു നീയൊരു കഴുകന്റെ കുഞ്ഞാണ്. എന്നാൽ കഴുകന്റെ കുഞ്ഞ് സമ്മതിച്ചില്ല. കഴുകൻ ഞങ്ങളുടെ ശത്രുവാണ് എന്നാണ് ഞങ്ങളുടെ മമ്മി പറഞ്ഞിട്ടുള്ളത്. അതിനാൽ ഞാൻ കോഴി കുഞ്ഞാണ്. വലിയ കഴുകൻ പറഞ്ഞു അല്ല. നീ കഴുകന്റെ കുഞ്ഞു തന്നെയാണ് നിനക്കു പറക്കാൻ പറ്റും. കഴുകന്റെ കുഞ്ഞ് സമ്മതിച്ചില്ല. ഞങ്ങൾക്ക് പറക്കാനെ പറ്റില്ല. ഞങ്ങൾ പറന്നാൽ താഴെ വീഴും. വലിയ കഴുകൻ പറഞ്ഞു: നിന്റെ ചിറകുനോക്കിക്കേ കോഴികുഞ്ഞിന്റെ ചിറകിനേക്കാൾ എത്രവലിയ ചിറകാണ് നിനക്കുള്ളത്. നോക്കിയപ്പോൾ ചിറകിന് വലിപ്പക്കൂടുതൽ ഉണ്ടെന്ന് മനസ്സിലാക്കി കഴുകന്റെ കുഞ്ഞു പറഞ്ഞു: അത് ഞാൻ കൂടുതൽ പുഴുക്കളെ തിന്നിട്ടാണ് എന്ന്. ചുരുക്കത്തിൽ കഴുകന്റെ കുഞ്ഞ് ഒരിക്കലും താനൊരു കഴുകനാണെന്നു സമ്മതിക്കാതെ കോഴികുഞ്ഞാണ് എന്ന് പറയാൻ ന്യായീകരണങ്ങൾ കണ്ടെത്തി കൊണ്ടിരുന്നു. അവസാനം വലിയ കഴുകൻ പറഞ്ഞു പറഞ്ഞ് ഈ കഴുകന്റെ കുഞ്ഞിന് ബോധ്യം നല്കി പറക്കാനായി പ്രേരിപ്പിച്ചു. അങ്ങനെ ആ കഴുകന്റെ കുഞ്ഞ് പറന്നുയർന്നു. സുവിശേഷസംഘത്തിലേക്കുള്ള വിളി ഇപ്രകാരം ആത്മാവിൽ വീണ്ടും ജനിച്ചവനാണ് എന്ന ബോധ്യത്തിലേക്ക് കടന്നുവന്ന് ഉയർന്ന ഒരു ആത്മീയത ജിവിക്കാനുള്ള വിളിയാണ് അഥവാ പറന്നുയരാനുള്ള വിളിയാണ്.

മാമോദീസാ സ്വീകരിച്ച് ആത്മാവിൽ വീണ്ടും ജനിച്ചിട്ട് ഞാൻ ആത്മീയനല്ല ജഡികനാണ് എന്നു പറഞ്ഞ് ഈ ലോകത്തിന്റെ മണ്ണിൽ പുഴുക്കളെ തിന്ന് ഈ ജഡികതയിലും ഭൗതികതയിലും മാത്രം ആനന്ദം കണ്ടെത്തി മുഖം ഭൂമിയിലേക്ക് മാത്രം താഴ്ത്തി, ഈ ഭൂമിയുടെ ഗുരുത്വാകർഷണത്തിന് പുറത്തുകടക്കാൻ സാധിക്കാതെ ജഡികരായി കഴിയുന്ന ക്രിസ്ത്യാനികളാണ് പലരും. കഴുകന്റെ കുഞ്ഞ് കോഴികുഞ്ഞിന്റെ കൂട്ടത്തിൽ ജീവിച്ച് ഞാൻ കഴുകന്റെ കുഞ്ഞാണ് എന്ന ബോധ്യം നഷ്ടപ്പെട്ട് ഞാൻ കോഴികുഞ്ഞ് തന്നെ എന്നു പറയാൻ ന്യായീകരണങ്ങൾ കണ്ടെത്തുന്നതുപോലെയാണ് നാമും. ഈ ലോകത്തിന്റെ ഭൗതികതയിലും ജഡികതയിലും മാത്രം ആനന്ദം കണ്ടെത്തി പലർക്കും ആത്മീയരാണെന്ന ബോധ്യം തന്നെ നഷ്ടപ്പെട്ടു. പല ക്രിസ്ത്യാനികളും തങ്ങൾ ജഡികരാണെന്നും പറയാൻ ന്യായീകരണങ്ങൾ കണ്ടെത്തുകയാണ്. ഒരു കഴുകന്റെ കുഞ്ഞ് ഭൂമിയിൽ പുഴുക്കളെ തിന്ന് ജീവിക്കേണ്ടവനല്ല ഉയർന്നു പറക്കേണ്ടവനാണ്. ഇതുപോലെ ആത്മാവിൽ വീണ്ടും ജനിച്ച നമുക്ക്



2012 സെപ്റ്റംബർ 21 ന് പത്തനംതിട്ടയിൽ നടന്ന കയ്വയ്പ് ശുശ്രൂഷ

www.malankaralibrary.com



ഉയർന്ന ഒരു ആത്മീയതയുണ്ട്. നാം ഉയർന്നു പറക്കേണ്ടവരാണ്. ഈ ഭൂമിയുടെ ഗുരുത്വാകർഷണത്തിന് പുറത്തേക്ക് കടക്കാൻ നമുക്ക് കഴിയണം. ഈ മണ്ണിന്റെ ജഡികതയിൽ നിന്നും ഭൗതികതയിൽ നിന്നും പറന്നുയരാൻ എനിക്ക് സാധിക്കണം. അതിന് ഒറ്റവഴിയെയുള്ളൂ. നീ ആത്മാവിൽ വീണ്ടും ജനിച്ചവനാണ് എന്ന ബോധ്യത്തിലേക്ക് കടന്നുവന്ന് ജീവിക്കാൻ ആരംഭിക്കണം. അപ്രകാരം ഞാൻ ആത്മാവിൽ വീണ്ടും ജനിച്ചവനാണ് എന്ന ബോധ്യത്തിൽ ജീവിച്ച് ആത്മീയ ഫലങ്ങൾ പുറപ്പെടുവിക്കാനുള്ള വിളിയാണ് സുവിശേഷ സംഘത്തിലേക്കുള്ള വിളി.

**മാമോദീസാ സ്വീകരിച്ചവരെല്ലാം രക്ഷിക്കപ്പെടുമോ?**

മാമോദീസാ സ്വീകരിച്ച് വീണ്ടും ജനിച്ച് പരിശുദ്ധാത്മാവിനെ ഒരിക്കൽ സ്വീകരിച്ചു എന്നതിന്റെ പേരിൽ മാത്രം ഒരു വ്യക്തി രക്ഷിക്കപ്പെടണമെന്നില്ല. നീ മാമോദീസായിൽ സ്വീകരിച്ച പരിശുദ്ധാത്മാവ് നിന്നിൽ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടോ? എന്നതാണ് ചോദ്യം. പരിശുദ്ധാത്മാവിന്റെ സാന്നിധ്യം നിന്നിലുണ്ടോ? പരിശുദ്ധാത്മാവിന്റെ പ്രവർത്തനം നിന്നിലുണ്ടോ? പരിശുദ്ധാത്മാവിന്റെ വരങ്ങൾ നിന്നിലുണ്ടോ? പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ നിന്നിലുണ്ടോ? ആദിമാതാപിതാക്കൾ പാപം ചെയ്തപ്പോൾ അവർക്ക് നഷ്ടമായത് ഈ പരിശുദ്ധാത്മാവിനെയാണ്. അപ്രകാരമാണ് അവർ പിശാചിന്റെ നിയമത്തിന് അധീനരായത്. ഇപ്രകാരം നാം പാപം ചെയ്യുമ്പോൾ നമുക്കും മാമോദീസായിൽ ലഭിച്ച പരിശുദ്ധാത്മാവ് നഷ്ടമാകും. നാം ജഡികരായിതീരും. ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാൻ സാധിക്കാത്തവരായിതീരും. അതുകൊണ്ട് 51-ാം സങ്കീർത്തനത്തിൽ ദാവീദ് രാജാവ് പാടി "ദൈവമേ എന്നിലെ പാപം നിമിത്തം എന്നിലെ പരിശുദ്ധാത്മാവിനെ എടുത്തുകളയരുത്" (സങ്കീ. 51:11). "അചഞ്ചലമായ ഒരു നവചൈതന്യം എന്നിൽ നിക്ഷേപിക്കണമേ" (സങ്കീ 51:10). പാപം നിമിത്തം പരിശുദ്ധാത്മാവ് നഷ്ടപ്പെടും എന്ന ബോധ്യം ദാവീദിനുണ്ടായിരുന്നു.



2015 ജൂലൈ 15 ന് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ നടന്ന കയ്‌വയ്പ് ശുശ്രൂഷയിൽ നിന്ന്

നീ മാമോദീസായിൽ സ്വീകരിച്ച പരിശുദ്ധാത്മാവ് പ്രവർത്തനക്ഷമമാണോ? നാം എല്ലാവരും കുഞ്ഞു പ്രായത്തിലെ മാമോദീസായിലൂടെ വീണ്ടും ജനിച്ച് ആത്മാവിനെ സ്വീകരിച്ചവരാണ് എന്നാൽ പ്രായമാകുന്നതനുസരിച്ച് ബോധപൂർവ്വം ഞാൻ ആത്മികനാണ് എന്ന ബോധ്യത്തിൽ വളരാൻ, ആത്മാവിൽ വളരാൻ എനിക്കു കഴിഞ്ഞോ? പരിശുദ്ധാത്മാവ് എന്നിൽ പ്രവർത്തനക്ഷമമാണോ? പരിശുദ്ധാത്മാവ് എന്നിലുണ്ടെങ്കിൽ എന്നിൽ പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ ഉണ്ടായിരിക്കും. അതുപൊലെതന്നെ പരിശുദ്ധാത്മാവിന്റെ വരങ്ങളും ദാനങ്ങളും ഉണ്ടായിരിക്കും. തൊട്ടിലിൽ കിടക്കുന്ന ഒരു കുഞ്ഞിനു പിതാവിന്റെ സ്വത്തിന് അവകാശമുണ്ട്. കാരണം അത് ജന്മാവകാശമാണ്. എന്നാൽ ആ കുട്ടി വളർന്ന് ആ സ്വത്ത് സ്വന്തം പേരിലാക്കി ഒരു അക്കൗണ്ട് തുടങ്ങി അതിൽ നിന്നും പൈസാ എടുക്കുമ്പോൾ മാത്രമാണ് ഫലത്തിൽ അത് യാഥാർത്ഥ്യമാകുകയുള്ളൂ. ഇതുപോലെ മാമോദീസായിൽ എനിക്ക് ജന്മാവകാശമായി പരിശുദ്ധാത്മാവിനെ ലഭിച്ചു എന്നു പറയുന്നത് ശരിയാണ് എന്നാൽ ഫലത്തിൽ അത് എനിക്ക് അനുഭവമാകുന്നുണ്ടോ? യാഥാർത്ഥ്യമാകുന്നുണ്ടോ? ഒരു കാറിനുള്ളിൽ ബാറ്ററി വച്ചിട്ടുണ്ട് എന്നത് സത്യമാണ് എന്നാൽ ബാറ്ററി പ്രവർത്തിക്കുന്നുണ്ടോ? ഹോൺ അടിക്കുന്നുണ്ടോ, ലൈറ്റ് കത്തുന്നുണ്ടോ? കാർ സ്റ്റാർട്ട് ആകുന്നുണ്ടോ? എന്നതാണ് ചോദ്യം. ബാറ്ററി പ്രവർത്തിക്കുന്നെങ്കിൽ മാത്രമേ അതുകൊണ്ട് ഉപയോഗമുള്ളൂ അർത്ഥമുള്ളൂ. ചുരുക്കത്തിൽ മാമോദീസായിൽ എനിക്ക് ജന്മാവകാശമായി പരിശുദ്ധാത്മാവിനെ ലഭിച്ചു എന്നു പറയുമ്പോൾ എന്നിൽ ഈ ആത്മാവ് പ്രവർത്തനക്ഷമമാണോ, ഫലം പുറപ്പെടുവിക്കുന്നുണ്ടോ, എന്റെ ശരീരത്തിന്റെയും മനസിന്റെയും വികാരങ്ങളുടെയും നിയന്ത്രണം ഈ അരൂപിയാൽ നയിക്കപ്പെടുന്നുണ്ടോ എന്നതാണ് അർത്ഥമാക്കുന്നത്. ചുരുക്കത്തിൽ ഞാൻ മാമോദീസായിൽ വീണ്ടും ജനിച്ചവനാണ് എന്ന ബോധ്യത്തിൽ ആത്മാവിനെ പ്രവർത്തനക്ഷമമാക്കി ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിച്ച് ആത്മാവിനാൽ നിയന്ത്രിക്കപ്പെട്ട് ആത്മാവിൽ ആനന്ദിക്കുവാനുള്ള വിളിയാണ് സുവിശേഷ സംഘത്തിലേക്കുള്ള വിളി.

**ആരാണ് രക്ഷിക്കപ്പെട്ടവർ? ആരാണ് സ്വർഗ്ഗരാജ്യത്തിനവകാശി?**

ഒരിക്കൽ മാമോദീസാ സ്വീകരിച്ച് പരിശുദ്ധാത്മാവിനെ സ്വീകരിച്ചതിന്റെ പേരിൽ മാത്രം ഒരാൾ സ്വർഗ്ഗത്തിനവകാശിയാകില്ല മറിച്ച് ആത്മീയരായി ജീവിക്കുന്നവരാണ് സ്വർഗ്ഗത്തിനവകാശി അഥവാ രക്ഷിക്കപ്പെട്ടവർ എന്നാണ് നാം പൊതുവെപറയുക. എന്നാൽ യഥാർത്ഥത്തിൽ ആരാണ് ആത്മീയർ ആരാണ് അനാത്മീയർ? സാധാരണയായി ഒരുവന്റെ ആത്മീയതയെ അളക്കുന്നത് മൂന്നു കാര്യത്തിന്റെ അടിസ്ഥാനത്തിലാണ്. ഒരുവന്റെ വേഷം, ഒരുവന്റെ ഭാഷ, ഒരുവന്റെ പ്രവൃത്തി. ഒരാളുടെ വേഷം നോക്കി ആ വ്യക്തിയുടെ ആത്മീയതയെക്കുറിച്ച് പൊതുവായി പറയും. വെള്ളസാരിയും വെള്ള ബ്ലൗസും ഇട്ടിരിക്കുന്ന അമ്മാമ്മ ഭക്തയാണെന്ന് കാഴ്ചയിൽ പൊതുവായിപറയും. വെള്ള മുണ്ടും വെള്ള ഷർട്ടും ഇട്ട അച്ചായൻ ഭക്തനാണെന്ന് പൊതുവായി പറയും. ചുരുക്കത്തിൽ വേഷം നോക്കി ഒരാളുടെ ആത്മീയതയെ പൊതുവായി വിലയിരുത്താറുണ്ട്. രണ്ടാമതായി ഭാഷ, നല്ല അഭിഷേകമുള്ള പ്രസംഗം, നീണ്ട പ്രാർത്ഥന എപ്പോഴും സ്തോത്രം, ഹല്ലേലൂയാ എന്നേ പറയൂ, എപ്പോൾ കണ്ടാലും പ്രാർത്ഥിക്കണമേ എന്നേ പറയൂ. സംസാരം കേട്ടാൽ ആത്മീയനാണെന്നേ തോന്നൂ. ഒരു വ്യക്തിയുടെ വേഷവും ഭാഷയും നോക്കി ഒരു വ്യക്തി ആത്മീയനാണെന്നു പറയാമെങ്കിലും അതിന്റെ പേരിൽ മാത്രം ഒരാൾ ആത്മീയനാണെന്ന് നാം പറയില്ല. മൂന്നാമത്തേത് വളരെ പ്രധാനപ്പെട്ടതാണ് ഒരുവന്റെ പ്രവൃത്തി. ഒരുവന്റെ കൈയ്യിലിരിപ്പ് എങ്ങനെയാണ് എന്ന് നാം നോക്കും. ഒരു വ്യക്തിയുടെ പ്രവൃത്തിയും പൊതുവിൽ വളരെ മെച്ചം. പള്ളിയുടെ എല്ലാ കാര്യങ്ങളിലും മുൻപന്തിയിൽ നിൽക്കുന്നു. മറ്റുള്ളവരെ സഹായിക്കുന്ന വ്യക്തി. സ്വന്തമായി ഓർഫനേജ് പോലും നടത്തുന്ന വ്യക്തി. പ്രവൃത്തികൂടി നന്നായി കണ്ടാൽ ഒരാൾ ആത്മീയനാണെന്ന് നാം പൊതുവേ പറയും. എന്നാൽ ഇവ മൂന്നും ഒരാളുടെ ആത്മീയതയുടെ പൊതുവായ അടയാളങ്ങൾ ആണെങ്കിലും ഇവമൂന്നും ഒരാളുടെ അനാത്മീകതയുടെ കനത്തമറ കൂടിയാണെന്ന് യേശു വ്യക്തമാക്കുന്നു. വേഷം, ഭാഷ, പ്രവർത്തി ഇവ മൂന്നിനേയും യേശു തള്ളികളയുന്നു (മത്താ. 7:15-28). ആടുകളുടെ വേഷത്തിൽ വരുന്ന വ്യാജ പ്രവാചകന്മാരെ സൂക്ഷിച്ചുകൊള്ളുവിൻ. ഉള്ളിൽ അവർ കടിച്ചുചീന്തുന്ന ചെന്നായ്കളാണ്. കർത്താവ് വേഷത്തെ തള്ളുകയാണ് (മത്താ. 7:15). "കർത്താവേ കർത്താവേ എന്ന് വിളിച്ചപേക്ഷിക്കുന്നവനല്ല എന്റെ സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗരാജ്യത്തിൽ പ്രവേശിക്കുക'' (മത്താ 7:22). കർത്താവ് ആത്മീയതയുടെ അടയാളമായി ഭാഷയെ നിരാകരിക്കുകയാണ്. മൂന്നാമതായി യേശു പ്രവർത്തിയെകൂടി തള്ളിക്കളയുകയാണ്. "അന്ന് പലരും എന്നോട് ചോദിക്കും. കർത്താവേ കർത്താവേ നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും, പിശാചുകളെ പുറത്താക്കുകയും നിരവധി അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തില്ലേ? അപ്പോൾ ഞാൻ അവരോട് പറയും നിങ്ങളെ ഞാൻ ഒരിക്കലും അറിഞ്ഞിട്ടില്ല. അനീതി പ്രവർത്തിക്കുന്നവരെ നിങ്ങൾ എന്നിൽ നിന്നും അകന്നു പോകുവിൻ" (മത്താ. 7:22-23). ചുരുക്കത്തിൽ കർത്താവ് വേഷം, ഭാഷ, പ്രവൃത്തി എന്നി പൊതുവായ ആത്മീയതയുടെ അടയാളങ്ങളെ തള്ളിക്കളയുകയാണ്. ഇവ മൂന്നും ആത്മീയതയുടെ അടയാളമാകാമെങ്കിലും ഇവ മൂന്നും ഒരുവന്റെ അനാത്മീകതയുടെ കനത്ത മറ കൂടിയാണ് എന്ന് യേശു പഠിപ്പിക്കുന്നു. അപ്പോൾ പിന്നെ ആരാണ് ആത്മീയൻ? യേശു പറയുന്നു: "ഫലത്തിൽ നിന്ന് അവരെ മനസിലാക്കാം. മുൾച്ചെടിയിൽ നിന്ന് മുന്തിരിപ്പഴമോ, ഞെരിഞ്ഞിലിൽ നിന്ന് അത്തിപ്പഴമോ പറിക്കാറുണ്ടോ...... അവരുടെ ഫലങ്ങളിൽ നിന്ന് നിങ്ങൾ അവരെ അറിയും" (മത്താ. 7:16-20). അതിനാൽ ഒരുവൻ ആത്മീയനാണോ എന്ന് നോക്കേണ്ടത് ഒരുവന്റെ വേഷവും ഭാഷയും പ്രവൃത്തിയും നോക്കിയല്ല ഒരുവനിൽ ആത്മാവിന്റെ ഫലങ്ങൾ ഉണ്ടോ എന്നു നോക്കി വേണം എന്ന് യേശു വ്യക്തമാക്കുന്നു.

**ആത്മാവിന്റെ ഫലങ്ങൾ, ജഡത്തിന്റെ ഫലങ്ങൾ**

യേശു പറഞ്ഞ ഈ ആത്മീയ ഫലങ്ങളെക്കുറിച്ച് വി. പൗലോസ് ശ്ലീഹാ ഗലാത്തിയർക്കെഴുതിയ ലേഖനത്തിൽ വ്യക്തമാക്കുന്നുണ്ട്. പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവനാണ് ആത്മീയൻ ജഡത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവനാണ് അനാത്മീയൻ. ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കന്നവർ സ്വർഗ്ഗരാജ്യത്തിന് അർഹരാകുമെന്നും ജഡത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവർ നരകത്തിനർഹരാകുമെന്നും വി. പൗലോസ് വ്യക്തമാക്കുന്നു (ഗലാ. 5:16-25). ആത്മാവിന്റെ ഫലങ്ങളായ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം ഇവയാണ്. ഇവയ്ക്കെതിരായി ഒരു നിയമവുമില്ല (ഗലാ. 6:22-23). പരിശുദ്ധാത്മാവിൽ നിറഞ്ഞ് ഈ പരിശുദ്ധാത്മ ഫലങ്ങൾ പുറപ്പെടുവിക്കുന്നവനാണ് രക്ഷിക്കപ്പെടുക അഥവാ സ്വർഗരാജ്യത്തിന് അർഹനാകുക. എന്നാൽ ജഡത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവൻ ജഡികനാണ്, അനാത്മികനാണ്. അവൻ ദൈവരാജ്യം അവകാശപ്പെടുകയില്ല. "ജഡത്തിന്റെ വ്യാപാരങ്ങൾ എല്ലാവർക്കുമറിയാം അവ വ്യഭിചാരം, അശുദ്ധി, ദുർവൃത്തി, വിഗ്രഹാരാധന, ആഭിചാരം, ശത്രുത, കലഹം, അസൂയ, കോപം, മാത്സര്യം, ഭിന്നത, വിഭാഗീയ ചിന്ത, വിദ്വേഷം, മദ്യപാനം, മദിരോത്സവം ഇവയും ഈ ദൃശ്യമായ പ്രവൃത്തികളാണ്. ഇത്തരം പ്രവൃത്തികളിൽ ഏർപ്പെടുന്നവർ ദൈവരാജ്യം അവകാശപ്പെടുകയില്ലെന്ന് മുമ്പ് ഞാൻ നിങ്ങൾക്ക് നൽകിയ താക്കീത് ഇപ്പോഴും ആവർത്തിക്കുന്നു" (ഗലാ. 5:19-21). മുകളിൽ പറഞ്ഞിരിക്കുന്ന ലിസ്റ്റിൽ ആദ്യത്തെ നാലെണ്ണം നാം ഗൗരവമുള്ളതായി കരുതും. ബാക്കിയുള്ളവ ഒരു സാധാരണ വിശ്വാസി പൊതുവേ കണ്ണടച്ചുകളയുന്നതാണ്. ശത്രുത, കലഹം, അസൂയ, കോപം, മാത്സര്യം, ഭിന്നത, വിദ്വേഷം തുടങ്ങിയ പ്രവർത്തികൾ ചെയ്യുന്നവർ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കില്ല എന്നു പറയുമ്പോൾ നാം ഏറെ ഭയപ്പെടേണ്ടിയിരിക്കുന്നു. അങ്ങനെയെങ്കിൽ എത്ര പേർ സ്വർഗ്ഗത്തിനർഹരാകും? ആർക്കാണ് അതിന് സാധിക്കുക?

ചുരുക്കത്തിൽ മാമോദീസായിൽ വീണ്ടും ജനിച്ച് പരിശുദ്ധാത്മാവിന്റെ അഭിഷേകം സ്വീകരിച്ച് പരിശുദ്ധാത്മ ഫലങ്ങൾ പുറപ്പെടുവിച്ച് പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടുന്നവനാണ് ആത്മീകൻ അവൻ സ്വർഗരാജ്യത്തിന് അവകാശിയാകും. അല്ലാതെ മാമോദീസാ സ്വീകരിച്ച് കത്തോലിക്കാസഭയുടെ അംഗമായി ജഡികനായി ജീവിച്ച് ജഡത്തിന്റെ ഫലങ്ങൾ പുറപ്പെടുവിച്ചാൽ അവൻ രക്ഷപ്രാപിക്കുകയില്ലാ സ്വർഗത്തിന് അവകാശിയാകുകയും ഇല്ല. ഒരു വ്യക്തി ആത്മാവിനാൽ നിയന്ത്രിക്കപ്പെട്ട് ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നുണ്ടോ അതോ പിശാചിനാൽ നിയന്ത്രിക്കപ്പെട്ട് ജഡത്തിന്റെ ഫലങ്ങളാണോ പുറപ്പെടുവിക്കുന്നത്? അതിനാൽ പരിശുദ്ധാത്മാവിൽ വീണ്ടും ജനിച്ചു എന്ന ബോധ്യത്തിൽ പരിശുദ്ധാത്മ അഭിഷേകം സ്വീകരിച്ച് പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെട്ട് പരിശുദ്ധാത്മ ഫലങ്ങൾ പുറപ്പെടുവിക്കുന്ന ഒരു വ്യക്തിയായി തീരുവാനുള്ള വിളിയാണ് സുവിശേഷ സംഘത്തിലേക്കുള്ള വിളി.

**പരിശുദ്ധാത്മാവ് വന്നു കഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും**


സുവിശേഷം പറയുന്നൊരു ക്രിസ്തീയത, യേശു വിഭാവന ചെയ്യുന്ന ഒരു ശിഷ്യത്വം, അതിന്റെ നിറവിൽ ജീവിക്കുവാൻ മനുഷ്യശക്തികൊണ്ട് സാധ്യമല്ല. ഒരു വ്യക്തിയുടെ കഴിവുകൊണ്ടോ അറിവുകൊണ്ടോ, പരിശ്രമം കൊണ്ടോ മാത്രം ഒരു വിശുദ്ധ ജീവിതം അഥവാ ഒരു യഥാർത്ഥ ക്രിസ്തീയ ജീവിതം നയിക്കുക അസാധ്യമാണ്. ഒരു പശു പ്രസവിച്ച് ഒരു പശുകിടാവ് ഉണ്ടായാൽ അത് മണിക്കൂറുകൾക്കകം ചാടി എഴുന്നേറ്റ് ഓടി നടക്കും. എന്നാൽ ഒരു മനുഷ്യകുഞ്ഞ് നടക്കുന്നതുപോലെ അതിനെ രണ്ടു കാലിൽ നടക്കാൻ പരിശീലിപ്പിക്കുകയാണെന്നു കരുതുക. അതിന്റെ മുമ്പിലത്തെ രണ്ടു കാലുകൾ കെട്ടിയിട്ട് പുറകിലുള്ള രണ്ടു കാലിൽ നടക്കാൻ പരിശീലനം നല്കിയാൽ രണ്ടുകാലിൽ അതിന് ഒരിക്കലും നടക്കാൻ സാധിക്കില്ല. കാരണം അതിന്റെ ജന്മം ഒരു പശു ജന്മമാണ് ഒരു മൃഗജന്മമാണ്. ഒരു

*(തുടർച്ച 14-ാം പേജിൽ)*

www.malankaralibrary.com



മുഖമൊഴി



# വരുവിൻ, പുതിയ ദൗത്യങ്ങൾ ഏറ്റെടുക്കാം

**ഡോ. ഏബ്രഹാം ജോർജ് (എഡിറ്റർ)**
രൂപതാതല സുവിശേഷസംഘാംഗം
തിരുവനന്തപുരം മേജർ അതിഭദ്രാസനം

ദൈവദാസൻ മാർ ഈവാനിയോസ് പിതാവ്, ഏകദേശം ഒരു നൂറ്റാണ്ട്മുമ്പ് സ്വപ്നം കണ്ട 'ഭാരത്തിന്റെ സുവിശേഷവത്കരണം' ഫലപ്രാപ്തിയിൽ എത്തിക്കാൻ ഇതാ മലങ്കരസുറിയാനി കത്തോലിക്കാ സഭയ്ക്ക് അവസരം ലഭിച്ചിരിക്കുന്നു. ഗുഡ്ഗാവ് രൂപതയും, പൂനാ ഖഡ്കി എക്സാർക്കേറ്റ് രൂപീകരണവും വഴി നമുക്ക് ഭാരതം മുഴുവൻ അജപാലനദൗത്യം ഏറ്റെടുക്കാനുള്ള അവകാശം ലഭിച്ചിരിക്കുന്നു. ഇനിയും നമുക്ക് ഒഴിവുകഴിവുകൾ പറഞ്ഞ് മാറി നിൽക്കാൻ സാധ്യമല്ല. എന്നാൽ എങ്ങിനെയാണ് നാം മുന്നോട്ടുപോകേണ്ടത്? പല വടക്കേഇന്ത്യൻ സംസ്ഥാനങ്ങളിലും ചെറിയ തോതിലെങ്കിലും നമുക്ക് വാതിൽ തുറന്ന് കിട്ടിയിരിക്കുന്നു. ഇനിയുള്ള പ്രവർത്തനങ്ങൾ, ബാഹ്യകേരളത്തിൽ ഉള്ളവരുടെ മാത്രം ഉത്തരവാദിത്വമായി കണ്ട് മാറി നിൽക്കാൻ സാധ്യമല്ല. സഭയൊന്നാകെ ഇതിനെപ്പറ്റി ചിന്തിക്കുകയും, നൂതന മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. പ്രത്യേകിച്ചും, ഭാരതത്തിന്റെ ബഹുസ്വരതയ്ക്കും, മതേതരത്വത്തിനും വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ.

"നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രഘോഷിക്കുവിൻ" ഇത് ഓരോ ക്രൈസ്തവനും, കത്തോലിക്കനും, വിശിഷ്യ മലങ്കര സുറിയാനി കത്തോലിക്കനും ലഭിച്ചിരിക്കുന്ന ശാസനയാണ്. സുവിശേഷ പ്രഘോഷണവും, സുവിശേഷവത്കരണവും ഓരോ മലങ്കര സുറിയാനി കത്തോലിക്കന്റെയും, പ്രത്യേകിച്ച് ഓരോ സുവിശേഷ സംഘാംഗത്തിന്റെയും ഉത്തരവാദിത്വമാണെന്ന ബോധ്യം ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ ബോധ്യം ഉണ്ടാകുമ്പോൾ പ്രേഷിതപ്രവർത്തനങ്ങൾക്കുള്ള ആളും അർത്ഥവും കാലാകാലങ്ങളിൽ ആവശ്യത്തിനു ലഭ്യമാകും. ഭാരതത്തിന്റെ സുവിശേഷവത്കരണത്തെപ്പറ്റി ചിന്തിക്കുമ്പോൾ ഓരോ വ്യക്തിയും ഇത് അവരെ ദൈവം ഭരമേൽപ്പിച്ചിരിക്കുന്ന ചുമതല ആണെന്ന് തിരിച്ചറിയണം.

ഭാരതത്തിൽ വന്ന ക്രൈസ്തവമിഷനറിമാരുടെ പ്രവർത്തനങ്ങളെപ്പറ്റി നാം ഊറ്റം കൊള്ളറുണ്ട്. മദർ തെരേസായെക്കുറിച്ച് നാം അഭിമാനിക്കുന്നു. അവരെയൊക്കെ നയിച്ച, വഴിനടത്തിയ ദൈവത്തിൽ തന്നെയാണ് നാമും വിശ്വസിക്കുന്നത്. അതുകൊണ്ട് അവരുടെ ചിന്താധാരകളെ നാം സ്വാംശീകരിക്കേണ്ടിയിരിക്കുന്നു. വെല്ലുവിളികൾ ഏറ്റെടുത്ത് ഭാരതത്തിലേക്ക് കടന്നുവന്ന മിഷനറിമാരെപ്പറ്റി നമുക്ക് ആഴത്തിൽ പഠിക്കാം. അവരുടെ മനോഭാവത്തിലേക്ക് വളരാം.

ഭാരതീയർ അടിസ്ഥാനപരമായി ഒരു ആദ്ധ്യാത്മിക ശൈലിയിൽ ജീവിക്കുന്നവരാണ്. ഉദാത്തവും, ഉൽകൃഷ്ടവുമായ ആദ്ധ്യാത്മീയ അടിത്തറ ബഹുഭൂരിപക്ഷം ഭാരതീയനും സ്വന്തമാണ്. അതുകൊണ്ട് ഒരിക്കലും പ്രസംഗങ്ങളിൽ കൂടിയോ, പ്രകടനങ്ങളിൽ കൂടിയോ, അവരെ സ്വധീനിക്കുക എളുപ്പമല്ല. മാനസാന്തരം സംഭവിക്കുന്നത്, സുവിശേഷം പ്രാവർത്തികമാകുന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിൽകൂടി മാത്രമാണ്. അത് സംഭവിക്കണമെങ്കിൽ നമ്മുടെ പ്രാർത്ഥന അനിവാര്യമാണ്. സുവിശേഷവത്കരണം എന്റെ ദൗത്യമാണെന്ന് ചിന്തിക്കുമ്പോൾ അതിനായി നമുക്ക് പ്രാർത്ഥിക്കാതിരിക്കുക അസാദ്ധ്യമാണ്.

"ഭൂവിലശേഷം ദൈവത്താൽ പ്രേരിതരായ.....................................", നമുക്ക് സുപരിചിതമായ ഗീതം. ഇതുതന്നെയാണല്ലോ നമ്മുടെ പ്രാർത്ഥനയും, നമ്മുടെ നിയോഗവും. സുവിശേഷസംഘത്തിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്ന ഈ അവസരത്തിൽ അടുത്ത ഘട്ടത്തേപ്പറ്റിയും നമുക്ക് സജീവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. ജറുസലേമും, സമരിയായും വിട്ട് പുതിയ മേഖലകളേപ്പറ്റി പഠിക്കുകയും, അതിനായി തയ്യാറെടുക്കുകയും ചെയ്യാം. അങ്ങിനെ പുതിയ നിയോഗങ്ങൾ ഏറ്റെടുത്ത്, ഭാരതത്തിന്റെ സുവിശേഷവത്കരണത്തിനായി പ്രാർത്ഥിക്കാം, പ്രയത്നിക്കാം.

**മുഖ്യരക്ഷാധികാരി**
മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവ
**രക്ഷാധികാരി**
റവ. ഡോ. ജേക്കബ് മാർ ബർണബാസ്
**ചീഫ് എഡിറ്റർ**
റവ. ഡോ. ആന്റണി കാക്കനാട്ട്
**മാനേജിംഗ് എഡിറ്റർ**
റവ. സി. ഫ്രാൻസിന D.M.
**എഡിറ്റർ**
ഡോ. എബ്രഹാം ജോർജ്ജ് മാങ്കാവിൽ
**എഡിറ്റോറിയൽ ബോർഡ്**
റവ. ഡോ. സി. നമിത SIC
ഡോ. തോമസുകുട്ടി പനച്ചിക്കൽ
ഡോ. വി. ജെ. ജേക്കബ്
ഡോ. ജോജു ജോൺ
ബാർ ഈത്തോ കാശീറോ പി. പൗലോസ്

ധ്യാനചിന്ത



# അഗ്നിക്കുള്ളിലെ നിധി

**ഫാ. ഗോഡ്ജോയി**
സഭാതല സുവിശേഷസംഘാംഗം

എന്താണ് സഹനം. ശരീരത്തിനോ മനസിനോ ഉണ്ടാകുന്ന വേദനയെ സഹനം എന്നു പറയാം. ഈ ലോകജീവിതത്തിൽ ഒരാൾക്കും സഹിക്കാതെ ജീവിതം അവസാനിപ്പിക്കാൻ കഴിയില്ല. ചിലർ വളരെ കുറച്ച് സഹിക്കും, മറ്റുചിലർ വളരെ നാൾ സഹിക്കേണ്ടിവരും. കുറച്ച് സഹിച്ചാലും കൂടുതൽ സഹിച്ചാലും എല്ലാ മനുഷ്യനും ജീവിതത്തിൽ സഹനത്തിന്റെ കാസ നുകർന്നേ മതിയാവൂ. കാരണം സഹനം ജീവിതത്തിലെ ഒരു അനിവാര്യതയാണ്. ബുദ്ധമതസ്ഥാപകനായ ശ്രീബുദ്ധൻ മനുഷ്യജീവിതത്തിലെ സഹനത്തെ ഒഴിവാക്കുവാൻ ഒരുവനിലെ ആശയെ നിഗ്രഹിക്കണം എന്നു പഠിപ്പിച്ചു. എന്നാൽ ആശകളില്ലാതെ ആർക്ക് ജീവിക്കാനാവും. അതുകൊണ്ട് മനുഷ്യൻ തന്റെ ജീവിതത്തിൽ എപ്പോഴെങ്കിലും സഹനം എന്ന യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കും.

ക്രിസ്തുമതത്തിന് സഹനത്തോടുള്ള സമീപനം എന്താണ്? ക്രിസ്തു സഹനത്തെ ഒഴിവാക്കാനല്ല, മറിച്ച് സഹനത്തെ രക്ഷയുടെ കവാടമാണെന്ന് പഠിപ്പിച്ചു. തന്റെ ജീവിതത്തിലൂടെ അവൻ അത് കാട്ടിതന്നു. "മനുഷ്യപുത്രൻ വളരെയേറെ സഹിക്കുകയും ജനപ്രമാണികൾ, പ്രധാനപുരോഹിതൻമാർ, നിയമജ്ഞർ എന്നിവരാൽ തിരസ്ക്കരിക്കപ്പെടുകയും വധിക്കപ്പെടുകയും മൂന്നുദിവസങ്ങൾക്കു ശേഷം ഉയിർത്തെഴുന്നേൽക്കുകയും ചെയ്യേണ്ടിയിരിക്കുന്നു" (മർക്കോ. 8:31). സഹനം മഹത്വത്തിന്റെ കവാടം കൂടിയാണ്. "ക്രിസ്തു ഇതെല്ലാം സഹിച്ചു മഹത്വത്തിലേക്ക് പ്രവേശിക്കേണ്ടതായിരുന്നില്ലേ?" (ലൂക്ക. 24:26).

ക്രിസ്ത്യാനികളായിരിക്കുന്ന നാം സഹനത്തെ ഒഴിവാക്കാനല്ല പരിശ്രമിക്കേണ്ടത്, മറിച്ച് അവയെ മഹത്വത്തിന്റെയും രക്ഷയുടെയും കവാടമാക്കുവാനാണ്. ക്രിസ്തുവിന്റെ പീഢകളിൽ നിങ്ങൾ പങ്കുകാരാകുന്നതിൽ ആഹ്ലാദിക്കുവിൻ ! അവന്റെ നാമം വെളിപ്പെടുമ്പോൾ നിങ്ങൾ അത്യധികം ആഹ്ലാദിക്കും". (1 പത്രോ. 4:13). "നീ ഉടനെ സഹിക്കാനിരിക്കുന്നവയെ ഭയപ്പെടരുത്. നിങ്ങളിൽ ചിലരെ പിശാചു തടവിലിടാനിരിക്കുന്നു. അതു നിങ്ങൾ പരീക്ഷിക്കപ്പെടുന്നതിനാണ്: പത്തു ദിവസത്തേക്കു നിങ്ങൾക്കു ഞെരുക്കമുണ്ടാകും. മരണംവരെ വിശ്വസ്തനായിരിക്കുക; ജീവന്റെ കിരീടം നിനക്കു ഞാൻ നല്കും." (വെളി. 2:10). ജീവിതത്തിലേക്ക് കടന്നു വരുന്ന സഹനങ്ങളെ ക്രിസ്തുവിനോടു കൂടെ സഹിക്കുക അപ്പോൾ നാം അവന്റെ സഹനത്തിൽ പങ്കുചേരുകയും അവനോടുകൂടെ ജീവിക്കുകയും ചെയ്യും". ക്രിസ്തുവിൽ വിശ്വസിക്കാൻ മാത്രമല്ല, അവനുവേണ്ടി സഹിക്കാൻ കൂടിയുള്ള അനുഗ്രഹം അവനെപ്രതി നിങ്ങൾക്കു ലഭിച്ചിരിക്കുന്നു". (ഫിലി. 1:29) ഇവിടെ സഹനത്തെ ഒരു അനുഗ്രഹമായി നമുക്കു കാണാൻ കഴിയും. വി. അൽഫോൻസയെ പോലുള്ള അനേകം വിശുദ്ധർ സഹനത്തിലൂടെ അനുഗ്രഹം പ്രാപിച്ചവരാണ്. പ്രഭാഷകന്റെ പുസ്തകം 2:5 വാക്യം ഇപ്രകാരം പറയുന്നു. "സ്വർണ്ണം അഗ്നിയിൽ ശുദ്ധിചെയ്യപ്പെടുന്നു; സഹനത്തിന്റെ ചൂളയിൽ കർത്താവിനു സ്വീകാര്യരായ മനുഷ്യനും". കർത്താവിനു സ്വീകാര്യരായ മനുഷ്യരെ അവൻ സഹനത്തിന്റെ ചൂളയിലൂടെ ശുദ്ധിചെയ്തെടുക്കുന്നു. ബൈബിളിലെ ജോബിന്റെ പുസ്തകം മുഴുവനും തന്റെ സ്വീകാര്യനായ ജോബിനെ ശുദ്ധിചെയ്ത് എടുക്കുന്നതിനെ കുറിച്ചാണ്. സഹനത്തിന്റെ അഗ്നിയിലൂടെ നാം ശോധന ചെയ്യപ്പെടുന്നുണ്ടെങ്കിൽ അന്ത്യവിധിയിലെ നരകാഗ്നിയിൽ നിന്നും നാം രക്ഷപ്രാപിക്കും. ഈ ലോകത്തിലെ സഹനങ്ങൾ നമുക്ക് നരകതുല്യമായി തോന്നാം. എന്നാൽ ദൈവം നമ്മെ വിശുദ്ധീകരിക്കുകയാണ്.

1 കോരി. 3:13,14 "ഓരോരുത്തരുടെയും പണി പരസ്യമാകും. കർത്താവിന്റെ ദിനത്തിൽ അതു വിളംബരം ചെയ്യും അഗ്നിയിൽ അതു വെളിവാക്കപ്പെടും. ഓരോരുത്തരുടെയും പണി ഏതു തരത്തിലുള്ളതെന്ന് അഗ്നി തെളിയിക്കുകയും ചെയ്യും. ആരുടെ പണി നിലനിൽക്കുന്നുവോ അവൻ സമ്മാനിതനാകും." അവസാന നാളിൽ ലഭിക്കുന്ന സമ്മാനത്തിനുവേണ്ടി നാം പ്രത്യാശിക്കുന്നുണ്ടെങ്കിൽ ഇപ്പോൾ നാം ജീവിതത്തിലെ സഹനമാകുന്ന അഗ്നിയിലൂടെ ശോധന ചെയ്യപ്പെടുകതന്നെ വേണം.



ഗുഡ്ഗാവ് - ഡൽഹി രൂപതയുടെ സാമൂഹ്യക്ഷേമ വകുപ്പായ പ്രചോദനയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ശുശ്രൂഷാകേന്ദ്രം

www.malankaralibrary.com



# മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ



സഭാതല സുവിശേഷസംഘത്തിന്റെ നാലാം ബാച്ച് പട്ടത്ത് കാതോലിക്കേറ്റിൽ പരിശീലനത്തിൽ

## സഭാതല വാർത്തകൾ

സുവിശേഷസംഘത്തിന്റെ പ്രസിദ്ധീകരണമായ റീഹോ ദ് ഏവൻഗേലിയോൻ (സുവിശേഷത്തിന്റെ പരിമളം) എന്ന ത്രൈമാസിക രണ്ടാം ലക്കം 10,000 കോപ്പി 2016 ജനുവരിയിൽ പ്രസിദ്ധീകരിച്ച് മലങ്കര സഭയിലെ എല്ലാ വൈദീകർക്കും, എല്ലാ സന്യാസഭവനങ്ങൾക്കും, സുവിശേഷസംഘാംഗങ്ങൾക്കുമായി 3500 കോപ്പി അയച്ചുകൊടുത്തു. ബാക്കിയുള്ളവ സുവിശേഷസംഘാംഗങ്ങൾ വഴി ഇടവകകളിലും വിതരണം ചെയ്തുവരുന്നു.

### സഭാതല സുവിശേഷസംഘം നാലാം ബാച്ച്

2016 ജനുവരി 7, 8, 9 തീയതികളിൽ സഭാതല സുവിശേഷസംഘം നാലാം ബാച്ചിന്റെ ഒന്നാം പരിശീലനപരിപാടി കാതോലിക്കേററ് സെന്ററിൽ വച്ച് നടന്നു.നമ്മുടെ എല്ലാ രൂപതകളുടെയും പ്രതിനിധികളായി **82** പേർ നാലാം ബാച്ചിൽ പങ്കെടുത്തു എന്നത് വലിയ അനുഗ്രഹമായി കരുതുന്നു.



സുവിശേഷസംഘ സംഗമത്തിൽനിന്നും




സുവിശേഷസംഘ സംഗമത്തിൽ ജേക്കബ് മാർ ബർണബാസ് മെത്രാപ്പോലിത്താ സംസാരിക്കുന്നു

### സുവിശേഷസംഘ സംഗമം

2016 ജനുവരി 29, 30 തീയതികളിൽ നമ്മുടെ എല്ലാരൂപതകളിൽ നിന്നും സഭാതലത്തിലും രൂപതാതലത്തിലും കൈവയ്പ്പ് സ്വീകരിച്ചവരുടെ സംഗമം കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടന്നു. 176 പേർ ഈ സംഗമത്തിൽ സംബന്ധിച്ച് അനുഗ്രഹീതരായി.

### സഭാതല സുവിശേഷസംഘം മൂന്നാം ബാച്ച്

2016 ഫെബ്രുവരി 18,19,20 തീയതികളിൽ സഭാതലം മൂന്നാം ബാച്ചിന്റെ അഞ്ചാം പരിശീലന പരിപാടി തിരുവല്ലാ ശാന്തിനിലയത്തിൽ വച്ച് നടന്നു. 60 പേർ ഇതിൽ സംബന്ധിച്ചു.

### രൂപതാസംഘം

സഭാതല റ്റീമിന്റെ നേതൃത്വത്തിൽ ജനുവരി 22, 23 തീയതികളിൽ തിരുവല്ലാ രൂപതയുടെ കട്ടപ്പന റീജനൽ സംഘത്തിന്റേയും, ഫെബ്രുവരി 26, 27, തീയതികളിൽ പത്തനംതിട്ട രൂപതാസംഘം രണ്ടാം ബാച്ചിന്റേയും, മാർച്ച് 5, 6 തീയതികളിൽ ഡൽഹി, മദ്രാസ് എന്നീ റീജനൽ സംഘത്തിന്റേയും, മാർച്ച് 12,13 തീയതികളിൽ ഭോപ്പാൽ റീജനൽ സംഘത്തിന്റേയും പരിശീലന പരിപാടികൾ നടന്നു. കൂടാതെ മാർച്ച് 1, 2 തീയതികളിൽ ഡൽഹി രൂപതയിൽ മയൂർവിഹാർ ഇടവകയുടെയും, മാർച്ച് 8,9,10 തീയതികളിൽ സൂറത്ത് ഇടവകയുടെയും ഭവനസന്ദർശനവും നടന്നു.

www.malankaralibrary.com



# മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ



സുവിശേഷസംഘ സംഗമ വേദിയിലേക്ക് ബസേലിയോസ് ക്ലീമീസ് ബാവാ തിരുമേനി കടന്നുവരുന്നു

## രൂപതാതല വാർത്തകൾ

### 1. തിരുവനന്തപുരം മേജർ അതിരൂപത
### ഫാ. ഗോഡ് ജോയി

ദൈവത്തിന്റെ പരിപാലനയിൽ സുവിശേഷസംഘ ശുശ്രൂഷകൾ ഭംഗിയായി നടക്കുന്നു.ഇതിനോടകം 135 പള്ളികളിൽ സുവിശേഷസംഘ ധ്യാനം നടത്തുകയും 10800 കടുംബങ്ങൾ സന്ദർശിക്കുകയും ചെയ്തു. മേജർ അതിരൂപതയിൽ കൈവയ്പപ് ലഭിച്ച സംഘാംഗങ്ങളുടെ ഒരു ദിവസത്തെ ധ്യാനം 2016 മാർച്ച് 7ന് പട്ടത്തു വച്ച് നടന്നു. ഓരോ സുവിശേഷസംഘാംഗത്തിനും നൽകിയിട്ടുള്ള ഇടവകകളിൽ നടക്കുന്ന ഇടവക സംഘ പരിശീലനത്തെപ്പറ്റി സംഘാംഗങ്ങൾ റിപ്പോർട്ട് അവതരിപ്പിച്ചു. ആയൂർ വൈദിക ജില്ലയുടെ ആഭിമുഖ്യത്തിൽ അഞ്ചൽ പള്ളിയിൽ വച്ച് എല്ലാ മാസത്തിലെയും ആദ്യ ചൊവ്വാഴ്ച സുവിശേഷസന്ധ്യ നടത്തപ്പെടുന്നു. പാറശാല വൈദികജില്ലയിൽ മാർച്ച് 18 ന് ജില്ലാസംഘത്തിന്റെ തുടർ പരിശീലനം നടത്തി. അഞ്ചൽ സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റലിൽ സുവിശേഷസംഘത്തിന്റെ നേതൃത്വത്തിൽ ഹോസ്പിറ്റൽ മിനിസ്ട്രി ആരംഭിച്ചു. മേജർ അതിരൂപതാ സുവിശേഷസംഘം രണ്ടാം ബാച്ചിന്റെ രണ്ടാം പരിശീലന പരിപാടി ഫെബ്രു. 6, 7 തീയതികളിൽ നടന്നു. ഏപ്രിൽ, മെയ് മാസങ്ങളിൽ കുട്ടികൾക്കും യുവജനങ്ങൾക്കും സുവിശേഷസംഘ പരിശീലനം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു

### 2. തിരുവല്ല അതിരൂപത
### ഫാ. സെബാസ്റ്റ്യൻ കുന്നുംപുറത്ത്

സുവിശേഷസംഘത്തിന്റെ ശുശ്രൂഷകൾ തിരുവല്ലാ അതിരൂപതയിൽ നന്നായി പോകുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. ഇതിനോടകം 32 പള്ളികളിൽ ഭവനസന്ദർശന ശുശ്രൂഷ നടത്തി.1525 കുടുംബങ്ങൾ സന്ദർശിച്ചു. 2016 നവംബർ 27ാം തീയതിയോടുകൂടി ഹൈറേഞ്ച് മേഖലയിലെ എല്ലാ ഇടവകകളും ഭവനങ്ങളും സന്ദർശിക്കുവാൻ പദ്ധതി തയ്യാറാക്കിയിരിക്കുന്നു. രൂപതാസുവിശേഷസംഘത്തിന്റെ രണ്ടാമത് തുടർപരിശീലനം ജനുവരി 22,23 തീയതികളിൽ കട്ടപ്പന ജ്യോതിസ് ഭവനിൽ വച്ച് നടന്നു. കുമളി മേഖലയിൽ യുവജനങ്ങൾക്കുവേണ്ടി സുവിശേഷസംഘ പരിശീലനം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു

### 3. പത്തനംതിട്ട രൂപത
### ഫാ. ജെയിംസ് ഇലഞ്ഞിക്കൽ

പത്തനംതിട്ട രൂപതയിൽ സുവിശേഷസംഘ പ്രവർത്തനങ്ങൾ നന്നായി പോകുന്നു. ഇതിനോടകം 23 ദേവാലയങ്ങളിൽ സുവിശേഷസംഘത്തന്റെ നേതൃത്വത്തിൽ ധ്യാനം നടത്തുകയും 1500 ഭവനങ്ങൾ സന്ദർശിക്കകയും ചെയ്തു. രൂപതാദ്ധ്യക്ഷന്റെ നേതൃത്വത്തിൽ രൂപതയിലെ കൈവയ്പ്പ് ലഭിച്ചവർക്കായി ഒരു ഏകദിന ധ്യാനം നടത്തുകയുണ്ടായി. എല്ലാ മാസത്തിലെയും മൂന്നാം ഞായറാഴ്ച സുവിശേഷസംഘാംഗങ്ങളുടെ ഭവനങ്ങളിൽ വച്ച് പ്രാർത്ഥനാ ശുശ്രൂഷ നടത്തുന്നു. രൂപതാസംഘം രണ്ടാം ബാച്ചിന്റെ രണ്ടാം പരിശീലനം ഫെബ്രു. 27,28 തീയതികളിൽ പത്തനംതിട്ട മൗണ്ട് താബോറിൽ വച്ച് നടത്തുകയുണ്ടായി.



സുവിശേഷസംഘ സംഗമത്തിൽ തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലിത്താ സംസാരിക്കുന്നു

### 4. ബത്തേരി രൂപത
### ഫാ. സെബാസ്റ്റ്യൻ കീപ്പള്ളിൽ

ബത്തേരി രൂപതാ സുവിശേഷസംഘശുശ്രൂഷകൾ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നു. ഇതിനോടകം 40 ദേവാലയങ്ങളിൽ സുവിശേഷസംഘ ധ്യാനം നടത്തുകയും 2497 ഭവനങ്ങൾ സന്ദർശിക്കുകയും ചെയ്തു. എല്ലാ ജില്ലകളിലും സുവിശേഷസംഘത്തിന്റെ മാസം തോറുമുള്ള കൂടിവരവ് നടക്കുന്നു. പത്ത്, പന്ത്രണ്ട് എന്നീ ക്ളാസ്സുകളിൾ പരീക്ഷ എഴുതുന്ന കട്ടികളുടെ ഭവനങ്ങളിൽ സുവിശേഷസംഘാംഗങ്ങൾ സന്ദർശിച്ച് പ്രാർത്ഥന നടത്തി. കരുണയുടെ വർഷം പ്രമാണിച്ച് മാസത്തിൽ ഒരിക്കൽ സുവിശേഷസംഘാംഗങ്ങൾ ഭക്ഷണം വിതരണം ചെയ്യുന്നു.

### 5. മാവേലിക്കര രൂപത
### ഫാ. കുരിയാക്കോസ് തിരുവാലിൽ

സുവിശേഷസംഘശുശ്രൂഷകൾ മാവേലിക്കര രൂപതയിൽ നടന്നു വരുന്നു. രൂപതാ സുവിശേഷസംഘത്തിന്റെ തുടർ പരിശീലനം ഫെബ്രു. 6, 7 തീയതികളിൽ കൊട്ടിയത്ത് വച്ച് നടന്നു. സുവിശേഷസംഘാംഗങ്ങൾ നേതൃത്വം നൽകിയ ഭദ്രാസന കൺവൻഷൻ ഫെബ്രു. 11,12,13,14 തീയതികളിൽ മാവേലിക്കരയിൽ വച്ച് അനുഗ്രഹപ്രദമായി നടന്നു. കൈവയ്പ്പ് ലഭിച്ച സുവിശേഷസംഘാംഗങ്ങളുടെ ഒരു ഏകദിന ധ്യാനം ഈ ദിവസങ്ങളിൽ നടക്കുകയുണ്ടായി. ഇതിനോടകം 10 ദേവാലയങ്ങളിൽ ശുശ്രൂഷ നടത്തുകയും 550 ഭവനങ്ങൾ സന്ദർശിക്കുകയും ചെയ്തു.

### 6. മാർത്താണ്ഡം രൂപത
### ഫാ. സജിത് ഫ്രാൻസിസ്

മാർത്താണ്ഡം രൂപതയിൽ സുവിശേഷസംഘ പ്രവർത്തനങ്ങൾ നന്നായി പോകുന്നു. 15 ദേവാലയങ്ങളിൽ സുവിശേഷസംഘത്തിന്റെ ധ്യാനം നടത്തുകയും ആ ദേവാലയങ്ങളിൽ ഇടവകസംഘം രൂപീകരിക്കുകയും ചെയ്തു. ഇടവകസുവിശേഷസംഘാംഗങ്ങളുടെ തുടർ പരിശീലനവും എല്ലാ മാസവും ക്രമമായി നടക്കുന്നു. ഇതിനോടകം 15 പള്ളികളിൽ നിന്നായി 2090 ഭവനങ്ങൾ സന്ദർശിച്ചു. രൂപതാതലസുവിശേഷസംഘത്തിന്റെ പരിശീലനം എല്ലാ മാസവും നടത്തുന്നു. യുവജനങ്ങൾക്കായി ഫെബ്രുവരി മാസത്തിൽ സുവിശേഷസംഘ പരിശീലനം നടത്തി.

### 7. മൂവാറ്റുപുഴ രൂപത
### ഫാ. ജിനോ ആറ്റുമാലിൽ

സുവിശേഷസംഘത്തിന്റെ വിവിധ ശുശ്രൂഷകൾ മൂവാറ്റുപുഴ രൂപതയിൽ നടന്നു വരുന്നു. 12 ദേവാലയങ്ങളിൽ ഇതിനോടകം ധ്യാനം നടത്തുകയും 828 ഭവനങ്ങൾ സന്ദർശിച്ച് സുവിശേഷസംഘത്തിന്റെ ആദ്ധ്യാത്മികത പങ്കുവയ്ക്കുകയും ചെയ്തു. മൂവാറ്റുപുഴ രൂപതയിൽ കൈവയ്പ്പ് ലഭിച്ച സംഘാംഗങ്ങൾക്ക് ഒരു ധ്യാനം അഭിവന്ദ്യ ജൂലിയോസ് പിതാവിന്റെ നേതൃത്വത്തിൽ വെങ്ങോലവച്ച് നടത്തുകയുണ്ടായി. രൂപതാ സുവിശേഷസംഘത്തിന്റെ രണ്ടാം ബാച്ച് പരിശീലനം ഏപ്രിൽ 16,17 തീയതികളിൽ വെങ്ങോലവച്ച് നടക്കുന്നതാണ്.

### 8. പുത്തൂർ രൂപത
### ഫാ. മാത്യു വാഴയ്ക്കാപ്പാറ

പുത്തൂർ രൂപത സുവിശേഷസംഘ പ്രവർത്തനങ്ങൾ നന്നായി നടക്കുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. പുത്തൂർ രൂപതയിലെ 7 ദേവാലയങ്ങളിൽ സുവിശേഷസംഘത്തിന്റെ ധ്യാനം നടത്തുകയും 255 ഭവനങ്ങൾ സന്ദർശിച്ച് സുവിശേഷസംഘത്തിന്റെ ആദ്ധ്യാത്മികത പങ്കുവയ്ക്കുകയും ചെയ്തു. കൈവയ്പ്പ് ലഭിച്ച സംഘാംഗങ്ങൾ മാസത്തിലൊരിക്കൽ ഒന്നിച്ചുകൂടി പ്രാർത്ഥനാ ശുശ്രൂഷ നിർവ്വഹിക്കുന്നു.

*(തുടർച്ച 14-ാം പേജിൽ)*

www.malankaralibrary.com





# എങ്ങനെ ഞാൻ നന്ദിചൊല്ലും...

**സിസ്റ്റർ മേരി ലിസ്യു ഡി. എം.**
സഭാതലം രണ്ടാം ബാച്ച്

കർത്താവിന്റെ പ്രവൃത്തികൾ വിസ്മയാവഹമാണ്. അവിടുത്തെ അത്ഭുതപ്രവർത്തികൾ വിവരിക്കാൻ ആർക്കു കഴിയും....... സുവിശേഷസംഘം എന്ന അമൂല്യനിധിയെക്കുറിച്ച് ഓർക്കുമ്പോൾ എന്റെ മനസ്സിലേയ്ക്കോടി വരിക സങ്കീർത്തകന്റെ ഈ അനുഭവം ആണ്. ആത്മാർത്ഥത നിറഞ്ഞ ഏതു പ്രാർത്ഥനയും കേൾക്കപ്പെടാതെ, അംഗീകരിക്കപ്പെടാതെ പോകില്ല എന്നതിന്റെ വലിയ തെളിവാണ് എനിക്കീ സുവിശേഷസംഘം. എന്റെ ഹൃദയത്തിന്റെ നിലവിളിക്ക് സ്വർഗ്ഗം കനിഞ്ഞു നല്കിയ ഉത്തരം കൂടിയാണ് എനിക്ക് സുവിശേഷസംഘം.


ഞാനീ പറഞ്ഞതിന് അല്പം ചരിത്രമുണ്ട്. ഞാൻ മേരിമക്കൾ സമൂഹത്തിലെ ഒരംഗം. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ അനുഗ്രഹാശിസുകളോടെ വന്ദ്യ മോൺ. ജോസഫ് കുഴിഞ്ഞാലിലച്ചനും ബഹു. മദർമേരിയും ചേർന്ന് ദൈവപരിപാലനയിൽ ആരംഭം കുറിച്ച ഈ സമൂഹം ഒരു മിഷനറി സമൂഹമാണ്. ഭവനസന്ദർശനത്തിലൂടെയുള്ള ദൈവരാജ്യ പ്രഘോഷണമാണ് ഇതിന്റെ പ്രധാന ദൗത്യം. ആദ്യകാലങ്ങളിൽ ഒരു കൈയിൽ ജപമാലയും മറുകൈയിൽ റാന്തൽ വിളക്കുമായി സന്ധ്യാസമയം ഭവനങ്ങൾ തോറും കടന്നു ചെന്ന് അവരോടൊത്ത് അവരിലൊരാളായി പ്രാർത്ഥിക്കുകയും പ്രാർത്ഥിക്കാൻ പഠിപ്പിക്കുകയും അവരെ ദൈവമക്കളാക്കിത്തീർക്കുകയും ചെയ്തിരുന്നത് എനിക്കെന്നും പ്രചോദനമായിരുന്നു. എന്നാൽ ഈ കാലഘട്ടത്തിൽ എങ്ങനെയാണ് ഡി.എം. കാരിസം ജീവിക്കേണ്ടതെന്ന് ആഴത്തിൽ ചിന്തിക്കുകയും തീവ്രമായി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. ഇടവകയിലെ നല്ല കുടുംബങ്ങൾ എന്നറിയപ്പെടുന്ന കുടുംബങ്ങൾപോലും നേരിടുന്ന തകർച്ചകൾ എന്നെ വല്ലാതെ വേദനിപ്പിച്ചു. അതിനൊരു പരിഹാരം കൗദാശിക സഭാത്മക ജീവിതത്തോടൊപ്പം തിരുവചനം പാദങ്ങൾക്കു വിളക്കും പാതയിൽ പ്രകാശവുമായി അനുഭവിച്ചു, ജീവിക്കുന്ന മാതാപിതാക്കളും മക്കളും ഉൾപ്പെടുന്ന കുടുംബങ്ങൾ ഞാൻ സ്വപ്നം കണ്ടു. കുടുംബം ഉള്ളിടത്തോളം കാലം എന്റെ കാരിസം പ്രസക്തമാണെന്നും എനിക്കു ബോധ്യപ്പെട്ടു. വല്യമദറും മൂന്നു സഹോദരിമാരും ചെയ്തതുപോലെ അവരെത്തേടി അവരുടെ ഭവനങ്ങളിലേക്ക് അത്യാവശ്യമായി പോകേണ്ടതുണ്ടെന്നും അതു വളരെ ശ്രമകരമാണെന്നും ഞാൻ അനുഭവിച്ചറിഞ്ഞു. എങ്കിലും ഒരു കൈയിൽ ജപമാലയും മറുകൈയിൽ വി. ഗ്രന്ഥവുമായി കുടുംബങ്ങളിലേക്ക് ഇറങ്ങിത്തിരിച്ചു. തിരുവചനം ഭക്ഷണമാക്കി ജീവിക്കുന്ന കുടുംബങ്ങളെ രൂപപ്പെടുത്തുകയായിരുന്നു ലക്ഷ്യം. നമ്മുടെ ഇടവകമക്കൾ പല ക്രൈസ്തവ വിഭാഗത്തിൽ നിന്നു വന്നവർ ഒരു കുടുംബത്തിൽ തന്നെ ഉള്ളതായി കണ്ടു. വിശ്വാസത്തിന്റെ ഐകരൂപ്യം കുടുംബങ്ങളുടെ കെട്ടുറപ്പിന് അനിവാര്യമാണെന്ന് എനിക്കു ബോധ്യപ്പെട്ടു. സത്യവിശ്വാസത്തിലേയ്ക്ക് നമ്മുടെ കുടുംബങ്ങളെ ആനയിക്കേണ്ടത് വളരെ അത്യാവശ്യകാര്യമായി ഞാൻ തിരിച്ചറിഞ്ഞു. സഭയൊന്നായി എന്റെ ആഗ്രഹം ഏറ്റെടുത്തതുപോലെ... സുവിശേഷകയായ മലങ്കര സഭ എന്ന അസംബ്ലിയുടെ വിഷയം സുവിശേഷസംഘമായി രൂപപ്പെട്ടതു കാണുവാനും പരിശുദ്ധാത്മാവിന്റെ വളരെ പ്രത്യേകമായ നടത്തിപ്പ് രുചിച്ചറിയുവാനും ഈ സംഘത്തിൽ ഒരംഗമായിത്തീരുവാനും കർത്താവെന്നെ അനുഗ്രഹിച്ചു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആദ്ധ്യാത്മീകത, അതിന്റെ തനിമയിൽ, ആഴത്തിൽ ജീവിക്കുന്ന വ്യക്തികളും കുടുംബങ്ങളും ഉൾപ്പെടുന്ന സഭയായി അതിന്ന് അതിശീഘ്രം വളരുന്നു.

ഞാനൊരു സന്യാസിനിയാണ് എന്ന അവബോധം പോലെ തന്നെ എന്നിൽ രൂഢമൂലമായിരിക്കുന്നു ഞാനൊരു സുവിശേഷസംഘാംഗമാണെന്ന ചിന്ത. ഊണിലും ഉറക്കത്തിലും പ്രാർത്ഥനയിലും യാത്രയിലും ഒക്കെ മലങ്കര സഭാ സുവിശേഷസംഘത്തെ ഞാൻ കണ്ടുമുട്ടുന്നു. എന്റെ സമർപ്പണജീവിതത്തിൽ നിരന്തരമായ സഹനത്തിലൂടെ കടന്നുപോകാനുള്ള ഒരു സ്പെഷ്യൽ കോൾ ആണ് എനിക്കുള്ളത്. സുവിശേഷസംഘാംഗമായതു മുതൽ കൂടുതൽ ആനന്ദത്തോടെ ഈ സഹനങ്ങളെ സ്വീകരിക്കാൻ കഴിയുന്നു. സുവിശേഷത്തിന്റെ പുരോഗതിയ്ക്കുവേണ്ടി ഞാനിതെല്ലാം കാഴ്ചവയ്ക്കുന്നു. അങ്ങനെ പ്രത്യേക കൃപ നിറയുന്ന അനുഭവവുമുണ്ട്.

അഞ്ചപ്പം കൊണ്ട് അയ്യായിരങ്ങളെ തീറ്റിപ്പോകുന്ന അത്ഭുതം ഇന്ന് സുവിശേഷസംഘത്തിന്റെ formation programme ൽ കാണാൻ കഴിയുന്നു. അറുപതുപേരൊന്നിച്ച് (സഭാതല സുവിശേഷസംഘം 2nd batch) ദിനരാത്രങ്ങൾ പ്രാർത്ഥയിലും, വചനപഠനത്തിലും, വി. കുർബാനയിലും, വി. കുമ്പസാരത്തിലും, ദൈവാനുഗ്രഹം പങ്കുവയ്ക്കലിലും കുടുംബാരൂപിയോടെ ചെലവഴിക്കുന്നത് - ആദിമസഭയുടെ കൂട്ടായ്മ അനുഭവം ഇവിടെ രുചിച്ചറിഞ്ഞു; സഭ മുഴുവൻ ഇവിടെ സമ്മേളിക്കുന്നു. എല്ലാ രൂപതക്കാരും ഉൾപ്പെടുന്ന കൂട്ടായ്മയും അഭിവന്ദ്യപിതാക്കന്മാരും, വൈദികരും, സന്യസ്തരും അല്മായരും..... ഏറെ തീക്ഷണതയോടെ, തങ്ങളെത്തന്നെ വിശുദ്ധീകരിച്ച്, കൃപയിൽ നിറയുന്നു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കൽ നിന്ന് അനുഗ്രഹം പ്രാപിച്ച് ആരംഭിയ്ക്കുന്ന ഈ ശുശ്രൂഷ ഓരോ തവണയും പൂർത്തീകരിക്കുമ്പോൾ എല്ലാ അംഗങ്ങളും എത്രമാത്രം കൃപ നിറഞ്ഞാണ് പുറത്തേയ്ക്കിറങ്ങുക.

അല്മായ സഹോദരങ്ങളുടെ തീക്ഷ്ണത എനിക്കു വളരെയേറെ പ്രചോദനം പകർന്നു തന്നു. വെളുപ്പിനെ 3 മണിയ്ക്കെഴുന്നേറ്റ് ഒരു മണിക്കൂർ പ്രാർത്ഥിച്ച് കുഞ്ഞുങ്ങൾക്കുവേണ്ട ആഹാരം തയാറാക്കി പൊതികെട്ടി, 6 മണിയ്ക്ക് കുഞ്ഞുങ്ങളുമൊത്തു പള്ളിയിൽ പോയി (മലങ്കര പള്ളിയിൽ വി. കുർബാന ഇല്ലെങ്കിൽ അല്പം ദൂരെയുള്ള സീറോ മലബാർ പള്ളിയിൽ പോയി) വി. കുർബാനയിൽ പങ്കെടുത്ത് തിരികെ വന്ന് കുഞ്ഞുങ്ങൾ 3 പേരെയും സ്കൂളിൽ പോകാനൊരുക്കി മൂത്തമകൻ 14 വയസുകാരന്റെ കൈയിൽ താക്കോലേൽപിച്ച് ഭവനസന്ദർശനത്തിനായി തീക്ഷ്ണതയോടെ കടന്നുവരുന്ന വീട്ടമ്മ തുടങ്ങി, Auto Driver, Circle Inspectors, Doctors, Rtd. Engineers, Professors വരെ ആ നിര നീളുന്നു. എടുത്തുപറയാൻ ഒത്തിരി നല്ല ജീവിതസാക്ഷ്യങ്ങൾ... നമ്മുടെ സഭയുടെ വലിയ സമ്പത്താണിതെല്ലാം. സ്വർഗം പരിശുദ്ധാത്മാവിലൂടെ നമ്മുടെ സഭയ്ക്കു നല്കിയ ഈ പുതിയ പെന്തക്കുസ്താ അനുഭവത്തിനായി നല്ല ദൈവത്തിന് ഹൃദയം നിറഞ്ഞ നന്ദി. സുവിശേഷസംഘാംഗങ്ങളുടെ വിശുദ്ധജീവിതമാണ് സഭയുടെ സമ്പത്ത്. സഭയിൽ മുഴുവൻപേരും എത്രയും വേഗം ഈ സ്വർഗ്ഗീയ അനുഭവത്തിലേയ്ക്കു കടന്നുവരുവാൻ ഇടയാകട്ടെ എന്നാണ് എന്റെ എളിയ പ്രാർത്ഥന.

സുവിശേഷസംഘാംഗങ്ങൾ തിരുവചനത്തോടു കാണിക്കുന്ന പ്രതിബദ്ധത, 25 കാര്യങ്ങൾ ചെയ്യുന്നതിലുള്ള വിശ്വസ്തത, ഏതു പ്രതികൂലങ്ങളെയും അനുകൂലങ്ങളാക്കി മാറ്റുന്ന കർമ്മധീരത നിറഞ്ഞ സാക്ഷ്യജീവിതം എല്ലാം ദൈവസ്തുതിയർഹിക്കുന്നു. നിരന്തരം ദൈവസാന്നിധ്യസ്മരണയിൽ ജീവിക്കുവാൻ പരിശീലിക്കപ്പെട്ടവരാണ് സന്യസ്തർ. എന്നെ അതിശയിപ്പിച്ചു മേരി ടീച്ചർ, 3 മിനിറ്റ് ഇടവേള കിട്ടിയ സമയത്ത് ചെറിയ പ്രാർത്ഥനാപുസ്തകം നോക്കി ടീച്ചർ കുരിശിന്റെ വഴി നടത്തുകയാണ്. എത്രമാത്രം ഹൃദയസ്പർശിയായ ഒരനുഭവം. ഔദ്യോഗികമായ ഉത്തരവാദിത്വങ്ങളും ആരോഗ്യപരമായ പ്രശ്നങ്ങളും ആഗ്രഹിക്കുന്നിടത്തോളം സജീവമായി പ്രവർത്തിക്കാൻ തടസമാകുന്നുണ്ടെങ്കിലും വലിയൊരു പ്രേരകശക്തി ഈ സുവിശേഷസംഘത്തിൽ നിറഞ്ഞൊഴുകുന്നത് അനുഭവിച്ചറിയുന്നു. മറ്റു സഭകൾക്കും ഈ ആത്മീയമുന്നേറ്റം ഒരു പ്രചോദനമാകട്ടെ. അങ്ങനെ കേരളസഭ ഒന്നിച്ച് ആത്മാവിൽ ആനന്ദിക്കട്ടെ. ദൈവത്തിന്റെ തിരുനാമം മഹത്ത്വപ്പെടട്ടെ. ഇതിനു പിന്നിൽ വളരെ തീക്ഷ്ണതയോടെ ത്യാഗത്തോടെ ജീവിക്കുന്ന പ്രവർത്തിക്കുന്ന ഒരുപിടി വ്യക്തിത്വങ്ങളുണ്ട്. ഓരോരുത്തരെയും ഓർത്ത് തമ്പുരാന് നന്ദി പറയുന്നു.



# ദൈവസമ്പാദനമാണ് പരമമായ ലക്ഷ്യം

**ജോർജ്ജുകുട്ടി കടകംപള്ളിൽ**
സഭാതലസുവിശേഷസംഘാഗം, മാവേലിക്കര രൂപത

ദൈവത്തെ മറ്റുള്ളവർക്ക് നൽകുന്നവനാണ് സുവിശേഷകൻ, അങ്ങനെയെങ്കിൽ അവൻ ദൈവത്തെ സമ്പാദിച്ചിരിക്കണം. ദൈവത്തെ സമ്പാദിക്കാത്തവർക്ക് ദൈവത്തെ കൊടുക്കുവാൻ സാധിക്കില്ല. അവർക്കു സുവിശേഷകൻ ആകുവാനും സാധ്യമല്ല. എങ്ങനെ ദൈവത്തെ സമ്പാദിക്കാം. വി. മത്താ. 25: 35-40 വരെയുള്ള വാക്യങ്ങളിൽ ക്രിസ്തു അത് വ്യക്തമാക്കിയിട്ടുണ്ട്. എനിക്കു വിശന്നു നിങ്ങൾ എനിക്കു ഭക്ഷണം തന്നു. എനിക്ക് ദാഹിച്ചു നിങ്ങൾ എനിക്ക് കുടിക്കുവാൻ തന്നു. എന്ന് തുടങ്ങി, ക്രിസ്തു പറയുന്നു. ഈ എളിയവരിൽ ഒരുവനു ചെയ്തുകൊടുത്തപോഴെല്ലാം എനിക്കു തന്നെയാണ് നിങ്ങൾ ചെയ്തത്. ഇങ്ങനെയുള്ളവരാണ് ദൈവത്തെ സമ്പാദിക്കുന്ന സുവിശേഷകർ. അവർക്കുള്ള പ്രതിഫലവും ക്രിസ്തു അവിടെ പ്രഖ്യാപിച്ചിട്ടുണ്ട്. ദൈവം അവർക്ക് പറുദീസാ ഒരുക്കിവച്ചിട്ടുണ്ട്. എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ വരുവീൻ ലോകസ്ഥാപനം മുതൽ നിങ്ങൾക്കായ് ഒരുക്കിയിട്ടുള്ള രാജ്യം അവകാശപ്പെടുത്തുവീൻ മത്താ. 25:34 സുവിശേഷകൻ ആരാണെന്നും അവർക്കുള്ള പ്രതിഫലം എന്താണെന്നും ക്രിസ്തു ഇവിടെ വെളിപ്പെടുത്തിയിരിക്കുന്നു.

രണ്ടുതരത്തിൽ നമുക്ക് സുവിശേഷ പ്രഘോഷണം നടത്താം. വി. കൊച്ചുത്രേസ്യായെപ്പോലെ ജീവിതമാതൃകയിലൂടെ മദർതെരേസായെപ്പോലെ പ്രവർത്തനമേഘലയിലൂടെയും. ഈ സുവിശേഷകരേക്കുറിച്ചാണ് ജറമിയ പറഞ്ഞിരിക്കുന്നത്. “അവൻ ആറ്റുതീരത്തു നട്ട മരം പോലെയാണ്. അതിന്റെ വേരുകൾ വെള്ളത്തിലേക്ക് ആഴ്ന്നിറങ്ങിയിരിക്കുന്നു. വേനൽക്കാലത്തെ അത് ഭയപ്പെടുന്നില്ല. അതിന്റെ ഇലകൾ എന്നും പച്ചയാണ്. വരൾച്ചയുടെ കാലത്തും അതിന് ഉത്കണ്ഠയില്ല. അത് എപ്പോഴും ഫലം നല്കികൊണ്ടിരിക്കും” (ജറമിയ 17:7). അവന്റെ വേരുകൾ എപ്പോഴും ദൈവത്തെ സമ്പാദിച്ചുകൊണ്ടേയിരിക്കുന്നു. അവന് ഉത്കണ്ഠയോ ഭയമോ ഇല്ല. അവൻ എല്ലായിപ്പോഴും ദൈവത്തെ പ്രദാനം ചെയ്തുകൊണ്ടിരിക്കും. അവൻ നീർച്ചാലിനരികേ നട്ടമരം പോലെയാണ് (സങ്കീ. 1:3). ദൈവകൃപയിൽ നിറഞ്ഞ് നിൽക്കുന്നവൻ ഒന്നിനേയും ഭയപ്പെടേണ്ടതില്ല. “കർത്താവ് എന്റെ പക്ഷത്തുണ്ടെങ്കിൽ ഞാൻ ഭയപ്പെടുകയില്ല. മനുഷ്യർക്ക് എന്നോട് എന്തുചെയ്യുവാൻ കഴിയും” (സങ്കീ. 118:6).

ദൈവത്തെ സമ്പാദിക്കാതെ തന്നിൽ തന്നെ സമ്പത്ത് ശേഖരിക്കുന്നവനെ ക്രിസ്തു ഭോഷാ എന്നാണ് വിളിക്കുന്നത്. “ഭോഷാ ഇന്നു രാത്രിയിൽ നിന്റെ ആത്മാവിനേ നിന്നിൽ നിന്ന് ദൈവം ആവശ്യപ്പെട്ടാൽ നീ ഒരുക്കി വച്ചിരിക്കുന്ന സമ്പാദ്യം ആരുടേതാകും” (ലൂക്കോ. 12:20). ഈ ഭോഷനായ മനുഷ്യൻ ആരാണെന്ന് ക്രിസ്തു ലൂക്കാ. 12:16-19 വരെയുള്ള ഭാഗത്തു വ്യക്തമാക്കിയിട്ടുണ്ട്. ചുരുക്കത്തിൽ ദൈവസമ്പാദനമാണ് സുവിശേഷകന്റെ പരമമായ ലക്ഷ്യം.

അങ്ങനെയെങ്കിൽ സുവിശേഷകൻ ആരാണെന്ന് ഏശയ്യ 58:11-ൽ പറയുന്നു “നനച്ചുവളർത്തിയ പൂന്തോട്ടവും വറ്റാത്ത നീരുറവയും പോലെയാണ് നീ” “ഇടയനേപ്പോലെ അവിടുന്ന് ആട്ടിൻകൂട്ടത്തെ നയിക്കുന്നു. അവിടുന്ന് ആട്ടിൻകുട്ടികളേ കരങ്ങളിൽ ചേർത്ത് മാറോടണച്ചു തള്ളയാടുകളെ സാവധാനം നയിക്കുന്നു” (ഏശയ്യ. 40:11). ഈ ദൈവത്തെയാണ് സുവിശേഷകൻ മറ്റുള്ളവർക്ക് നൽകുന്നത്.

സുവിശേഷ സംഘത്തിൽ ചേർന്നതുകൊണ്ട് എന്റെ ജീവിതത്തിൽ എന്തുമാറ്റമാണുണ്ടായതെന്ന് ഇതിനോടുകൂടി ചേർത്ത് ചിന്തിക്കുന്നത് നന്നായിരിക്കും. ഞാൻ സുവിശേഷസംഘത്തിൽ ചേരുന്നതിന് മുമ്പ് എന്റേ ജീവിതത്തിലെ കുറേ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ആദ്ധ്യാത്മിക ജീവിതത്തിൽ നിന്ന് ഞാൻ ഒത്തിരി പിന്നോക്കം പോയിരുന്നു. ഈ അവസരത്തിലാണ് സുവിശേഷസംഘത്തിൽ ചേരുന്നത്. ഇങ്ങനെയൊരു സംവിധാനത്തിലേക്കാണ് വരുന്നതെന്ന് ഞാൻ ആദ്യം മനസിലാക്കിയിരുന്നില്ല. എന്നാൽ ഈ കാലഘട്ടങ്ങളിൽ എം. സി. എ. യുടെ ആഭിമുഖ്യത്തിൽ ഞങ്ങളുടെ പള്ളിയിൽ പല സുവിശേഷ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. എന്നാൽ അതു വെറും ബഹ്യപ്രകകടനങ്ങൾ മാത്രമായിരുന്നുവെന്ന തിരിച്ചറിവ് സുവിശേഷസംഘത്തിൽ ചേർന്ന് അതിന്റെ ക്ലാസുകളിൽ സംബന്ധിച്ചപ്പോഴാണ് മനസ്സിലായത്. സാമ്പത്തികവും മറ്റ് തരത്തിലുള്ള ധാരാളം പ്രശ്നങ്ങളിൽ ആകുലതയ്ക്ക് സ്ഥാനമില്ല. സന്തോഷത്തോടെ അതിനെ സ്വീകരിച്ചു ജീവിക്കുകയാണ് ഉത്തമം എന്നതിരിച്ചറിവും സുവിശേഷ സംഘം നൽകിയതാണ്. അതുകൊണ്ട് യാതൊരുവിധ ആകുലതകളും എനിക്ക് ഇല്ല. എല്ലാം നന്മയ്ക്കായി ഭവിക്കുന്നു എന്ന ബോധ്യം ഇപ്പോൾ ഉണ്ട്. സുവിശേഷസംഘത്തിലെ ജീവിതശൈലിയിലെ ഒട്ടുമിക്ക കാര്യങ്ങളും നിറവേറ്റുന്നതിന് ഇന്ന് സമയം കണ്ടെത്തുന്നുണ്ട്. സുവിശേഷസംഘവുമായി ബന്ധപ്പെട്ട ഒത്തിരികാര്യങ്ങൾ ചെയ്യണമെന്ന് ആഗ്രഹം ഉണ്ട്. അതിനായി സർവ്വശക്തൻ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഈ ലഘുവിവരണം അവസാനിപ്പിക്കുന്നു.

www.malankaralibrary.com





# സുവിശേഷസംഘാംഗത്വം - ഒരു അനുഭവ സാക്ഷ്യം

**ഫിലിപ്പ് നൈനാൻ**
സഭാതലസുവിശേഷസംഘാംഗം, ബത്തേരി രൂപത

മലങ്കര സുറിയാനി കത്തോലിക്കാ സഭ അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ അനുഗ്രഹങ്ങളുടെ നാളുകളിലൂടെ കടന്ന് പോവുകയാണ്. സുവിശേഷകയായ മലങ്കര കത്തോലിക്കാ സഭ എന്ന ദർശനത്തിലധിഷ്ടിതമായി 2011 സെപ്റ്റംബർ 21 മുതൽ 23 വരെ തിരുവനന്തപുരത്ത് നടന്ന പ്രഥമ സഭാ അസംബ്ലിയുടെ സത്ഫലങ്ങളിൽ ചരിത്രം ഏറ്റവും പ്രാധാന്യം നൽകി ചർച്ച ചെയ്യുക, മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷ സംഘത്തിന്റെ ആരംഭമായിരിക്കും എന്ന് നിസംശയം പറയാം ആഗോളകത്തോലിക്കാ സഭയുടെ നവസുവിശേഷവൽക്കരണത്തിനുള്ള ആഹ്വാനത്തിന് മലങ്കര കത്തോലിക്കാ സഭ നൽകിയ പ്രത്യുത്തരമാണ് മലങ്കര കത്തോലിക്കാ സുവിശേഷസംഘം. ഇത് മലങ്കര കത്തോലിക്കാ സഭയ്ക്ക് പെട്ടെന്ന് ലഭിച്ച ഒരു തെളിച്ചമോ ബോധോദയമോ അല്ല മറിച്ച് നമ്മുടെ പൂർവ്വ പിതാക്കന്മാർ വിശ്വസിച്ച് ജീവിക്കുകയും നമ്മെ പഠിപ്പിക്കുകയും ചെയ്ത അധ്യാത്മിക പൈതൃകം തന്നെയാണ്. സുവിശേഷ പ്രചാരണം വാക്കുകളാലോ വാക്യങ്ങളാലോ മാത്രമല്ല സുകൃതനടപടികളാലും പരോപകാരാർത്ഥമായ സ്നേഹവ്യാപാരങ്ങളാലും നിർവ്വഹിക്കപ്പെടേണ്ടതാണ് എന്ന് ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി നമ്മെ ഓർമ്മിപ്പിച്ച് കൊണ്ടേയിരിക്കുന്നു.

സുവിശേഷസംഘത്തിന്റെ രണ്ടാം ബാച്ചിൽ പരിശീലനത്തിനായി തിരഞ്ഞെടുക്കപ്പെട്ടു എന്നത് പരുശുദ്ധാത്മാവിന്റെ പ്രത്യേകവിളിയായി ഞാൻ ഇന്ന് തിരിച്ചറിയുന്നു. ബത്തേരി രൂപതയിൽ നിന്നുള്ള മറ്റ് ഏഴുപേരോടുമൊപ്പം കത്തോലിക്കേറ്റ് സെന്ററിൽ പരിശീലനം കഴിഞ്ഞ് മടങ്ങുമ്പോഴും, പട്ടത്തെ ആ വിശുദ്ധ കബറിങ്കൽ പ്രാർത്ഥിക്കുമ്പോഴുമെല്ലാം ആധ്യാത്മീകവും സഭാത്മകവുമായ നവീകരണത്തിന് മലങ്കര സഭയ്ക്ക് തനത് മാർഗ്ഗങ്ങളില്ലേ എന്ന എന്റേയും ഞാൻ ജീവിതവഴിയിൽ പലപ്പോഴായി കണ്ടുമുട്ടിയ കുറച്ച് പേരുടേയും സംശയത്തിന് ഒരു മറുപടി തെളിഞ്ഞുവരുകയായിരുന്നു.

സുവിശേഷ ചൈതന്യത്താൽ സ്വയം വിശുദ്ധീകരിച്ച് സഭയെ മുഴുവൻ പവിത്രീകരിക്കാനുള്ള ഈ വിളിക്ക് ഞാൻ ഒരു തരത്തിലും യോഗ്യനല്ല എന്നതായിരുന്നു എന്റെ ആദ്യ ചിന്തകൾ. അതോടൊപ്പം സുവിശേഷ സംഘത്തിന്റെ 25 കാര്യങ്ങൾ അടങ്ങിയ അധ്യാത്മീക ജീവിത ശൈലിയുമായി പൊരുത്തപ്പെടാനാകുമോ എന്ന ആശങ്കയും എന്നെ ഏറെ അസ്വസ്ഥനാക്കി. എന്നാൽ പിന്നീട് ബഹുമാനപ്പെട്ട ആന്റണി കാക്കനാട്ടച്ചന്റെയും മറ്റും പ്രഭാഷണങ്ങളിൽ നിന്ന് മലങ്കരസഭയുടെ സുവിശേഷ പ്രഘോഷണ ദൗത്യങ്ങളിൽ പങ്കാളിയാകാൻ കാരുണ്യവാനായ ദൈവം എന്റെ എല്ലാ കുറവുളോടും കൂടി സ്നേഹപൂർവ്വം എന്നെയും ക്ഷണിക്കുന്നു എന്ന് എനിക്ക് ഉറച്ചബോധ്യം ലഭിച്ചു. ഇവിടെ എന്റെ യോഗ്യത അവൻ എന്നെ സ്നേഹിക്കുന്നു എന്നത് മാത്രമാണെന്ന തിരിച്ചറിയൽ എന്റെ സർവ്വ ശക്തിയുമുപയോഗിച്ച് വിളിച്ചവനോട് വിശ്വസ്ഥത കാണിക്കുവാൻ എന്നെ പ്രേരിപ്പിക്കുന്നു.എന്റെ ജീവിതത്തെ ഈ കണ്ടെത്തൽ ആഴത്തിൽ സ്പർശിച്ചു.

പ്രാർത്ഥനകൾ അർത്ഥപൂർണ്ണമായി കുരിശിന്റെ ചുവട്ടിലെ പ്രാർത്ഥന, ദൈവമേ നീ പരിശുദ്ധനാകുന്നു----- മലങ്കര സഭയുടെ മുഴുവൻ അധ്യാത്മികതയുടെയും ചുരുക്കെഴുത്തായി ഞാൻ അനുഭവിക്കുന്നു.

നോമ്പും, ഉപവാസവും, യാമപ്രാർത്ഥകളും ചെയ്തു തീർക്കേണ്ട ചടങ്ങുകളല്ലാതായി. ജീവിതത്തിലെ കഠിന യാഥാർഥ്യങ്ങളെയും, പ്രലോഭനങ്ങളെയും നേരിടാനുള്ള ആശ്രയിക്കാവുന്ന പരിചകളായി അവ ഇന്നെനിക്ക് കൂട്ടിനുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു.

ദൈവ വചനം ഇന്നെനിക്ക് കേവലം വായനയോ കേൾവിയോ അല്ല മറിച്ച് ശക്തമായ താക്കീതിന്റേയും (ഹെബ്രാ 10: 26-31) പ്രതീക്ഷയുടേയും (ആമോസ് 9: 11-15) സ്നേഹത്തിന്റെയും (യോഹ;15: 11-13) ഒക്കെ ദൈവസ്വരമായി എന്നെ വഴിനടത്തുന്നു.

കുടുംബത്തിലും ജോലിസ്ഥലത്തും പൊതുവേദികളിലും മറ്റുള്ളവരോട് പഴയതിൽ നിന്നും വ്യത്യസ്തമായി ഇടപെടാനും മറ്റുള്ളവരെ മനസ്സിലാക്കാനും ശ്രമിക്കുന്നു. അസ്വസ്തതകൾ ഉണ്ടാക്കുന്ന ജീവിത സാഹചര്യങ്ങൾ ഇല്ലാതാകുന്നില്ല പക്ഷേ അവയോടുള്ള മനോഭാവങ്ങളിൽ വളരെയധികം വ്യത്യസ്തമായ നിലപാടുകൾ എടുക്കാൻ ശ്രമിക്കാറുണ്ട് ഉപേക്ഷയുടെ അധ്യാത്മികതയ്ക്ക് ജീവിതത്തിൽ സ്ഥാനം കണ്ടെത്താനാകുമോ എന്ന് ആത്മാർത്ഥമായി പരിശ്രമിക്കുന്നു.

പരിശുദ്ധ അമ്മയോടുള്ള ഭക്തി, ജപമാലയിലൂടെ വളർത്താൻ ശ്രമിക്കുന്നു. വലിയ ഒരു കാവലായി പരിശുദ്ധ ജപമാല എന്റെ ജീവിതത്തേയും കുടുംബത്തേയും ചുറ്റിനിൽക്കുന്നത് ഭക്തിയോടെ ഞാൻ തിരിച്ചറിയുന്നു.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനോടുള്ള ഭക്തിയും വിശ്വാസവും വ്യക്തിപരമായും എന്റെ കുടുംബത്തിലും വർദ്ധിക്കുന്നത് ഞാൻ അറിയുന്നു ഞങ്ങളുടെ ഇടവക വികാരിയായിരുന്ന ബഹു. ജയിംസ് മുളക്കവിളയിലച്ചന്റേയും ഇടവക സുവിശേഷ സംഘാംങ്ങളുടേയും നേതൃത്വത്തിൽ കഴിഞ്ഞ 2 വർഷമായി 60 ൽ പരം ആളുകൾ ജൂലൈ 14, 15, ദിവസങ്ങളിൽ കണ്ണൂർ മേഖലയിൽ നിന്നും തീർത്ഥാടന പദയാത്രയിൽ പങ്കെടുത്ത് വലിയ അനുഗ്രഹങ്ങൾ പ്രാപിക്കുന്നു.

യുവജനങ്ങളുടെ ഇടയിലും വിദ്യാർത്ഥികളുടെ ഇടയിലുമുള്ള സുവിശേഷ പ്രഘോഷണം ഇന്നിന്റെ ഏറ്റവും വലിയ അടിയന്തിര ദൗത്യമായി മനസ്സിലാക്കുന്നു പഠിപ്പിക്കുന്ന വിദ്യാലയത്തിൽ മറ്റ് അധ്യാപകരോട് സഹകരിച്ച് ക്യാമ്പസ് മിനിസ്ട്രിയിലൂടെ കുഞ്ഞുങ്ങളുടെ രൂപീകരണത്തിനായി ശ്രമിക്കുന്നു സർവ്വോപരി പ്രാർത്ഥന, ദൈവവചനം എന്നിവയുടെ സഹായത്തോടെ തുടർച്ചയായ സ്വയം പരിശോധനയ്ക്കും അധ്യാത്മികവും ഭൗതികവുമായ പരിവർത്തനത്തിനും എന്നെ സദാ വിധേയമാക്കേണ്ടതുണ്ട്, എന്ന ചിന്ത എന്നിലെപ്പോഴുമുണ്ട്. മെച്ചപ്പെടുത്തണം മുന്നോട്ട് പോകണം എന്ന ആഗ്രഹവും അതിനായി പരിശുദ്ധ അമ്മയുടെ മാധ്യസ്ഥവും കർത്താവിന്റെ കാരുണ്യവും എന്നിലുണ്ടാകണമേ എന്ന പ്രാർത്ഥനയും എന്നെ മുന്നോട്ട് നയിക്കുന്നു.



# എനിക്കു നീ തന്ന കുരിശാണ് എന്റെ മഹത്വം

**ഓമന ജോസ്**
സഭാതലസുവിശേഷസംഘാംഗം, പത്തനംതിട്ട രൂപത

“ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്കു അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നുവെന്നു നമുക്കറിയാമല്ലോ” (റോമ. 8:28).

ഇടവകയിൽ നിന്നും സുവിശേഷസംഘത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടപ്പോൾ അത്ഭുതവും ആശങ്കയും ഉണ്ടായി. ഉത്തരവാദിത്വം ഗൗരവബുദ്ധ്യാ ഏറ്റെടുക്കാത്ത മേഖലയാണത്. പല കാരണങ്ങളാൽ പിൻമാറാൻ പരിശ്രമിച്ചുനോക്കി. എന്നാൽ ഓരോ തടസ്സവും തമ്പുരാന്റെ പദ്ധതിയിലേക്ക് ഒരു തിരിഞ്ഞുനോട്ടത്തിന് പ്രേരണയായി. സഭയിൽ വളരെ മുൻപുതന്നെ രൂപപ്പെടേണ്ടിയിരുന്ന ഈ പ്രവർത്തന രംഗത്തെക്കുറിച്ച് ഏറെ ശ്രദ്ധാലുവായി. ഞായറാഴ്ചകളിൽ മാത്രം വ്യാഖ്യാനം ചെയ്യപ്പെടുന്നതിലൂടെ വചനത്തിന്റെ ആഴം ലഭ്യമാകാതെ പോയി. ചുരുക്കത്തിൽ ആത്മീയതയുടെ മങ്ങൽ ഉണ്ടാകുന്നു എന്നു ബോദ്ധ്യമായ സാഹചര്യത്തിൽ രൂപീകൃതമായ ഈ കൂട്ടായ്മ ഇന്ന് അതിന്റെ തീക്ഷ്ണതയിൽ പ്രവർത്തിക്കുന്നു എന്നതിൽ രണ്ടു പക്ഷമില്ല.

ഓരോ വ്യക്തിയും സ്വയം ശോധനയിലൂടെ വിശുദ്ധ ജീവിതത്തിന്റെ വഴി കണ്ടെത്തുന്നതിന് പ്രേരണയേകുന്ന ജീവിത ശൈലി ഇതിന്റെ നട്ടെല്ലാണ്. എല്ലാ ദിവസവും സന്ധ്യയ്ക്കും ഏഴ് മണിക്ക് സംഘാംഗങ്ങൾ പ്രാർത്ഥിക്കണം എന്നത് ഒരു നിഷ്ഠയാകണം എന്നത് ഒരു ഉദാഹരണം മാത്രം. ആദ്യമാദ്യം ആ നിഷ്ഠയിലേക്ക് സമയം ക്രമീകരിക്കുവാൻ ബുദ്ധിമുട്ടു തോന്നിയെങ്കിലും ഇന്നത് സാധ്യമാണ്. അങ്ങനെ ഓരോ ജീവിതക്രമവും എല്ലാറ്റിലുമുപരിയായി ദൈവസ്നേഹം കൈമുതലാക്കാൻ ആഗ്രഹിക്കുന്ന ഒരു വ്യക്തിക്ക് എന്തു തിക്താനുഭവത്തെയും മധുരമാക്കാൻ കഴിയുന്നു എന്ന് എനിക്ക് തിരിച്ചറിയാൻ സാധിച്ചു. പ്രതീക്ഷകൾ തകർന്നനിമിഷങ്ങളിൽ രോഗാവസ്ഥകളെ തരണം ചെയ്യാൻ പാടുപെട്ടപ്പോഴും ശക്തനായവൻ എന്റെ അരികത്ത് ആയിരുന്നുകൊണ്ട് എല്ലാം ക്രമീകരിക്കും എന്ന വിശ്വാസം എനിക്കു ശക്തി പകർന്നു. എന്റെ ജീവിതത്തിലെ ആശകളും ആശാഭംഗങ്ങളും ലാഭങ്ങളും നഷ്ടങ്ങളും സഹായങ്ങളും പ്രതികൂലങ്ങളും കഷ്ടതകളും സുഖസന്തോഷങ്ങളും എല്ലാം മുൻകൂട്ടി നിർണ്ണയപ്പെടുത്തി കൂട്ടിയിണക്കി ക്രമപ്പെടുത്തിയപോലെ സ്വർഗ്ഗീയ പിതാവിന്റെ കരുണയുടെ കരങ്ങളുടെ നിയന്ത്രണത്തിൽ എന്റെ ആത്മീയ വളർച്ചയ്ക്കായി ഉപകരിച്ചു എന്നതിൽ തർക്കമില്ല. ഇന്നെനിക്ക് എന്റെ ദൈവത്താൽ എല്ലാം സാധ്യമാകും എന്ന ധൈര്യം ഉണ്ട്. പ്രതീക്ഷിച്ചതിലുപരിയായ നന്മകൾ കൊണ്ട് തമ്പുരാൻ എന്നെ അനുഗ്രഹിച്ചു. എല്ലാം സഹിക്കാനും ക്ഷമിക്കാനും എന്നെ പഠിപ്പിച്ചു. ഞാനെന്നഭാവം പൂർണ്ണമായി എന്നിൽ നിന്നകന്നു.

എനിക്കു നീ തന്ന കുരിശാണ് എന്റെ മഹത്വം എന്ന ബോദ്ധ്യത്തിലേക്ക് തിരിഞ്ഞു നടക്കാൻ, തിരിച്ചു ചിന്തിക്കാൻ ഇന്നെനിക്കുകഴിയുന്നു. കുരിശുകൾ എന്നിൽ ഉതിർത്ത കണ്ണീർ കണങ്ങളിലൂടെയാണ് എന്റെ ജീവിതത്തിൽ മഴവില്ലു വിരിക്കാൻ കഴിഞ്ഞത്. എന്റെ കാൽവരിനാഥൻ കണ്ണില്ലാത്തവർക്കു ക്രാന്തദർശിത്വവും കണ്ണീരിന്റെ കാർമേഘത്തിൽ മാരിവില്ലിന്റെ മനോഹാരിതയും അനുഭവിക്കാൻ ഉൾകരുത്തു നൽകുന്നവനാണ് എന്ന തിരിച്ചറിവ് എന്നെ ഇപ്രകാരം പഠിപ്പിച്ചു. ദൈവത്തെ സ്നേഹിക്കുന്നവർക്ക് സർവ്വവും നന്മയ്ക്കായി പരിണമിപ്പിക്കും.

ഒരു യഥാർത്ഥ ക്രിസ്ത്യാനിയായി ജീവിക്കുന്നതിലേക്ക് പ്രാർത്ഥന എത്രമാത്രം അനിവാര്യമാണെന്ന് ഞാൻ മനസിലാക്കി. ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിന്റെ ശക്തി കൃപയുടെ അവസരങ്ങളെ ശരിയായി ഉപയോഗിക്കുന്നതിനെ ആശ്രയിച്ചാണ് ഇരിക്കുന്നത്. ദൈവ സംസർഗ്ഗത്തിന്റെ കുറവാണ് നമ്മുടെ ജീവിതം പരാജയപ്പെടുന്നതിന്റെ കാരണം. ഉദാഹരണമായി ചിലവ്യക്തികളുടെ പെട്ടെന്നുള്ള മാനസാന്തരവും-അതിൽ നിന്നുള്ള പിന്മാറ്റവും നമ്മുടെ ശ്രദ്ധയിൽ പെടാറുണ്ട്. പ്രാർത്ഥനയാലും കൃപാവഴികളാലും ആത്മീയ ശക്തിയെ പുതുക്കുവാൻ അവർക്കു കഴിയാതിരിക്കുമ്പോൾ ലഭ്യമായ ബോധ്യങ്ങളുടെ വേരറ്റുപോകും. “യഹോവയെ കാത്തിരുന്ന് ശക്തിയെ പുതുക്കുകയാണ് അതിനു വേണ്ടത് (ഏശയ്യ. 40:31).

ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ ജീവിതത്തെ (പ്രാർത്ഥനാ ജീവിതത്തെ) ഒട്ടകത്തിന്റെ ജീവിതത്തോട് താരതമ്യപ്പെടുത്താം. മണലാരണ്യത്തിൽ സഞ്ചരിക്കുന്നവർ ഒട്ടകത്തെ വാഹനമായി ഉപയോഗിക്കുന്നു. മണലിൽകൂടി വേഗത്തിൽ ഓടുന്നതിനും വലിയ ചൂടു സഹിക്കുന്നതിനുമുള്ള കഴിവ് അതിനുണ്ട്. മണലാരണ്യത്തിൽകൂടി യാത്രക്കാരെയും വഹിച്ചുകൊണ്ടു സഞ്ചരിക്കുന്ന ഒട്ടകങ്ങളുടെ ജീവിത രീതി പ്രത്യേകതയുള്ളതാണ്. 14 അടിവരെ ഉയരമുള്ള ഒട്ടകങ്ങളുണ്ട്. അവ അതിരാവിലെ ഉണരും. സഞ്ചാരി അതിന് ഭക്ഷണം നൽകും. പിന്നെ അത് നാല് കാലും മടക്കി യജമാനന്റെ മുൻപിൽ മുട്ടുകുത്തും. അപ്പോൾ യജമാനൻ തന്റെ സാധനങ്ങളെല്ലാം ചാക്കുകളിലാക്കി അതിന്റെ പുറത്തിടും. പിന്നെ അയാൾ അതിന്റെ പുറത്തു കയറി യാത്ര ആരംഭിക്കുന്നു. സമുദ്രം പോലെ വിശാലതയാർന്ന മണലാരണ്യത്തിൽ അതിന്റെ ഗതി നിയന്ത്രിക്കുന്നത് സഞ്ചാരിയാണ്. വെയിലിന്റെ ചൂടേറുമ്പോൾ മരത്തണലിൽ വിശ്രമിക്കും. രാത്രിയാകുമ്പോൾ സൗകര്യമുള്ള സ്ഥാനം കണ്ട് വിശ്രമിക്കുന്നു. ഒട്ടകം നാലു കാലും മടക്കി മുട്ടു കുത്തണം. സഞ്ചാരി തന്റെ സാധനങ്ങളെല്ലാം താഴെയിറക്കി വിശ്രമിക്കുവാൻ അനുവദിക്കുന്നു. ഇതുപോലെയാണ് ഒരു വിശ്വാസിയുടെ ജീവിതവും.

ഇതുപോലെ യഹോവയെ കാത്തിരുന്ന് ശക്തിയെ പുതുക്കുവാനുള്ള കുറുക്കുവഴികളാണ് സുവിശേഷസംഘത്തിന്റെ 25 ജീവിതശൈലി. ആ വഴികളിലൂടെ ആത്മീയയാത്ര നടത്താം. പുതുക്കപ്പെട്ട സൃഷ്ടികളാകാം. തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യാം. അങ്ങനെ സുവിശേഷ സത്യങ്ങളുടെ പ്രചാരകരായി നമുക്കു മാറാം. അതിന് സർവ്വശക്തനായ ദൈവം നമ്മെ അവിടുത്തെ ഉപകരണങ്ങളാക്കി മാറ്റട്ടെ.

www.malankaralibrary.com





# സുവിശേഷമാകാനും സുവിശേഷമേകാനുമുള്ള വിളി

**മേരിക്കുട്ടി ജോർജ്ജ് കണ്ടത്തിൽ**
സഭാതലശുവിശേഷസംഘാംഗം, തിരുവല്ല അതിരൂപത

തിരുവല്ല അതിരൂപതയിൽ നിന്നും സഭാതല സുവിശേഷസംഘത്തിന്റെ ആദ്യബാച്ചിലെ അംഗമാണ് ഞാൻ. സുവിശേഷസംഘത്തിൽ അംഗമാകുക എന്നത് പരിശുദ്ധാത്മാവിന്റെ പ്രത്യേക തെരഞ്ഞെടുപ്പും വിളിയുമാണ്. 'കൃപ ലഭിച്ചവനല്ലാതെ മാറ്റാരും ഇക്കാര്യത്തിൽ ശക്തരല്ല എന്ന് തിരുവചനത്തിൽ നാം വായിക്കുന്നു. എനിക്ക് സുവിശേഷസംഘത്തിൽ അംഗമായതിനുശേഷമാണ് യേശുവിനെ കൂടുതൽ അറിയുവാനം, സ്നേഹിക്കുവാനും സാധിച്ചത്. ഇത്രയും നാൾ ഞാൻ സഭാപ്രവർത്തനങ്ങളിലും ശുശ്രൂഷകളിലും സജീവമായി പ്രവർത്തിച്ചിട്ടുള്ള വ്യക്തി ആണെങ്കിലും, അതിലേറെ എനിക്ക് സന്തോഷിക്കുവാനുള്ളത് ഇന്ന് എനിക്ക് കൂടുതൽ സമയം സുവിശേഷസംഘത്തിൽ എളിയ ശുശ്രൂഷ ചെയ്യുവാൻ കഴിഞ്ഞു എന്നുള്ളതാണ്.

ഒരു വ്യക്തി ആരാണെന്ന് അറിഞ്ഞാൽ മാത്രമേ ആ വ്യക്തിയെ നമുക്ക് സ്നേഹിക്കുവാനും, സ്വന്തമാക്കുവാനും സാധിക്കുകയുള്ളൂ. ഇതുപോലെ യേശു എനിക്ക് ആരാണെന്ന് അനുഭവിച്ചറിയുവാനും അനുഭവിച്ച സ്നേഹം മറ്റുള്ളവർക്ക് പങ്കുവച്ചു കൊടുക്കുവാനും ഈ ശുശ്രൂഷയിലൂടെ എനിക്കു സാധിക്കുന്നു. ഓരോദിവസവും വി. കുർബാനയിൽ നിന്നും സ്വീകരിക്കുന്ന ചൈതന്യം എന്നെ കൂടുതൽ ഈ ശുശ്രൂഷ ചെയ്യുവാൻ ശക്തയാക്കുന്നു. കൂടാതെ അനുഗ്രഹമുള്ള വചനവായന, യാമപ്രാർത്ഥന, നോമ്പ്, വർജ്ജന, ഉപവാസം ഇവയെല്ലാം മുടങ്ങാതെ നടത്താൻ സാധിക്കുന്നു. മത്സ്യം, മുട്ട, മാംസം ഇവ ഉപേക്ഷിച്ച് ഞാനും എന്റെ കുടുംബാംഗങ്ങളും സഭ അനുശാസിച്ചിട്ടുള്ള എല്ലാ നോമ്പുകളും മുടങ്ങാതെ നോക്കുന്നു. വി. കുർബ്ബാന സ്വീകരിക്കാത്ത അനേകരെ അതിലേക്ക് ഒരുക്കുന്നു. പല കുടുംബങ്ങളെയും യുവജനങ്ങളെയും കൗൺസിലിംഗിന് ഒരുക്കി അയക്കാറുണ്ട്. എന്റെ ഈ ശുശ്രൂഷയിൽ കുടുംബാംഗങ്ങൾ സംതൃപ്തരാണ്. അവർ എനിക്ക് കൂടുതൽ സഹകരണം തരുന്നു.

ആശുപത്രിയിലും, ഭവനങ്ങളിലും രോഗീസന്ദർശനം നടത്താറുണ്ട്. രോഗീ സന്ദർശനങ്ങളിൽ രോഗത്തിലും വേദനയിലും ആയിരിക്കുന്നവരെ ആശ്വസിപ്പിക്കുവാനും അവർക്കുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കുവാനുമുള്ള പരിശുദ്ധാത്മാ അഭിഷേകവും കൃപയും ലഭിച്ചത് സുവിശേഷസംഘത്തിലെ അംഗമായതിനുശേഷമാണ്. തുടർന്ന് സുവിശേഷചൈതന്യത്തിൽ ജീവിക്കുന്നവരിൽ നിന്നും സുവിശേഷ പരിമളം ഒഴുകും എന്ന യാഥാർത്ഥ്യം മനസ്സിലാക്കി കൂടുതൽ തീഷ്ണതയോടെ ജീവിക്കുവാൻ പരിശ്രമിക്കുന്നു. മറ്റുള്ളവർക്ക് എന്റെ സംസാരത്തിലൂടെയും പ്രവർത്തിയിലൂടെയും യേശുവിന്റെ സുഗന്ധം പരത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. പരിശ്രമിക്കുന്നു. പ്രാർത്ഥിക്കുന്നു.

സ്വന്തം ആരോഗ്യം, സമയം, കഴിവുകൾ, പണം ഇവ നോക്കാതെ നിസ്വാർത്ഥമായി ശുശ്രൂഷചെയ്യാൻ സുവിശേഷസംഘത്തിലൂടെ സാധിച്ചു എന്നതിൽ അഭിമാനവും സന്തോഷവുമുണ്ട്. സുവിശേഷസംഘത്തിന്റെ രൂപതാതല പ്രവർത്തനങ്ങളിൽ പങ്കാളിയാകാനും കൂടുതൽ വിശുദ്ധിയോടെ മാറ്റുള്ളവർക്ക് മാതൃകയായി ജീവിക്കുവാനും എനിക്ക് സാധിക്കുന്നു. സുവിശേഷം അതിന്റെ യഥാർത്ഥ അർത്ഥത്തിൽ മനസ്സിലാക്കുവാനും, ആഴത്തിൽ ജീവിക്കുവാനും, ഇനിയും കൂടുതൽ അംഗങ്ങൾ ഈ മഹനീയ ശുശ്രൂഷ നിർവ്വഹിക്കുവാനായി കടന്നുവരട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. സുവിശേസംഘത്തിൽ വന്നതിനുശേഷം ആന്റണി അച്ചന്റെയും സിസ്റ്റർ നമിതയുടെയും വിശ്വാസ ജീവിതത്തെക്കുറിച്ചുള്ള ക്ലാസിൽ നിന്നും, വിശ്വസിച്ച് പ്രാർത്ഥിച്ചാൽ എന്തും സാധിക്കുമെന്ന തോന്നലുണ്ടായി. കാരണം അനേകരുടെ പ്രാർത്ഥനയാൽ എന്റെ അനുജത്തിയുടെ മകളുടെ കാൻസർ രോഗം സുഖപ്പെട്ടു. കൂടാതെ മാർ ഈവാനിയോസ് പിതാവിന്റെ മാദ്ധ്യസ്ഥം യാചിച്ച് കൊണ്ട് തിരുവല്ല മുതൽ തിരുവനന്തപുരത്ത് പിതാവിന്റെ കബറിടം വരെ പദയാത്രയിൽ പങ്കെടുത്തു. എന്റെ മുട്ടുവേദന പൂർണ്ണമായും മാറി. നല്ലവനായ ദൈവത്തിന് നന്ദിപറയുന്നു.

സഭ എന്നെ ഏൽപ്പിച്ച ശുശ്രൂഷ ദൈവസ്നേഹത്താൽ ചെയ്യുവാൻ സാധിക്കുന്നു. ഈ ശുശ്രൂഷയ്ക്കായി എന്നെ തെരഞ്ഞെടുത്ത ദൈവത്തിന് നന്ദി അർപ്പിക്കുന്നു. ഇതിലേക്ക് എന്നെ ഒരുക്കിയ എല്ലാ സഭമേലധികാരികൾക്കും സുവിശേഷസംഘത്തിന്റെ സംഘാടകർക്കും എന്റെ നന്ദിയും സ്നേഹവും അറിയിക്കുന്നു. "അങ്ങയുടെ വചനം എന്റെ പാദത്തിൽ വിളക്കും പാതയിൽ പ്രകാശവുമാകുന്നു" (സങ്കീ. 119: 105).



# അന്ധകാരത്തിൽ കഴിഞ്ഞ ജനം മഹത്തായൊരു പ്രകാശം കണ്ടു

**പി. പൗലോസ്, എട്ടുകുറ്റി**
സഭാതലസുവിശേഷസംഘാംഗം,
തിരുവനന്തപുരം മേജർ അതിരൂപത

മലങ്കര സുറിയാനി കത്തോലിക്കാ വിശ്വാസിസമൂഹത്തെ സംബന്ധിച്ചിടത്തോളം സഭയിൽ രൂപപ്പെട്ടുവരുന്ന സുവിശേഷസംഘം പുതിയൊരു പ്രകാശം തന്നെയാണ്. നമ്മുടെ പ്രാരംഭത്തിൽ സുവിശേഷ ശ്രുശൂഷക്കും, ജീവകാരുണ്യ-സാമൂഹിക ശുശ്രൂഷക്കും തുല്യ പ്രാധാന്യം നല്കിയിരുന്നു. എല്ലാ ശുശ്രൂഷകളും ആത്മീയ ജീവിതത്തിന്റെ പരിപോഷണം മുൻനിർത്തിയുള്ളതുമായിരുന്നു. എന്നാൽ ലോകം 21-ാം നൂറ്റാണ്ടിലേക്കും, 3-ാം സഹസ്രാബ്ദത്തിലേക്കും പ്രവേശിക്കാൻ തയ്യാറെടുത്തപ്പോൾ പൊതു സമൂഹത്തോടൊപ്പം ചുവടുവച്ചു മുന്നേറിയ നമ്മുടെ സഭയ്ക്ക് ബാഹ്യമായ ക്രമീകരണങ്ങൾ മെച്ചപ്പെട്ടതിനോടൊപ്പം സുവിശേഷത്തിന്റെ സൗരഭ്യം നമ്മുടെ വിശ്വാസി സമൂഹത്തിന്റെ ഹൃദയങ്ങളിലും, ഭവനങ്ങളിലും രൂപപ്പെടുത്താൻ ഫലപ്രദമായൊരു ചുവടുവയ്പ് ഉണ്ടാവുന്നത് 2012ലെ സുവിശേഷസംഘ രൂപീകരണത്തോടെയാണ്.

ഏറ്റം ഉന്നതമായ ദർശനത്തോടെ സഭയിൽ ആദ്യമായി സുവിശേഷസംഘം രൂപപ്പെട്ടപ്പോൾ പ്രാരംഭദശയിൽ തന്നെ ഏറ്റവും അയോഗ്യനായ എനിക്കും നമ്മുടെ സുവിശേഷ സംഘത്തോടൊപ്പം ചേർന്ന് പ്രാർത്ഥിച്ചു തുടങ്ങാൻ പരിശുദ്ധാത്മാവ് സാഹചര്യം നൽകി. സഭാതലത്തിൽ രൂപപ്പെട്ട ആദ്യബാച്ചിൽ അംഗമാകുവാൻ ദൈവം അനുവദിച്ചു. നമ്മുടെ സുവിശേഷസംഘത്തിന്റെ ലക്ഷ്യം- മലങ്കര കത്തോലിക്കാസഭയുടെ തനതായ ആദ്ധ്യാത്മിക ജീവിത ശൈലി അതിന്റെ തനിമയിൽ ജീവിച്ച് ഒരു വിശുദ്ധ ജീവിതം നയിക്കുക എന്നതാണ്. ഭാരതത്തിലേയും, ലോകത്തിലേയും സന്യാസദർശനങ്ങളിലൂന്നിയും, ക്രിസ്താനുകരണ ശൈലിയിൽ നിന്ന് സ്വായത്തമാക്കിയതും മുണ്ടൻ മലയിലെ പർണ്ണാശ്രമത്തിൽ അനേക ദിനരാത്രങ്ങളിലെ പ്രാർത്ഥനാ ധ്യാനത്തിലൂടെ രൂപപ്പെട്ടതുമായ സഭയുടെ ആദ്ധ്യാത്മിക ജീവിതശൈലി അതിന്റെ തനിമയിൽ സഭാമക്കളെല്ലാവരും ജീവിക്കുക. അങ്ങനെയൊരു ജീവിതശൈലി രൂപപ്പെടുത്താൻ മാർഗ്ഗനിർദ്ദേശങ്ങളായി രൂപപ്പെട്ടതാണ് 25 കർമ്മ പദ്ധതി. ഇവ ഓരോവ്യക്തിയും വ്യക്തിപരമായി ഭവനങ്ങളിലും ദൈവാലയങ്ങളിലും അനുഷ്ഠിക്കേണ്ടവയാണ്. ഇവയോരോന്നും ജീവിക്കാൻ ആരംഭിച്ചപ്പോഴാണ് എനിക്ക് ബോധ്യപ്പെട്ടത് എത്ര നിരർത്ഥകമായിരുന്നു പിന്നിട്ട ജീവിതകാലം. എല്ലാവരേയും തന്നിലേക്ക് ആകർഷിച്ച് അടുപ്പിക്കാൻ തളിർത്തു തഴച്ചുനിൽക്കുന്ന അത്തിവൃക്ഷംപോലെ പ്രയോജനകരമായ ഒന്നും ഇല്ലാതിരിക്കെ എല്ലാം എന്നിലുണ്ടെന്ന് എല്ലാവരേയും ബോദ്ധ്യപ്പെടുത്തുന്ന അത്തിവൃക്ഷത്തെപോലെ ജീവിതം സൃഷ്ടികർത്താവിന്റെ ശാപമേറ്റ് വാടിക്കരിയുന്ന അവസ്ഥ ബോധ്യപ്പെടുത്തിയിരുന്നു, പരിശീലനത്തിലെ ഓർമ്മപ്പെടുത്തലുകൾ പലതും. സന്ധ്യാപ്രാർത്ഥനമാത്രം പതിവുണ്ടായിരുന്ന കുടുംബത്തിൽ ഇപ്പോൾ രാവിലെയും വൈകിട്ടും പൊതുവായ ദൈവവചനവായനയും പ്രഭാതപ്രാർത്ഥനയും പതിവായി. മിക്കവാറും ഉച്ചപ്രാർത്ഥനയും എല്ലാദിവസവും ദിവ്യബലിയിൽ സംബന്ധിക്കുകയും ചെയ്യുന്നു. ദൈവവചനത്തോടും, പരിശുദ്ധ കൂദാശകളോടും പ്രാർത്ഥനയിലുള്ള ഏകാഗ്രത ബലപ്പേടുത്താൻ ശ്രദ്ധിക്കുന്നു. നോമ്പാചരണത്തോടുള്ള സമീപനത്തിലും ആത്മാർത്ഥ പുലർത്തുന്നു. മുൻപ് ചില നോമ്പുകളെ ഓർക്കുകപോലുമില്ലായിരുന്നു. ദൈവവചനത്തോട് ആഭിമുഖ്യം പുലർത്താൻ കഴിഞ്ഞതിനാലാണ് കുടുംബത്തിൽ ദൈവവിളി രൂപപ്പെട്ടപ്പോൾ കുടുംബ പശ്ചാത്തലവും, അംഗസംഖ്യയും പരിഗണിക്കാതെ അനുകൂലനിലപാട് സ്വീകരിക്കാൻ കഴിഞ്ഞതും. അങ്ങനെ ഒരു തലത്തിലേക്ക് ദൈവം കുടുംബത്തെ രൂപപ്പെടുത്തി എന്നു പറയുന്നതാവും ശരി. സുവിശേഷ സംഘാംഗങ്ങളുടെ പൊതുവായ ശുശ്രൂഷാരംഗമായ ഭവനസന്ദർശന ശുശ്രൂഷയിൽ സംബന്ധിക്കുന്നതു കൊണ്ട് മേജർ അതിരൂപതയുടെ എല്ലാ മേഖലകളിലുമുള്ള നമ്മുടെ ഭവനങ്ങളെ കാണാനും അറിയാനും ചില കുടുംബങ്ങളെങ്കിലും അഭിമുഖീകരിക്കുന്ന ദുഃഖങ്ങളും വേദനകളും നേരിട്ട് ബോധ്യപ്പെടുമ്പോൾ സർവ്വശക്തനായ ദൈവം മറ്റുപലർക്കും നല്കാത്ത എത്രയധികം നന്മയും കരുണയും കൃപയും എനിക്കു തന്നിരിക്കുന്നു എന്ന് തിരിച്ചറിയാൻ കഴിയുന്നു. ഇനിയും മാർ ഈവാനിയോസ് പിതാവ് പഠിപ്പിക്കുന്നപോലെ കുശവന്റെ കൈയിലെ കളിമണ്ണുപോലെ ദൈവകരങ്ങളിൽ എന്നെ തന്നെ സമർപ്പിക്കുന്നു. സഭയുടെ സുവിശേഷശുശ്രൂഷാ വേദിയോട് ചേർന്ന് നിൽക്കുന്നു, പ്രാർത്ഥിക്കുന്നു. ഒരു കാര്യം ഉറപ്പാണ്. സജ്ജീകൃതമായ ഒരു ജനത്തെ കർത്താവിനു വേണ്ടി ഒരുക്കുന്നതാണ് (ലൂക്കാ. 1:17) നമ്മുടെ സുവിശേഷ സംഘ രൂപീകരണവും, പരിശീലനവും, പ്രവർത്തനവും.



# മലങ്കര കത്തോലിക്കാ സുവിശേഷ സംഘം സഭയുടെ ആത്മീയ വളർച്ചയ്ക്ക് അനിവാര്യം

**ചാക്കോ തടത്തിൽ വർഗ്ഗീസ്**
മൂവാറ്റുപുഴ രൂപതാ സുവിശേഷസംഘാംഗം

ആഗോള കത്തോലിക്കാ സഭയിൽ പ്രത്യേകിച്ച് കേരള കത്തോലിക്ക സഭയിൽ, മലങ്കര കത്തോലിക്കാ സുവിശേഷ സംഘത്തിന്റെ പ്രാർത്ഥനാ ജീവിത ശൈലി വ്യക്തികളുടേയും കുടുംബങ്ങളുടേയും ഇടവകകളുടേയും ആത്മീയ വളർച്ചയിൽ വളരെയേറെ പ്രാധാന്യം ചെലുത്തുന്നു. കൂദാശപരമായ പ്രാർത്ഥനാ ജീവിത ശൈലി ഈ കാലഘട്ടത്തിൽ ദൈവത്തിന്റെ ഒരു പ്രത്യേക അനുഗ്രഹമായി നമ്മുക്ക് കാണാൻ കഴിയണം.

മലങ്കര കത്തോലിക്കാ സുവിശേഷ സംഘത്തിൽ അംഗമാവുക എന്നതിന്റെ പരിപൂർണ്ണ അർത്ഥം ഞാൻ മനസിലാക്കുന്നത്, യേശുവിന്റെ ഹൃദയത്തിൽ ഇടം നേടാൻ കിട്ടുന്ന ഒരവസരമായി കാണുന്നു. യോഹ: 14:23 'എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും'.

പ്രാർത്ഥിക്കാൻ ദേവാലയങ്ങളിലും ധ്യാനകേന്ദ്രങ്ങളിലുമെല്ലാം പോകുന്നവരിൽ 90% പേരും തന്റെ വ്യക്തിപരമായോ തന്റെ വേണ്ടപ്പെട്ടവരുടെ പ്രത്യേക നിയോഗങ്ങൾക്കോ ഭൗതികനേട്ടങ്ങൾക്കോ ദൈവത്തിന്റെ സഹായം തേടാൻ പോകുന്നവരാണ്. എന്നാൽ യഥാർത്ഥ ഭക്തജനങ്ങൾ ദേവാലയത്തിലേക്ക് പോകേണ്ടത് തന്നെ സൃഷ്ടിച്ച ദൈവത്തെ ആരാധിക്കാൻ ഞാൻ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവനാണെന്ന യാഥാർത്ഥ്യ ബോധ്യത്തോടെ ആയിരിക്കണം. എങ്കിൽ മാത്രമേ അവന് തന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണ മനസ്സോടും കൂടെ സ്നേഹിക്കുവാനും ആരാധിക്കാനും (മത്തായി 22:23) സാധിക്കുകയുള്ളൂ. ഇവിടെ പ്രധാനവും പ്രഥമവുമായ കല്പന പൂർത്തിയാക്കപ്പെടുന്നു.

നമ്മുടെ ജീവിതത്തിന്റെ സമാധാനത്തിന്റെ തകർച്ചയ്ക്ക് കാരണം നാം പലപ്പോഴും മറ്റുള്ളവരിലാണ് അടിച്ചേൽപ്പിക്കുന്നത്. യഥാർത്ഥത്തിൽ എന്റെ കുടുംബത്തിൽ തകർച്ചയ്ക്ക്, സമാധാനമില്ലാത്തതിന്റെ കാരണം മറ്റാരുമല്ല അത് ഞാൻ തന്നെയാണ് എന്ന ബോധ്യം നാം മനസ്സിലാക്കുമ്പോൾ എന്നിലാണ് മാറ്റമുണ്ടാകേണ്ടത് എന്നും ഞാൻ മാറിയാൽ എന്റെ എല്ലാ പ്രശ്നങ്ങൾക്കും, കുടുംബത്തിന്റെ പ്രശ്നങ്ങൾക്കും പരിഹാരമാകും എന്ന സത്യം നാം അറിയുന്നു. എന്റെ ജീവിത പങ്കാളിയും മക്കളും മാതാപിതാക്കളും സഹോദരങ്ങളും ഇടവക കൂട്ടായ്മയും ഞാൻ മൂലം അനുഗ്രഹിക്കപ്പെടും.

മലങ്കര കത്തോലിക്ക സുവിശേഷ സംഘത്തിലൂടെ ഒരു വ്യക്തി തന്റെ ജീവിതത്തെ പൂർണ്ണമായി ദൈവത്തിനു സമർപ്പിക്കുകയാണ് ചെയ്യുന്നത്. തന്റെ ജീവിതത്തിൽ ക്രമമായ പ്രാർത്ഥനാ ജീവിത ശൈലി അവൻ വളർത്തിയെടുക്കുന്നു. ചിട്ടയായ യാമപ്രാർത്ഥനകളിലൂടെ വിശുദ്ധഗ്രന്ഥ വായനയിലൂടെ കൂദാശപരമായ ജീവിതവിശുദ്ധിയിലൂടെ അവൻ സ്വയം വിശുദ്ധിയിലാവുകയും അനേക മക്കൾക്ക് സാക്ഷിയായി തീരുകയും ചെയ്യുന്നു. അതിലൂടെ അവന് നിത്യജീവനിലേക്ക് എത്തിച്ചേരാനും സ്വർഗ്ഗത്തെ ലക്ഷ്യമാക്കി ജീവിക്കാനും സാധിക്കുന്നു.

*(തുടർച്ച 13-ാം പേജിൽ)*

www.malankaralibrary.com





# സുവിശേഷമാകൂ.... സുവിശേഷമേകൂ....

**റ്റി. ജി. രാജു നിലമ്പൂർ**
സഭാതലസുവിശേഷസംഘാംഗം, ബത്തേരി രൂപത

ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക്, അവിടുന്ന് സകലവും നന്മക്കായി പരിണമിപ്പിക്കുന്നുവെന്നു നമുക്കറിയാമല്ലോ (റോമ 8:28). അത്തരത്തിലൊരു ദൈവിക പദ്ധതിയുടെ ചില ഏടുകൾ ഇവിടെ കുറിക്കട്ടെ. നമ്മുടെ ബലഹീനതകളെ സ്നേഹിക്കുന്ന ഒരു ദൈവമാണ് നമുക്കുള്ളത്. എന്റെ കുറവുകളെ അവന്റെ കാൽവരിയുടെ വിരിമാറിലേക്ക് ഞാൻ വിട്ടുകൊടുത്തപ്പോൾ അത് നിറവുകളായി മാറി. ദൈവത്തിന്റെ തിരഞ്ഞെടുപ്പിന് സ്വയം വിട്ടുകൊടുത്തപ്പോൾ അവന്റെ സുവിശേഷമായി മാറുവാൻ തീരുമാനിച്ചപ്പോൾ എന്റെ ജീവിതവും അവൻ ഏറ്റെടുക്കുകയായിരുന്നു. നിലം ഉഴുകയായിരുന്ന ഏലീശായേയും, ആടുകളെ മേയ്ക്കുകയായിരുന്ന ദാവീദിനേയും, മീൻപിടുത്തക്കാരായ ശിഷ്യന്മാരേയും തിരഞ്ഞെടുത്ത ദൈവം എന്റെ കുറവുകളോടെ അവനു വേണ്ടി ആത്മാക്കളെ നേടാൻ, അതിവേഗം ഓടുവാൻ ഒരു സുവിശേഷസംഘാംഗമായി എന്നേയും തിരഞ്ഞെടുത്തു.

ആ തിരഞ്ഞെടുപ്പിനുശേഷം ജീവിതത്തിന്റെ ഗതി ആകെ മാറിപ്പോയി. വിളിയോട് വിശ്വസ്തതപുലർത്തുവാനും സുവിശേഷവയലിൽ ആത്മാക്കളെ നേടുവാനും തീക്ഷണമായ ആഗ്രഹം മനസ്സിൽ നിറഞ്ഞുനിന്നു. മാർ ഈവാനിയോസ് പിതാവിന്റെ ജീവിതത്തോട് കൂടുതൽ താദാത്മ്യപ്പെടുവാനും പിതാവിന്റെ ജീവിതം ബാക്കി ജീവിച്ചുതീർക്കുവാനും മനസ്സ ആഗ്രഹിച്ചു. ദൈവത്തോട് പ്രശ്നങ്ങൾ പറയാതെ പ്രശ്നത്തോട് ദൈവത്തെക്കുറിച്ച് പറയാൻ സാധിച്ചു. യേശു ഭൂമിയിലായിരിക്കുമ്പോൾ വിശ്രമിക്കാൻ മറന്നുപോയി. അങ്ങനെ ദൈവശുശ്രൂഷയിൽ മടുപ്പുതോന്നാതെ സുവിശേഷസംഘ ജീവിതം മുന്നോട്ടു പോകുന്നു. ഓരോ ഇടവകകൾ കയറിയിറങ്ങുമ്പോഴും അവരോട് വചനം പറയുമ്പോഴും, അവർക്കുവേണ്ടി പ്രാർത്ഥിക്കുമ്പോഴും ദൈവം ഇന്നും ജീവിക്കുന്നു എന്നു കൂടുതൽ ബോധ്യമായി. മാർ ഈവാനിയോസ് പിതാവിനെപ്പറ്റി പ്രസംഗിക്കുമ്പോഴും അല്ലാത്ത സമയങ്ങളിലും പിതാവുമായി ഒരു മാനസികബന്ധം പുലർത്താൻ സാധിച്ചു.

ശരീരം തളർന്നപ്പോഴും മനസ്സിനുള്ളിൽ സുവിശേഷസംഘത്തിൽ നിന്നും ലഭിച്ച അഗ്നി കത്തിക്കൊണ്ടേയിരുന്നു. ലോകത്തിന്റെ അതിർത്തികൾവരെയും ദൈവവചനത്തിനു സാക്ഷിയാകുവാൻ മനസ്സ് ആഗ്രഹിച്ചു. ദൈവത്തിനുവേണ്ടി വില കൊടുക്കുവാൻ ഞാൻ തയ്യാറായപ്പോൾ എന്റെ കുടുംബം അനുഗ്രഹിക്കപ്പെട്ടു. മക്കളുടെ പഠനമേഖല ശക്തിയാർജ്ജിച്ചു. കുടുംബബന്ധങ്ങളിൽ സന്തോഷമുണ്ടായി. ജോലി മേഖല അനുഗ്രഹിക്കപ്പെട്ടു.

ഓരോ ആഴ്ചയിലെ അവസാനദിനങ്ങളിലും ഇടവകകൾ സന്ദർശിക്കുമ്പോൾ അവ ഓരോന്നും ഓരോ പെന്തക്കുസ്താ അനുഭവങ്ങളായിരുന്നു. സുവിശേഷം പ്രസംഗിക്കുന്നതിനെക്കാളുമപ്പുറം എന്റെ ജീവിതമാണ് സുവിശേഷമാക്കി മറ്റുള്ളവർക്ക് നൽകേണ്ടത്. കൂട്ടായ്മകളും ഒരുമിച്ചുള്ള പ്രാർത്ഥനകളും ആത്മാവിൽ വീണ്ടും ജനിക്കാനുള്ള വേദികളായിരുന്നു. ഈ അവസരത്തിലും സഹനത്തിന്റെ ഗത്സമൻ അനുഭവം പലപ്പോഴും ഉണ്ടായിട്ടുണ്ട്. ആത്മഹത്യ ചെയ്യണം എന്ന ചിന്തയുമായി ജീവിതത്തിൽ പകച്ചുനിന്ന ഒരു വ്യക്തിയെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ ഒരു വാക്ക് മാത്രമേ ആവശ്യമുണ്ടായിരുന്നുള്ളു. “ഇതും കടന്നുപോകും”. അതുപോലെ ദുഃഖങ്ങളിൽ പ്രത്യാശ കണ്ടെത്താൻ എനിക്ക് സാധിച്ചു. “നിന്നതല്ല നാം ദൈവം നമ്മെ നിർത്തിയതാം, നേടിയതല്ല ദൈവമെല്ലാം തന്നതല്ലേ”.

ദൈവം ഏറ്റവും കൂടുതൽ നടത്തിയ ദിനങ്ങളായിരുന്നു കഴിഞ്ഞുപോയവ. ജീവിതത്തിന്റെ അഗാധമായ വിഷമസന്ധികളിലേക്ക്, പ്രയാസത്തിന്റെ മടത്തട്ടിലേക്ക് ചാഞ്ഞപ്പോഴും സഹായിക്കാൻ ദൈവത്തിന്റെ കരങ്ങളുണ്ടായിരുന്നു. മാദ്ധ്യസ്ഥം വഹിക്കാൻ മാർ ഈവാനിയോസ് പിതാവും. അങ്ങനെ മാർ ഈവാനിയോസ് പിതാവിൽ നിന്ന് അനുഗ്രഹങ്ങൾ പ്രാപിച്ച് ദൈവം നടത്തുന്നതോർക്കുമ്പോൾ നന്ദിയല്ലാതെ മറ്റൊന്നും പറയാനില്ല, മനസ്സിൽ ദൈവസ്നേഹത്തിന്റെ ഒത്തിരി അനുഭവങ്ങളും.

ഭാരതം മുഴുവൻ സുവിശേഷം പങ്കുവയ്ക്കാൻ മലങ്കര കത്തോലിക്ക സഭയ്ക്ക് അനുവാദം ലഭിച്ചിരിക്കുന്ന ഈ സാഹര്യത്തിൽ സുവിശേഷത്തെക്കുറിച്ച് നൊമ്പരം തോന്നാതെ സഭയ്ക്ക് നിലനിൽക്കാനാവില്ല. മാർ ഈവാനിയോസ് പിതാവിന്റെ വാക്കുകളിൽ ‘ദൈവസേവനത്തെക്കാൾ അത്യുത്തമം ദൈവസമ്പാദനം’. ഇത് പ്രാവർത്തികമാക്കി മലങ്കര കത്തോലിക്കസഭ മുന്നോട്ടു പോകുമ്പോൾ മലമുകളിൽ പ്രശോഭിക്കുന്ന ദീപം പോലെ സഭ കത്തിജ്വലിക്കും.

---

(മലങ്കര... *12-ാം പേജിൽ നിന്നും തുടർച്ച*)

സുവിശേഷ സംഘത്തിന്റെ കൂട്ടായ്മയുള്ള ഇടവക ദേവാലയങ്ങളിൽ ആത്മാവിന്റെ ഒരു പ്രത്യേക ഉണർവ്വ് വ്യക്തികളിലും കുടുംബങ്ങളിലും നാം കാണുന്നു. ഇവരുടെ പ്രാർത്ഥനാ ജീവിതസാക്ഷ്യം വഴി അവർക്ക് ആത്മീയ രക്ഷ കൈവരിക്കാൻ സാധിക്കുന്നു. പ്രത്യേകിച്ച് വീടുകൾ കയറിയിറങ്ങിയുള്ള പ്രത്യേക ശുശ്രൂഷ, രോഗികൾക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥന, ശാരീരികമായും മാനസികമായും തകർന്ന കുടുംബങ്ങളിലേക്ക്, അവരുടെ പ്രശ്നങ്ങളിലേക്ക്, പ്രയാസങ്ങളിലേക്ക്, പ്രതിസന്ധികളിലേക്ക് യേശുവിനെ ക്ഷണിക്കാനും യേശുവിനെ ഏകരക്ഷകനായി സ്വീകരിക്കുവാനും കഴിയുന്നു.

ഭൗതിക ലോകജീവിതത്തെ മാത്രം ലക്ഷ്യംവെച്ചുകൊണ്ടുള്ള ഈ ലോകജീവിതത്തിൽ ക്രൈസ്തവ വിശ്വാസത്തിന്റെ മൂല്യം ക്രൈസ്തവരിൽ നിന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മലങ്കര സുവിശേഷസംഘത്തിന് ദൈവം ഏല്പിച്ചുകൊടുത്തിട്ടുള്ള ഉത്തരവാദിത്തം, വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. ഇതിലൂടെ കുടുംബങ്ങളേയും ഇടവക സഹൂഹങ്ങളേയും പ്രാർത്ഥനാജീവിത ശൈലിയിൽ വളർത്തിയെടുക്കുന്നതിന് സാധിക്കുന്നു. മലങ്കര കത്തോലിക്കാസഭയുടെ ഇത്തരം ആത്മീയ ശുശ്രൂഷകൾ ക്രൈസ്തവ സഭയെ മാത്രമല്ല മറ്റ് നാനാജാതിമതസ്തർക്ക് സാക്ഷ്യം നൽകുവാൻ സുവിശേഷ സംഘാംഗങ്ങൾക്ക് സാധിക്കട്ടെ. പരിശുദ്ധ ദൈവമാതാവിന്റെയും വിശുദ്ധ യൗസേപ്പ് പിതാവിന്റെയും മാധ്യസ്ഥ്യം നമ്മുക്കുണ്ടായിരിക്കട്ടെ.

---



# വചനമായവനെ പ്രണയിച്ച്...... പ്രണയിച്ച്.......!

**ഫാ. മാത്യു വാഴയ്ക്കാപാറ**
സഭാതലസുവിശേഷസംഘാംഗം, പുത്തൂർ രൂപത

ഇരുട്ടിനെ സ്നേഹിച്ച നിക്കോദേമോസ് യേശുവിനെ സമീപിച്ച് ചോദിക്കുന്ന ചോദ്യം പ്രസക്തമാണ്. ‘നീ ദൈവത്തിൽ നിന്ന് വന്നവനാണെന്നും ദൈവം കൂടെയില്ലെങ്കിൽ നീ ചെയ്യുന്ന അടയാളങ്ങൾ പ്രവർത്തിക്കാൻ കഴിയില്ലെന്നും എനിക്കറിയാം’ (യോഹ. 2:2). യേശുവിനെക്കുറിച്ചുള്ള അറിവ് ബൗദ്ധികതലത്തിൽ ഒതുക്കിനിർത്തിയ നിക്കോദേമോസ്, ആത്മാവിന്റെ അന്ധത പിഴുതുമാറ്റി പ്രകാശംകൊണ്ടുനിറച്ചവന്റെ വചനത്തെ സ്നേഹിച്ച് അവനെ രഹസ്യമായി അനുധാവനം ചെയ്യുന്നു. മീറയും ചെന്നിനായകവും ചേർന്ന സുഗന്ധദ്രവ്യംകൊണ്ട് പൊതിഞ്ഞ് യേശുവിന്റെ ശരീരം സംസ്കരിക്കുവാൻ തയ്യാറാകുമ്പോൾ വചനമായവന്റെ വാക്കുകളെ പ്രണയിച്ച മറ്റൊരു ക്രിസ്തുശിഷ്യൻ സാക്ഷ്യത്തിനായി ഒരുങ്ങുകയായിരുന്നു.

സുഗന്ധതൈലം പാദങ്ങളിൽ പൂശി മുടിചുരുൾകൊണ്ട് തുടച്ച് മറിയവും ഇരുളിന്റെ പിന്നാം പുറങ്ങളിൽ വചനമായവനെ തേടിവരികയായിരുന്നു. ഉത്ഥിതന്റെ ആദ്യദർശനത്തിന്റെ സൗന്ദര്യം നുകരുവാൻ അവൾ വിളിക്കപ്പെട്ടു. വചനത്തെ പ്രണയിച്ചവൾ............മറിയം........... ഉത്ഥാനരഹസ്യം സഹോദരങ്ങളോട് പങ്കുവയ്ക്കുവാൻ ആദ്യം നിയോഗിക്കപ്പെട്ടു.

ആറാം മണിക്കൂറിൽ വെള്ളം കോരാൻവന്ന സമരിയാക്കാരി കിണറിന്റെ കരയിൽ വചനമായവനെ കണ്ടുമുട്ടി, ജീവിന്റെ വചനംകൊണ്ട് ശൂന്യമായ ഹൃദയം നിറച്ച് ലഭിച്ചകൃപ പങ്കുവയ്ക്കുവാൻ പട്ടണത്തിലേക്ക് യാത്രയാകുന്നു. സാക്ഷ്യം നൽകുവാൻ അവളെ പ്രേരിപ്പിച്ചത് തന്റെ പഴയ കഥ പറഞ്ഞവന്റെ വചനത്തോടുള്ള പ്രണയമല്ലാതെ മറ്റെന്താണ്.

‘വചനത്തെ പ്രണയിക്കുക വചനമായവനെ സ്വന്തമാക്കുക....’ സുവിശേഷസംഘത്തിന്റെ ചൈതന്യവും പ്രവർത്തനവും ഈ പദങ്ങളിൽ ഞാൻ നിർവ്വചിക്കുകയാണ്. വചനമായവനെ സ്വന്തമാക്കി പങ്കുവയ്ക്കുന്ന ആത്മീയതയുടെ പുതിയ മാനങ്ങൾ. വചനമായവന്റെ പ്രബോധനങ്ങളും കല്പനകളും പാലിച്ചുകൊണ്ട് സഭാമക്കളെ വിശ്വാസത്തിൽ ഉറപ്പിക്കുന്ന ജീവിതശൈലിയെ രൂപപ്പെടുത്തൽ......

പുത്തൂർ രൂപതയിലെ സുവിശേഷസംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് ആവുംവിധം സമയവും സാഹചര്യവും പങ്കിടുമ്പോൾ.... ആരംഭത്തിൽ തോന്നിയ അങ്കലാപ്പും ലജ്ജയുമൊക്കെ മാറിപോകുവാൻ ദീർഘനേരം പ്രാർത്ഥിച്ചിരുന്നു. പിന്നീട് തിരിച്ചറിഞ്ഞു ഇതിനായി ദാഹിക്കുന്ന, ആഗ്രഹിക്കുന്ന ദൈവജനത്തോടു ചേർന്ന് നീങ്ങേണ്ടത് ഇന്നിന്റെ ആവശ്യമാണെന്ന്.

വചനമായവന്റെ പ്രബോധനങ്ങളെ ആഴത്തിൽ സ്നേഹിക്കുന്നവരെ....അതൊരു പ്രണയമാക്കി മാറ്റിയയവരെ അടുത്തറിഞ്ഞപ്പോൾ അവരുടെ ആവേശവും തീക്ഷണതയും എന്നിലേക്കും കത്തിപ്പടർന്നത് ഒരനുഗ്രഹമായി കാണുന്നു.

‘അച്ചാ... കുടുംബത്തിൽ വലിയ സന്തോഷമാ..... പ്രാർത്ഥിക്കുവാൻ എപ്പോഴും ഒരാവേശമാ...’ അതിരാവിലെ അടുക്കളയിലെ ജോലികൾ പൂർത്തിയാക്കി.. ഭർത്താവിനെ റബ്ബർമരം വെട്ടുന്നതിൽ സഹായിച്ച്....കുഞ്ഞുങ്ങളെ അനുഗ്രഹിച്ച് സ്കൂളിലേക്ക് പറഞ്ഞയച്ചശേഷം ലഭിച്ച അനുഗ്രഹം പങ്കുവയ്ക്കുവാൻ ഭവനങ്ങൾ കയറിയിറങ്ങുന്ന, സുവിശേഷസംഘത്തിൽ ഉൾച്ചേർന്ന് പ്രവർത്തിക്കുന്ന വീട്ടമ്മയുടെ വാക്കുകൾ കേട്ടപ്പോൾ എന്റെ കണ്ണുകൾ നനഞ്ഞതും...ഹൃദയം നൊന്തതും അവരറിയാതിരിക്കുവാൻ പാടുപെട്ടു... എനിക്കിതിനു കഴിയുന്നില്ലല്ലോ.. ലജ്ജതോന്നിപോയ അനവധി നിമിഷങ്ങൾ.

ജീവിതത്തിലെ നോവുകൾ കണ്ണീരോടെ പങ്കുവച്ചവരോട്, കാരുണ്യവാന്റെ കനിവിന്റെയും അനുഗ്രഹത്തിന്റെയും കഥകൾ പറഞ്ഞുകൊടുത്തതും, ഒന്നിച്ചിരുന്നു പ്രാർത്ഥിച്ചതും ദൈവനിയോഗമല്ലാതെ മറ്റൊന്നുമല്ലല്ലോ. ദൈവം ഇടപെട്ട് പ്രവർത്തിക്കുന്ന നിരവധിയായ അനുഭവങ്ങൾ.

മനോഭാവത്തിൽ മാറ്റം വരുമ്പോൾ കാഴ്ചപാടുകൾ പുതുമയുള്ളതാകും. സുവിശേഷസംഘത്തിലെ ശുശ്രൂഷ എന്നിലെ ബോധ്യങ്ങളെ മാറ്റിയെഴുതിയതുപോല....ആത്മീയ കാര്യങ്ങളോട് കൃത്യതയാർന്ന സമീപനം..വചനം വായിക്കുവാനും, പങ്കുവയ്ക്കുവാനും കൂടുതൽ ഉത്സാഹം, തിരുമണിക്കൂർ ആരാധനയിൽ ദിവ്യനാഥന്റെ സ്നേഹം മതിവരുവോളം നുകരുന്ന അസുലഭ നിമിഷങ്ങൾ, ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ മാദ്ധ്യസ്ഥതയിൽ അടിയുറച്ച ആശ്രയം...

ഈ ആത്മീയതയെ സ്നേഹിക്കുന്നവർ, സ്വന്തമാക്കുവാൻ ആഗ്രഹിക്കുന്നവർ, മുഴുവൻ സമയവും ഇതിൽ ഉൾച്ചേർന്നുപ്രവർത്തിക്കുന്നവർ കൂടിവരുന്നു. രൂപതാതലത്തിൽ രണ്ടാമത്തെ ബാച്ചിന്റെ പരിശീലനം ആരംഭിച്ചു കഴിഞ്ഞു. ഇടവകകളിൽ കൃത്യമായി യാമപ്രാർത്ഥനചൊല്ലുന്നവരുടെ എണ്ണം വർദ്ധിച്ചു. വി. കുർബാനയോടും, മറ്റു കൂദാശകളോടുമുള്ള സമീപനം എത്രയോ വിശുദ്ധമായിരിക്കുന്നു. ഹൃദയത്തെ തൊട്ടുണർത്തുന്ന അനുഭസാക്ഷ്യങ്ങൾ ഏറിവരുന്നു. അകന്ന് നിന്നിരുന്നവർ സജീവമായി സഹകരിക്കുന്നു.

വികാരിയച്ചന്മാർ സാക്ഷ്യപ്പെടുത്തിയത് ഇവിടെ അനുസ്മരിക്കുന്നു. ‘ഇടവകയിലെ സുവിശേഷസംഘത്തിലെ അംഗത്തിന് വലിയ മാറ്റമുണ്ട്...അടുത്ത ബാച്ചിലേക്ക് നാലുപേരെ അയക്കുന്നുണ്ട്...’ സന്തോഷം തോന്നിയ നിമിഷങ്ങൾ.

ഈ ഉണർവിന്റെ കൊടുംകാറ്റ് സഭാമക്കളെ വിശുദ്ധീകരിക്കട്ടെ... വചനത്തെ, വചനമായവനെ പ്രണയിച്ച് സ്വന്തമാക്കി സാക്ഷ്യം നൽകുവാൻ നമുക്കും ഗ്രാമങ്ങളിലേക്ക് യാത്രയാകാം.

**ഞാൻ സുവിശേഷം പ്രസംഗിക്കുന്നെങ്കിൽ അതിൽ എനിക്ക് അഹംഭാവത്തിനു വകയില്ല. അത് എന്റെ കടമയാണ്. ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം!**
**(1 കോറി. 9:16)**

www.malankaralibrary.com





# ഞാനും യേശുവിനെ കണ്ടെത്തി

ക്രിസ്റ്റോഫർ പ്ലാങ്കാല
സഭാതല സുവിശേഷസംഘാംഗം, മാർത്താണ്ഡം രൂപത

സുവിശേഷസംഘത്തിൽ പ്രവർത്തിക്കുന്ന എന്റെ എല്ലാ സഹോദരങ്ങൾക്കും എന്റെ ഹൃദയം നിറഞ്ഞ നന്ദിയും സന്തോഷവും അറിയിച്ചുകൊള്ളുന്നു.

സുവിശേഷം പ്രസംഗിക്കുക എന്നാൽ നിത്യജീവൻ തരുന്ന ദൈവവചനത്തെ ഉൾക്കൊള്ളുകയെന്നതാണ്. അതായത് യേശുവിനെ രക്ഷകനും കർത്താവുമായി സ്വീകരിച്ച് രക്ഷയിലേക്ക് കടന്നുവരുകയും ഈ രക്ഷയിലേക്ക് മറ്റുള്ളവരെ ആനയിക്കുകയും ചെയ്യുക. ഇങ്ങനെ ചെയ്യുമ്പോൾ ദൈവരാജ്യം ഈ ലോകത്തിൽ എല്ലാവരിലും വരും. നമ്മുടെ സത്പ്രവർത്തികൾ കണ്ട് മറ്റുമക്കൾ പ്രത്യേകിച്ച് അക്രൈസ്തവർ ദൈവത്തെ അറിയുവാനും, സ്നേഹിക്കുവാനും അതുവഴി തന്റെ സഹോദരങ്ങളെ അറിയുവാനും സ്നേഹിക്കുവാനും മറ്റുള്ളവർക്കുവേണ്ടി സഹിക്കുവാനും ക്ഷമിക്കുവാനും തയ്യാറാകും.

യേശുവിനെ കണ്ട അപ്പസ്തോലന്മാർ അവിടുത്തെ വചനം നേരിട്ട് കേട്ട്, അവനോടൊത്ത് ജീവിച്ച്, ഭക്ഷണം കഴിച്ച് സന്തോഷത്തോടെ ജീവിച്ചു. അവർ അനുഭവിച്ച യേശുവിനെ ലോകം മുഴുവനിലും പ്രഘോഷിക്കുകയും അവസാനം തങ്ങളുടെ ഗുരുവിനുവേണ്ടി സ്വന്തം ജീവൻ പോലും ഹോമിക്കുകയും ചെയ്തു.

എന്റെ ജീവിതത്തിലും യേശുവിനെ കണ്ടെത്തിയശേഷം കുടുംബ ജീവിതത്തിൽ ഒത്തിരിയേറെ മാറ്റങ്ങൾ വന്നിട്ടുണ്ട്. കുടുംബ പ്രാർത്ഥന: രാവിലെ, മദ്ധ്യാഹ്നം, സന്ധ്യാ എന്നീ യാമങ്ങളിൽ പ്രാർത്ഥനകൾ നടത്തുന്നു. ഓരോ യാമത്തിലുമുള്ള പ്രാർത്ഥനകൾക്ക് ശേഷം ബൈബിൾ വായിക്കുന്നു. പറ്റുന്നതുപോലെ ദിവസവും വി. ബലിയിൽ പങ്കെടുക്കുവാൻ പരിശ്രമിക്കുന്നു. തുടർന്നും എന്റെ ജീവിതത്തിൽ തിരുസഭയ്ക്കും എന്റെ ഇടവകയ്ക്കും എന്നാൽ പറ്റുന്ന അദ്ധ്യാത്മിക സഹായങ്ങൾ ചെയ്യുവാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ അങ്ങനെ ചെയ്തുകൊണ്ടിരിക്കുന്നു.

ആഴ്ചയിൽ ഒരിക്കൽ കുമ്പസാരിക്കുകയും രാവിലെ നാലുമണിക്ക് എഴുന്നേറ്റ് പ്രാർത്ഥിക്കുകയും ധ്യാനം നടത്തുകയും ചെയ്യുന്നുണ്ട്. ഭവനസന്ദർശനം, രോഗീസന്ദർശനം, വൃദ്ധജനങ്ങളെ പരിപാലിക്കൽ തുടങ്ങിയ ജോലികൾ ചെയ്തുകൊണ്ടിരിക്കുന്നു. രൂപതാ അടിസ്ഥാനത്തിൽ ഭവനസന്ദർശനം, രോഗീസന്ദർശനം, ധ്യാനം, പ്രാർത്ഥനാ കൂട്ടായ്മകൾ എല്ലാം നടത്തിവരുന്നു.

ഇത്രയും നാൾ എന്നെ നല്ല രീതിയിൽ വഴിനടത്തിയ ദൈവത്തിന് ഒരായിരം നന്ദി. എന്നോട് സഹകരിച്ച എന്നെ ഈ വേലയ്ക്കായി നിയോഗിച്ച അധികാരികൾ ഓരോരുത്തർക്കും നന്ദി പറഞ്ഞുകൊണ്ട് നിർത്തുന്നു.



ഗുഡ്ഗാവ് - ഡൽഹി രൂപതയുടെ അശരണരുടെ ആശ്രയമായ ശാന്തി ആശ്രമം നുൺഷിയോ സൽവത്തോരെ പെനാക്കിയോ, ആർച്ച് ബിഷപ്പ് മാർ കുറിയാക്കോസ് ഭരണികുളങ്ങര, ബിഷപ്പ് ജേക്കബ് മാർ ബർണബാസ് എന്നിവർ സന്ദർശിച്ചപ്പോൾ

**റിഹോദ് ഏവൻഗേലിയോൻ എന്ന ത്രൈമാസിക മലങ്കരസുറിയാനി കത്തോലിക്കാസഭയിലെ എല്ലാ കുടുംബങ്ങളിലും ലഭ്യമാക്കുന്നത് വളരെ അനുഗ്രഹപ്രദമാണ്. ഓരോ ഇടവകയിലേയും കുടുംബങ്ങളുടെ എണ്ണമനുസരിച്ച് അവശ്യാനുസരണം ഓരോ ഇടവകയിലേക്കും പോസ്റ്റുവഴി ഈ ത്രൈമാസിക അയച്ചുതരുന്നതാണ്. ഇടവകകളിലേക്ക് ആവശ്യമുള്ള ത്രൈമാസികയുടെ എണ്ണം അറിയിച്ചാൽ പോസ്റ്റിലൂടെ അയച്ചുതരുന്നതാണ്.**

**അന്വേഷണങ്ങൾക്ക്: ഫാ. ആന്റണി കാക്കനാട്ട്, 9447562877**



ഒറീസ്സാ മിഷനിൽ അരി നെറ്റിയിൽ വിതറി സിസ്റ്റേഴ്സിനെ ഭവനത്തിലേക്ക് സ്വീകരിക്കുന്നു

(വാർത്തകൾ... 8-ാം പേജിൽ നിന്നും തുടർച്ച)

പുത്തൂർ രൂപത സുവിശേഷസംഘത്തിന്റെ രണ്ടാം ബാച്ചിന്റെ പരിശീലനം മാർച്ച് 17ന് നടന്നു. 37 പേർ അതിൽ പങ്കെടുത്തു. തുടർ പരിശീലനം മെയ് 26,27,28 തീയതികളിൽ നടക്കുന്നതാണ്.

**9. ഗുഡ്ഗാവ്- ഡൽഹി രൂപത**
**ഫാ. ജോൺസൺ പള്ളിപടിഞ്ഞാറ്റേതിൽ**

ഗുഡ്ഗാവ് രൂപതയിൽ സുവിശേഷസംഘപ്രവർത്തനങ്ങൾ നന്നായി നടക്കുന്നു. ഇതിനോടകം 4 പള്ളികൾ സന്ദർശിക്കുകയും ഇടവകസംഘം രൂപീകരിക്കുകയും ചെയ്തു, 285 ഭവനങ്ങളുടെ സന്ദർശനവും നടന്നു. ഡൽഹി മേഖലാ സുവിശേഷസംഘത്തിന്റെ തുടർ പരിശീലനം മാർച്ച് 5, 6 തീയതികളിൽ നടത്തി. ഭോപ്പാൽ മേഖലാ സുവിശേഷസംഘത്തിന്റെ തുടർ പരിശീലനം മാർച്ച് 12,13 തീയതികളിൽ നടത്തി. ഡൽഹി മേഖലാ സുവിശേഷസംഘവും ഭോപ്പാൽ മേഖലാ സുവിശേഷസംഘവും മാസത്തിൽ ഒരിക്കൽ അതതു സ്ഥലങ്ങളിൽ ഒന്നിച്ചുകൂടി പ്രാർത്ഥിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്നു.

**10. ഖഡ്കി- പൂനാ എക്സാർക്കേറ്റ്**
**ഫാ. വർഗീസ് വാലിക്കോടത്ത്**


സുവിശേഷസംഘ പ്രവർത്തനങ്ങൾ എക്സാർക്കേറ്റിൽ നന്നായി നടക്കുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. 19 ദേവാലയങ്ങളിൽ സുവിശേഷസംഘത്തിന്റെ ധ്യാനം നടത്തുകയും ഇടവക സുവിശേഷസംഘം രൂപീകരിക്കുകയും ചെയ്തു. 1097 ഭവനങ്ങൾ സന്ദർശിച്ചു.ബോംബെ, പൂനാ, ബാംഗ്ളൂർ, ചെന്നൈ, ഹൈദ്രബാദ് എന്നിവിടങ്ങളിൽ സുവിശേഷസംഘം രൂപീകരിക്കുകയും തുടർ പരിശീലനം നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. മേൽപ്പറഞ്ഞ എല്ലാ സ്ഥലങ്ങളിലും മാസത്തിൽ ഒരിക്കൽ സുവിശേഷസംഘാംഗങ്ങൾ കൂടിവരുകയും പ്രാർത്ഥന, പങ്കുവയ്ക്കൽ, ക്ളാസ്സുകൾ എന്നിവ നടത്തുകയും ചെയ്യുന്നു.

(സുവിശേഷ... 5-ാം പേജിൽ നിന്നും തുടർച്ച)

മനുഷ്യകുഞ്ഞായി ജനിക്കാത്തിടത്തോളം കാലം അതിനൊരിക്കലും മനുഷ്യകുഞ്ഞായി രണ്ടു കാലിൽ നടക്കാൻ സാധിക്കില്ല. അതിനാൽ ആദാമ്യ പ്രകൃതിയിൽ ജനിച്ച നമുക്ക് ആദാമിന്റെ ശക്തിയേയുള്ളൂ. അഥവാ ജഡത്തിൽ നിന്നും ജനിച്ച നമുക്ക് ജഡത്തിന്റെ ശക്തിയേയുള്ളൂ. ആ ശക്തികൊണ്ട് ഒരു ആത്മീയ ജീവിതം അസാധ്യമാണ്. അതിനാൽ ആദാമ്യപ്രകൃതിയിൽ ജഡികരായി ജനിച്ച നമ്മൾ പരിശുദ്ധാത്മാവിൽ വീണ്ടും ജനിച്ച് ആത്മീയരായി ജീവിക്കാതെ പരിശുദ്ധാത്മ ഫലങ്ങൾ പുറപ്പെടുവിക്കാൻ സാധിക്കുകയില്ല. പരിശുദ്ധാത്മാവിൽ വീണ്ടും ജനിച്ച് പരിശുദ്ധാത്മ അഭിഷേകം പ്രാപിക്കാതെ ഒരു യഥാർത്ഥ ക്രിസ്ത്യാനിയായി ജീവിക്കുവാൻ സാധിക്കുകയില്ല. അതിനാൽ നിരന്തരം പരിശുദ്ധാത്മാവിൽ വീണ്ടും ജനിച്ച ബോധ്യം ഉള്ളിൽ ശക്തിപ്പെടണം. ഓരോ ദിവസവും പരിശുദ്ധാത്മ കൃപയ്ക്കായി പ്രാർത്ഥിക്കണം. "പരിശുദ്ധാത്മാവ് വന്നു കഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും, ജറുസലേമിലും യൂദായിലും സമറിയായിലും നിങ്ങൾ എനിക്കു സാക്ഷിയാകും" (അപ്പ. 1:18) പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതുവരെ നിങ്ങൾ ജറുസലേം വിട്ട് പോകരുത്. ഈ പരിശുദ്ധാത്മാവാണ് അപ്പസ്തോലന്മാർക്കും ആദിമസഭയ്ക്കും രക്ഷസാക്ഷികൾക്കും ആത്മീയ ശക്തി പകർന്നത്. ഈ പരിശുദ്ധാത്മാവ് നമ്മിലും കടന്നു വന്ന് നമുക്കും ശക്തിതരും. ഒരു വ്യക്തിയ്ക്ക് പരിശുദ്ധാത്മ അഭിഷേകം ലഭിച്ചുകഴിയുമ്പോൾ പരിശുദ്ധാത്മാവിൽ ആനന്ദിക്കാൻ സാധിക്കും. ഒരു വ്യക്തിക്കു ജഡത്തിൽ സന്തോഷിക്കുവാൻ സാധിക്കും. വികാരത്തിലും മനസിലും സന്തോഷിക്കാൻ പറ്റും. ബുദ്ധിയിൽ സന്തോഷിക്കാൻ പറ്റും. ശരീരവും മനസും വികാരങ്ങളും ബുദ്ധിയും ആത്മാവുമുള്ളവനാണ് മനുഷ്യൻ. ശരീരത്തിലും മനസിലും വികാരത്തിലും പെട്ടെന്ന് സന്തോഷിക്കാൻ മനുഷ്യന് സാധിക്കും. അതിന് പ്രത്യേക പരിശീലനം ആവശ്യമില്ല. എന്നാൽ ബുദ്ധിയിൽ സന്തോഷിക്കാൻ വളരെ പരിശ്രമം ആവശ്യമാണ്. അതുപോലെ ആത്മാവിൽ ആനന്ദിക്കാൻ പരിശുദ്ധാത്മാവിന്റെ അഭിഷേകം ആവശ്യമാണ്. അതിന് നിരന്തര പരിശ്രമവും ആവശ്യമാണ്. ഈ പരിശുദ്ധാത്മാവിൽ ആനന്ദിക്കുവാൻ സാധിക്കുക എന്നതാണ് യഥാർത്ഥ ക്രിസ്തീയത. അപ്പോൾ പരിശുദ്ധാത്മാവ് നമ്മുടെ വ്യക്തിത്വത്തിന്റെ എല്ലാ മേഖലകളുടെയും നിയന്ത്രണം ഏറ്റെടുക്കും. എന്റെ ശരീരത്തിന്റെയും മനസിന്റെയും വികാരത്തിന്റെയും ബുദ്ധിയുടെയും എല്ലാ നിയന്ത്രണവും ഇനിയും പരിശുദ്ധാത്മാവിനായിരിക്കും. അങ്ങനെ പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടുന്നവനാണ് പരിശുദ്ധാത്മാവിൽ ആനന്ദിക്കുന്നവനാണ് യഥാർത്ഥ ക്രിസ്ത്യാനി, യഥാർത്ഥ ശിഷ്യൻ, യഥാർത്ഥ സുവിശേഷസംഘാംഗം. അതുകൊണ്ടാണ് ഇപ്രകാരം പറയുന്നത് "ദൈവരാജ്യം എന്നാൽ ഭക്ഷണവും പാനീയവുമല്ല പരിശുദ്ധാത്മാവിലുള്ള ആനന്ദമാണ്". വിറകുവച്ച് അടുപ്പിൽ തീ കത്തിച്ച് ആഹാരം പാകം ചെയ്യുന്ന അമ്മമാർ ഇടയ്ക്ക് അടുപ്പിൽ ഊതികൊണ്ടിരിക്കും. വിറകുകത്തി തീരുന്ന തനുസരിച്ച് തീക്കനലിൽ ചാരം ഉണ്ടാകും. ആ ചാരം ഊതിമാറ്റിയാലേ തീക്കനലിന് ജ്വലിക്കാൻ സാധിക്കൂ, ചൂട് നൽകാൻ സാധിക്കൂ. മാമോദീസായിൽ സ്വീകരിച്ച പരിശുദ്ധാത്മാവാകുന്ന തീക്കനലിനു പുറത്തു ഈ ലോകത്തിന്റേതായ ചാരം വന്ന് മൂടി തീ കെട്ടുപോകാൻ സാധ്യതയുണ്ട്. അതിനാൽ നിരന്തരം എല്ലാ ദിവസവും ഈ ചാരം ഊതിമാറ്റി ആത്മാവാകുന്ന തീക്കനലിനെ ജ്വലിപ്പിക്കണം. ഈ പരിശുദ്ധാത്മ കൃപയ്ക്കായി നിരന്തരം നമുക്ക് പ്രാർത്ഥിക്കാം.

www.malankaralibrary.com





# ഒരുമയ്ക്ക് ഒരു തപസ്യ

**ഫാ. ഡോ. ജോൺ ബെർക്ക്മാൻസ് ഒ.ഐ.സി.**

തനിക്കുവേണ്ടിയും (യോഹ. 17: 1-8) അപ്പസ്തോലന്മാർക്കുവേണ്ടിയും (യോഹ. 17: 9-19) വിശ്വാസ സമൂഹത്തിനുവേണ്ടിയും തന്റെ മരണത്തിന് ഏതാനും മണിക്കൂറുകൾ മാത്രം ബാക്കിയുള്ളപ്പോൾ അതിശക്തമായി യേശു പ്രാർത്ഥിക്കുന്നു. (യോഹ. 17: 20-26) തന്നിൽ വിശ്വസിക്കുന്നവരെപ്പറ്റി യേശുവിന്റെ ആഗ്രഹം അവർ തന്നോട് യോജിച്ചിരിക്കുന്നതുപോലെ പരസ്പരം ഒരുമയിൽ ആയിരിക്കണമെന്നാണ്. അവരെ ഒരുമയിൽ കാത്തുകൊള്ളണമെയെന്ന്, മനുഷ്യരുടെ സ്വാർത്ഥതയും അധികാരമോഹവും നന്നായി അറിഞ്ഞിരുന്ന യേശു പിതാവിനോട് പ്രാർത്ഥിക്കുന്നു. അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി. പിതാവേ അങ്ങ് എന്നിലും ഞാൻ അങ്ങിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്നും ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു (യോഹ. 17: 21). ഐക്യത്തിന്റെ ഈ അന്തസത്ത ഉൾക്കൊണ്ട വി. പൗലോസ് തടവിൽ കിടന്നുകൊണ്ട് വിശ്വാസികളെ ഗുണദോഷിക്കുന്നു. "നിങ്ങൾക്ക് .... ഒരു ശരീരവും (സഭ) ഒരു ആത്മാവു (പരി. ആത്മാവ്) മാണുള്ളത്. (അതുകൊണ്ട്) ഒരു കർത്താവും ഒരു വിശ്വാസവും ഒരു കൂദാശയുമേ (മാമ്മോദീസാ) ഉണ്ടായിരിക്കാവൂ. (എഫേ. 4:1-5) യേശുവിന്റെ പ്രാർത്ഥന നമ്മെ സംബന്ധിച്ച് നിരർത്ഥകമായി മാറിയിരിക്കുകയാണോ? സഭയുടെ ഏകാത്മകതയെപ്പറ്റിയുള്ള വി. പൗലോസിന്റെ ദർശനത്തിന്റെ പശ്ചാത്തലത്തിൽ, ഏതാണ്ട് നാനൂറോളം സഭകളും Sect കളുമായി ചിതറിക്കിടക്കുന്ന യേശുവിന്റെ സഭയുടെ കാഴ്ച എത്ര സങ്കടകരമാണ്.

യേശുവിന്റെ സ്നേഹിതർ "നിന്റെ രാജ്യംവരണമെ" എന്ന പ്രാർത്ഥനയോട് ചേർത്ത് നടത്തേണ്ടതാണ് "അവരെയും നമ്മിൽ ഒന്നാക്കിത്തീർക്കണമെ" എന്ന അവിടുത്തെ പ്രാർത്ഥനയും. സഭകൾ ഒന്നു ചേർന്ന് ഒരു മനസ്സോടെ ദൈവത്തെ ആരാധിക്കുന്നുത് ദൈവരാജ്യം വന്നിരിക്കുന്നതിന്റെ അടയാളമായിരിക്കും. ദൈവദാസൻ മാർ ഈവാനിയോസിന്റെ സുവിശേഷ പ്രഘോഷണ ആദ്ധ്യാത്മികതയിൽ നിന്ന് വേർതിരിക്കാനാവില്ല അദ്ദേഹത്തിന്റെ സഭ ഐക്യ പരിശ്രമങ്ങൾ. അദ്ദേഹത്തിന്റെ പിൻഗാമിയായ ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി കേരളത്തിലെ എല്ലാ എക്യുമെനിക്കൽ പരിശ്രമങ്ങളുടെയും ഏറ്റവും വലിയ പ്രചാരകനായിരുന്നു. സഭൈക്യത്തിനുവേണ്ടിയുള്ള പരിശ്രമങ്ങൾ, കോൺഫ്രൻസുകൾകൊണ്ടും ചർച്ചകൾകൊണ്ടും ആണ് ആരംഭിച്ചത്. യേശു അതിനുവേണ്ടി ഉപയോഗിച്ച മാർഗ്ഗം തീവ്രമായ പ്രാർത്ഥനയുടേതാണ്. അത് എത്രമാത്രം ഇന്ന് ഉപയോഗപ്പെടുത്തുന്നു എന്നറിയില്ല. അഷ്ടദിന പ്രാർത്ഥന തന്നെയും വെറുമൊരു ചടങ്ങായിത്തീർന്നിട്ടില്ലേ എന്ന് സംശയിക്കുന്നു. നമുക്ക് ആരെയും പഴിക്കാതെ പ്രാർത്ഥനയുടെ മാർഗ്ഗം തേടാം...

സ്വഭാവത്തിൽ തന്നെ മലങ്കരസഭ എക്യുമെനിസത്തിന്റെ സഭയാണ്. അത് പുനരൈക്യ സഭയാണ്. തിരുവല്ലയിലെ മിണ്ടാമഠത്തിലെ സിസ്റ്റേഴ്സിന്റെ പ്രാർത്ഥന, അഷ്ടദിന പ്രാർത്ഥനപോലയുള്ള പ്രാർത്ഥനാ സംരംഭങ്ങൾ കൊണ്ട് പുനരൈക്യ പ്രസ്ഥാനത്തിന് ഉണ്ടായ അഭിവൃദ്ധി വലുതായിരുന്നു. ചർച്ചകൾക്കും മറ്റ് ഐക്യപ്രവർത്തനങ്ങൾക്കും ഉള്ള പ്രാധാന്യം തള്ളിക്കളയാതെ സഭകളുടെ സമാധാനത്തിനും ഐക്യത്തിനും വേണ്ടിയുള്ള ശക്തമായ ഒരു പ്രാർത്ഥനാ തപസ്യ നമുക്ക് പുനരാരംഭിക്കാം. മലങ്കര കത്തോലിക്കാ സഭയിൽ ഇപ്പോൾ ശക്തമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സുവിശേഷസംഘം അതിന് ദൈവം ഒരുക്കിയ വേദിയാണ്. എന്തുചെയ്യാം? എങ്ങനെ ചെയ്യാം? എന്നതിന് ഏതാനും നിദ്ദേശങ്ങൾ വയ്ക്കുന്നു.

ആരാധനയ്ക്കായി ഒന്നു ചേരുന്ന വിശ്വാസി സമൂഹത്തിന്റെ നിലവിളി നിന്റെ വിശ്വാസ സഭയ്ക്ക് സമാധാനം നൽകണമെ എന്നാണ് വിശുദ്ധകുർബാനയിൽ നാം ചൊല്ലുന്നത് (മാർ ഈവാനിയോസ് അനാഫറാ, സമാധാന പ്രാർത്ഥന). യഥാർത്ഥ ആരാധനയുടെ ചുറ്റുവട്ടം, സ്നേഹവും, ശാന്തിയും സമാധാനവും ഐക്യവുമാണ് (വി. കുർബാനയിലെ പ്രുമിയോൻ, സെദറാകൾ 2, 3 20).

### വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും ചെയ്യാവുന്ന പ്രാർത്ഥന / തപസ്യകൾ

| | | |
|---|---|---|
| 1. ഉപവാസം | - | വെള്ളിയാഴ്ച, ഏതെങ്കിലും ദിവസം |
| 2. പ്രാർത്ഥന | - | വ്യക്തികൾ, ഗ്രൂപ്പിൽ |
| 3. വേദപുസ്തക വായന / ധ്യാനം | - | എല്ലാദിവസവും, വ്യക്തിപരവും / ഗ്രൂപ്പിൽ |
| 4. ജപമാല | - | ആഴ്ചയിൽ ഒരിക്കൽ - വ്യക്തികൾ, ഗ്രൂപ്പിൽ |
| 5. സ്ലീബാപ്പാത | - | വ്യക്തികൾ, വീട്ടിലോ, പ്രാർത്ഥനാ സ്ഥലത്തോ ഗ്രൂപ്പിൽ ഒരു കുരിശു പ്രതിഷ്ഠിച്ച് അതിനെ കേന്ദ്രീകരിച്ച് 14 സ്ഥലവും നടത്താം |
| 6. ചെയ്യാവുന്ന മറ്റ് കാര്യങ്ങൾ | | |

### തപസ്യക്ക് ഒരു കാര്യക്രമം

| | | |
|---|---|---|
| 1. ബൈബിൾ വായന, ക്ലാസ്സ് | - | അതാതുമാസത്തെ സഭൈക്യത്തോട് ബന്ധപ്പെട്ട ബൈബിൾ ഭാഗവും വിചിന്തനത്തിനുള്ള പ്രധാന പോയിന്റ്സും net/ website/ facebook - ൽ ഉണ്ടാകും. |
| 2. മൗനപ്രാർത്ഥന | - | 5 മിനിട്ട് |
| 3. An Ecumenical Event | - | Introduced in the net / website / facebook. |
| 4. Prayer for a Particular Church | - | Orthodox, Jacobite, Marthoma, C.S.I., Syro Malankara, Syro - Malabar, Latin Church in India, Universal Church. |



# ഫ്രാൻസിസ് മാർപാപ്പ സംസാരിക്കുന്നു

1. **കുടുംബങ്ങളോട് പാപ്പ പറയുന്നു:-** നിശ്ചയമായും മൂന്നു പ്രയോഗങ്ങൾ നിങ്ങളുടെ കുടുംബജീവിതത്തിൽ സമാധാനത്തിൽ ജീവിക്കുന്നതിനുള്ള വഴി തുറക്കും. ഞാൻ ഇങ്ങനെ ചെയ്യട്ടെ? നിങ്ങൾക്കു നന്ദി, എന്നോട് ക്ഷമിക്കുക.

2. **വിവാഹജീവിതത്തെപ്പറ്റി സംസാരിച്ച വേളയിൽ പാപ്പ ഓർമിപ്പിച്ചു:-** "തുല്യ ജോലിക്ക് തുല്യ വേതനത്തിനുള്ള അവകാശത്തെ നാം ശക്തമായി പിൻതുണയ്ക്കണം. സ്ത്രീകൾ പുരുഷൻമാരേക്കാൾ കുറച്ചേ സമ്പാദിക്കാവൂ എന്ന് നാം വെറുതെ എന്തിന് ശഠിക്കണം?

3. **പാപ്പ ജീവന്റെ വിലയെപ്പറ്റി സംസാരിച്ചപ്പോൾ പറയുന്നു:-** "ഓരോ തവണയും യേശു നമ്മെ സമീപിക്കുമ്പോൾ പിതാവിൽ നിന്ന് നാം കേൾക്കുന്നത് ഇതാണ്: കുഞ്ഞേ, നീ എന്റെ മകനാണ്, നീ എന്റെ മകളാണ് നീ സൗഖ്യം പ്രാപിച്ചിരിക്കുന്നു. ഞാൻ എല്ലാവരോടും ക്ഷമിക്കുന്നു. എല്ലാവരേയും എല്ലാറ്റിനേയും ഞാൻ സൗഖ്യമാക്കുന്നു".

4. **52-ാം ലോക പ്രാർത്ഥനാ ദിനത്തിൽ പാപ്പ പറഞ്ഞു:-** "നമ്മുടെ ജീവിതത്തിലേക്ക് സ്വതന്ത്ര്യം കൊണ്ടു വരുന്ന സന്ദേശമാണ് സുവിശേഷം, അത് ജീവിതത്തെ രൂപാന്തരപ്പെടുത്തുകയും ഏറ്റവും മനോഹരമാക്കുകയും ചെയ്യുന്നു".

5. **പാപ്പ വൈദികരോടും സന്യസ്തരോടും സംസാരിക്കുന്നു:-** "എന്റെ ജീവിതത്തിലെ ആനന്ദം പൂർണമാണ്. നന്നായി തെരഞ്ഞെടുത്തതിന്റെ ആനന്ദമാണത്. കർത്താവ് വിശ്വസ്തനാണെന്ന് ഓരോ ദിവസവും കാണുന്നതിന്റെ ആനന്ദമാണത്. കർത്താവ് എന്നും എല്ലാവരോടും വിശ്വസ്തനാണെന്ന് കാണുന്നതാണ് ആനന്ദം. കർത്താവിനോട് ഞാൻ വിശ്വസ്തനല്ലാതിരിക്കുമ്പോൾ ഞാൻ കുമ്പസാരം എന്ന കൂദാശയെ സമീപിക്കുന്നു. ആനന്ദമില്ലാത്തപ്പോൾ എന്തോപന്തികേടുണ്ട്. ആനന്ദം കൂടാതെ നിങ്ങൾ കർത്താവിനെയോ സുവിശേഷത്തെയോ ആകർഷിക്കുന്നില്ല".

6. **കാരുണ്യത്തിന്റെ വിശുദ്ധവർഷം പ്രഖ്യാപിച്ചുകൊണ്ട് പാപ്പ പറഞ്ഞു:-** "ദൈവം എല്ലാവരോടും ക്ഷമിക്കുന്നു. ദൈവം എല്ലായ്പ്പോഴും ക്ഷമിക്കുന്നു. ക്ഷമയാചിക്കുന്നതിൽ നമുക്ക് ഒരിക്കലും മടുപ്പ് തോന്നാതിരിക്കട്ടെ".

7. **പാപ്പ കുട്ടികളെക്കുറിച്ച് പറയുന്നു:-** "കുട്ടികൾ മനുഷ്യകുലത്തിനും സഭയ്ക്കും നിധിയാണ്, കുട്ടികൾ ഇല്ലാത്ത സമൂഹം ദുഃഖം നിറഞ്ഞതും ജരാനര ബാധിച്ചതുമാണ്".

8. **പാപ്പ വൃദ്ധരായ മാതാപിതാക്കളെപ്പറ്റി പറയുന്നു:-** "വയോധികരെ ആദരിക്കാത്ത സമൂഹത്തിൽ യുവജനങ്ങളുടെ ഭാവിയും അവതാളത്തിലാകും".

9. **പാപ്പ യുവജനങ്ങളോട് സംസാരിക്കുന്നു:-** "നമ്മുടെ ജീവിതത്തിൽ നമുക്ക് ഉണ്ടായിരിക്കേണ്ട ഏറ്റവും വലിയ നന്മ ദൈവവുമായുള്ള നമ്മുടെ ബന്ധമാണ്".

10. **പാപ്പ പ്രാർത്ഥനയെപ്പറ്റി പറയുന്നു:-** "സ്നേഹിതനോട് സംസാരിക്കുന്നതുപോലെ നിങ്ങൾക്ക് യേശുവിനോട്, പിതാവിനോട്, പരിശുദ്ധാത്മാവിനോട് സംസാരിക്കാൻ കഴിയും. കേവലം ഒരു സ്നേഹിതനായല്ല, നിങ്ങളുടെ ഏറ്റവും വലിയ, ഏറ്റവും വിശ്വസ്തനായ സ്നേഹിതനായി സംസാരിക്കാൻ കഴിയും".

തയ്യാറാക്കിയത് :
**ഡോ. ജോജു ജോൺ**
രൂപതാതല സുവിശേഷസംഘാംഗം,
തിരുവനന്തപുരം മേജർ അതിരൂപത



www.malankaralibrary.com





സുവിശേഷസംഘ സംഗമവേദിയിൽ സുവിശേഷസംഘാംഗങ്ങൾ ബസേലിയോസ് ക്ലീമിസ് ബാവാ തിരുമേനിയോടും മെത്രാന്മാരോടുമൊപ്പം



# സുവിശേഷസംഘ സംഗമം

## കാതോലിക്കേറ്റ് സെന്റർ (2016 ജനുവരി 29,30)

**സി. ഫ്രാൻസീന ഡി.എം**
സെക്രട്ടറി, സുവിശേഷസംഘം

മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷ സംഘത്തിൽ എല്ലാ രൂപതകളിൽ നിന്നും കൈവയ്പ് സ്വീകരിച്ച അംഗങ്ങളുടെ ഒരു സംഗമം 2016, ജാനുവരി 29, 30 തീയതികളിൽ, പട്ടം, കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടന്നു. 178 പേർ ഇതിൽ പങ്കെടുത്തു. 29ാം തീയതി വെള്ളിയാഴ്ച രാവിലെ 9 മണിക്ക് കബർ ചാപ്പലിൽവച്ചു അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനിയുടെയും, അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനിയുടെയും നേതൃത്വത്തിൽ നടന്ന പ്രാർത്ഥനയോടെ സംഗമത്തിന് തുടക്കം കുറിച്ചു.

മോറോൻ മോർ ബസേലിയോസ് കർദിനാൾ ക്ലിമീസ് കാതോലിക്കാ ബാവാ തിരുമേനി അനുഗ്രഹപ്രഭാഷണം നടത്തി. മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക്, ഇൻഡ്യ മുഴുവൻ സുവിശേഷം പ്രഘോഷിക്കുവാൻ അനുവാദം ലഭിച്ചത് വന്ദ്യപിതാവ് സന്തോഷത്തോടെ അനുസ്മരിച്ചു. സഭ സുവിശേഷത്തോട് ഹൃദയം ചേർത്തുവച്ചപ്പോൾ സുവിശേഷ പ്രഘോഷണ വേദി വിശാലമായി. വ്യക്തികളും കുടുംബങ്ങളും വചനവായന, യാമപ്രാർത്ഥന, നോമ്പാചരണം, കൂദാശാസ്വീകരണം, സുവിശേഷാത്മക ജീവിതസാക്ഷ്യം ഇവയിൽ പ്രത്യേകം ശ്രദ്ധിക്കുന്ന ഒരു ആത്മീയ അന്തരീക്ഷം നമ്മുടെ സഭയിൽ സംജാതമായി. മാർ ഈവാനിയോസ് തിരുമേനിയിലൂടെ സ്വർഗ്ഗം ആഗ്രഹിച്ച കാര്യങ്ങൾ ഇന്ന് സുവിഷേഷസംഘത്തിലുടെ നിറവേറിക്കൊണ്ടിരിക്കുന്നു. ധാരാളം തീഷ്ണമതികളായ അൽമായ പ്രേഷിതർ സുവിശേഷസംഘം വഴി രൂപപ്പെട്ടു വരുന്നു എന്നതും വന്ദ്യപിതാവ് സന്തോഷത്തോടെ എടുത്തു പറഞ്ഞു.

അഭിവന്ദ്യരായ എബ്രഹാം മാർ ജൂലിയോസ് മെത്രാപ്പോലീത്താ, സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ എന്നിവർ 29, 30 തീയതികളിൽ യഥാക്രമം വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി. അഭിവന്ദ്യരായ ജേക്കബ് മാർ ബർണബാസ് മെത്രാപ്പോലീത്തായും അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്തായും സമ്മേളനത്തിൽ ആദ്യവസാനം പങ്കെടുക്കുകയും സുവിശേഷ സംഘാംഗങ്ങളുടെ കടമകളെപ്പറ്റിയും ജീവിതസാക്ഷ്യത്തിന്റെ ആവശ്യകതയെക്കുറിച്ചും വിശദീകരിച്ച് ഉൽബോധിപ്പിക്കുകയും ചെയ്തു.

ബഹു. ആന്റണി കാക്കനാട്ടച്ചൻ, സുവിശേഷസംഘം ലക്ഷ്യംവയ്ക്കുന്ന വിശുദ്ധജീവിതത്തെക്കുറിച്ചും, ബഹു. ദാനിയേൽ പൂവണ്ണത്തിലച്ചൻ സുവിശേഷപ്രഘോഷണത്തിന്റെ ആവശ്യകത, വെല്ലുവിളികൾ അതിനെ അതിജീവിക്കേണ്ടവിധം എന്നിവയെക്കറിച്ചും ക്ലാസുകൾ എടുത്ത് സംഘാംഗങ്ങളെ കൂടുതൽ പ്രബുദ്ധരാക്കി.

എട്ട് ഗ്രൂപ്പുകളിലായി ചർച്ചകൾ നടന്നു. സുവിശേഷസംഘത്തിന്റെ ആദ്ധ്യാത്മികത, ശുശ്രൂഷകൾ ഇവ വിലയിരുത്തി ഇവയുടെ നന്മകളും ശ്രദ്ധിക്കേണ്ട മേഖലകളും കണ്ടെത്തി. കൂടാതെ സുവിശേഷസംഘത്തിന്റെ വിവിധ ശുശ്രൂഷാ മേഖലകളായ ഭവനസന്ദർശനം, കാമ്പസ് മിനിസ്ട്രി, ഹോസ്പിറ്റൽ മിനിസ്ട്രി, മിഷൻപ്രവർത്തനം, സുവിശേഷ പ്രഘോഷണം, പുനരൈക്യവും എക്യുമിനിസവും, മദ്ധ്യസ്ഥപ്രാർത്ഥന, യുവജനങ്ങളും കുട്ടികളും എന്നിവയെപ്പറ്റി ഓരോ ഗ്രൂപ്പിലും ചർച്ച നടത്തുകയും നിർദ്ദേശങ്ങൾ രൂപപ്പെടുത്തി റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. കൂടാതെ കത്തീഡ്രൽ പള്ളിയിൽ വച്ച് നടന്ന ആരാധന, വി. കുമ്പസാരം ഇവ സംഗമത്തിന് കൂടുതൽ ആത്മീയ ശക്തി പകർന്നു.

ഇൻഡ്യയിലെ നമ്മുടെ എല്ലാ രൂപതകളിൽ നിന്നും, സുവിശേഷം ജീവിക്കുവാനും സുവിശേഷശുശ്രൂഷ ചെയ്യുവാനും, പ്രതിജ്ഞ ചെയ്ത്, കൈവയ്പ് വഴി നിയോഗം സ്വീകരിച്ച സുവിശേഷസംഘാംഗങ്ങളുടെ, സഭയുടെ ആസ്ഥാന കേന്ദ്രമായ കാതോലിക്കേറ്റ് സെന്ററിലെ ഈ കൂടിവരവ്, സംഘാംഗങ്ങളിലും സുവിശേഷസംഘ ശുശ്രൂഷയിലും വലിയ ചലനം സൃഷ്ടിച്ചു. വിവിധസ്ഥലങ്ങളിൽ നിന്നുള്ളവർ ഒന്നിച്ചുള്ള താമസം, പങ്കുവയ്ക്കൽ, വന്ദ്യപിതാക്കന്മാരുടെ സാന്നിദ്ധ്യം, പ്രബോധനങ്ങൾ, പ്രോൽസാഹനങ്ങൾ, പ്രാർത്ഥനകൾ എല്ലാം സംഘാംഗങ്ങൾക്ക് കൂടുതൽ ഉണർവ്വ് നൽകി. സുവിശേഷസംഘത്തിൽ അംഗമായിരിക്കുന്നതിന്റെ നന്മ തിരിച്ചറിയുന്നതിനും, സഭയുടെ ആസ്ഥാന കേന്ദ്രവുമായി ബന്ധപ്പെടുന്നതിനും, സഭയുടെ ഐക്യം ശക്തിപ്പെടുന്നതിനും, ദൈവദാസൻ മാർ ഇവാനിയോസ് തിരുമേനിയുടെ വിശുദ്ധിയും മാദ്ധ്യസ്ഥവും കൂടുതൽ അനുഭവിച്ചറിയുന്നതിനും ഈ കൂടിവരവിലൂടെ സാധിച്ചു എന്ന് സംഘാംഗങ്ങൾ സാക്ഷ്യപ്പെടുത്തി. പരമ കാരുണികനായ ദൈവത്തിന്റെ സ്നേഹത്തിനും പരിപാലനയ്ക്കും നന്ദി അർപ്പിക്കുന്നു.



മലങ്കരസുറിയാനി കത്തോലിക്കാ സഭയിലെ കൈവയ്പ് ലഭിച്ച സുവിശേഷ സംഘാംഗങ്ങൾ സുവിശേഷസംഘ സംഗമത്തിന് പട്ടത്ത് കാതോലിക്കേറ്റിൽ ഒന്നിച്ചുകൂടിയപ്പോൾ

Printed and Published by Fr. Antony Kakkanatt, for the Syro Malankara Catholic Suvisesha Sangam, Catholicate Centre, Pattom, Trivandrum - 4. For Private Circulation only
For Contact Ph : 9447562877 Email : mcsuviseshasangam@gmail.com. Printed at St. Joseph's Press, Trivandrum-14